www.malankaralibrary.com

# കാരുണികൻ

സമഗ്രദൈവശാസ്ത്ര മാസിക

₹ 25
www.karunikan.com

Vol. 19 | No. 11
NOVEMBER 2022




## മരണം
### വരും ഒരു നാൾ

www.malankaralibrary.com



www.malankaralibrary.com

എഡിറ്റോറിയൽ

# മരണമെന്ന പിടികിട്ടാ പ്രതി

കുറച്ചുവർഷങ്ങൾക്കുമുമ്പാണ്. ശക്തമായ മഞ്ഞുവീഴ്ചയുള്ള യൂറോപ്യൻ രാജ്യത്തെ ഒരു ഡിസംബർ രാത്രി. മാസംതോറുമുള്ള വൈദികകൂട്ടായ്മയ്ക്കുശേഷമുള്ള മടക്കമാണ്. കാറിൽ പതിവുപോലെ യാത്രക്ക് കൂട്ടായി പാട്ടുമുണ്ട്. എക്സ്പ്രസ് ഹൈവേ കഴിഞ്ഞ് സാധാരണ റോഡിലേക്കിറങ്ങിയിനിയും പത്തമ്പത് കിലോമീറ്ററുകൾ പിന്നിടാനുണ്ട്. മഞ്ഞ് പെയ്തുകൊണ്ടിരിക്കുന്നതിനാൽ റോഡ് അത്ര വ്യക്തമല്ല.

അതുകൊണ്ട് വേഗത വളരെ കുറച്ച് മുമ്പോട്ടുപോകവെ നീളം കൂടുതലുള്ള ഒന്നു രണ്ടുലോറികൾ മുമ്പിൽ കണ്ടു. അവയെ കടന്നുപോകാൻ ആഗ്രഹമുണ്ടെങ്കിലും അനുകൂലമായ അവസരം കാത്ത് പിന്നാലെതന്നെ തുടരുകയാണ്. ഉടനെയെങ്ങും അത് സാധ്യമല്ലാത്തതിനാലാവാം പതിയെ പതിയെ ഓവർടേക്കു ചെയ്യണമെന്ന ആഗ്രഹംപോലും നഷ്ടമായി. അങ്ങനെ ഏതോ ഒരു നിമിഷം കണ്ണുകളും അവയുടെ ധർമ്മം മറന്നു. ആരോ തോളിൽ തട്ടിവിളിച്ചതുപോലെ പെട്ടെന്നൊരോർമയിലേക്ക് തിരിച്ചെത്തുമ്പോൾ വാഹനം എതിർവശത്തേക്ക് നീങ്ങിക്കൊണ്ടിരിക്കുകയാണ്. പാട്ടുപെട്ടിയിൽ നിന്നും ഇങ്ങനെയൊരു ഗാനം അപ്പോൾ കേൾക്കുന്നുണ്ടായിരുന്നു: "ഒരു നിമിഷം കൂടിയെ എന്നായുസ്സുള്ളുവെങ്കിൽ ആ നിമിഷംപോലും നിൻ സ്തുതി പാടും." ഒരുനിമിഷത്തെ അറിയാതുള്ള കണ്ണടവിന്റെ തുടർച്ചയായി ഒരു നീണ്ട ഉറക്കത്തിലേക്കുപോലും വീണുപോകാവുന്ന ജീവിതത്തിൽ കാവൽദൂതന്റേതുപോലൊരു സ്വരമറിഞ്ഞ ഈ നിമിഷങ്ങളെക്കുറിച്ചു എന്നെ ഓർമിപ്പിച്ചത് ഈയിടെ ഞാനുമായി സംസാരിച്ച എന്റെ ഒരു ബന്ധുവിന്റെ ഉയിർപ്പനുഭവങ്ങളാണ്.

മൂന്നു തവണയാണ് അദ്ദേഹത്തെ മരണം തട്ടിയെടുക്കാൻ ശ്രമിച്ചത്. കൊച്ചുകുട്ടിയായിരുന്നപ്പോൾ തുലാമഴയുടെ വെള്ളപ്പാച്ചിലിൽ പെട്ട് തോട്ടിലെ കലുങ്കിനടിയിൽ മരണം വിഴുങ്ങിയപോലെ കഴിഞ്ഞ നേരം, ഇടിമിന്നലേറ്റ് കഴുത്തിൽ കിടന്ന മാല പോലും ഉരുകിയപ്പോഴും ജീവൻ തിരിച്ചു കിട്ടിയ സമയം, നോർത്തിന്ത്യൻ യാത്രക്കിടയിലെ ഒരു വാഹനാപകടത്തിൽ കൂടെയുള്ളവരെല്ലാം മരിച്ചപ്പോൾ ഔദാര്യമെന്നപോലെ മാത്രം ജീവൻ തിരിച്ചു കിട്ടിയ സന്ദർഭം. കേട്ടപ്പോൾ ഒരു സിനിമയിലെന്ന പോലെയാണ് ദൃശ്യങ്ങൾ മനസ്സിനെ പിടിച്ചുലച്ചത്. ഇങ്ങനെ മരണത്തിൽ നിന്ന് താത്കാലികമായി ഒഴിവു ലഭിക്കുന്ന അനുഭവം നമ്മളിൽ ചിലർക്കൊക്കെയുണ്ടാകാമെങ്കിലും പത്ര, വാർത്താ മാധ്യമങ്ങൾ തുറന്നാൽ അകാലത്തിൽ മരിക്കാൻവേണ്ടി മാത്രം ജനിച്ചുവീഴുന്നവരാണ് ഇന്നത്തെ മനുഷ്യരെന്നു തോന്നിപ്പോകും!

അപകടം, രോഗം, ആത്മഹത്യാചിന്ത, കൊലപാതകം... തുടങ്ങി ഏതൊക്കെ രൂപത്തിലാണ് ഒരു മനുഷ്യന്റെ ജീവൻ തട്ടിയെടുക്കാൻ മരണം പതുങ്ങിയിരിക്കുന്നത്. ഇവയിൽ നിന്നെല്ലാം കുതറി മാറി ജീവിക്കാൻവേണ്ടി എത്ര നെട്ടോട്ടമോടിയാലും ഒരിക്കൽ എല്ലാവരും അവന്റെ പിടിയിലെത്തും.

www.malankaralibrary.com

പ്രായമെന്ന പരിധിക്കപ്പുറം പാവപ്പെട്ടവനെ പ്രമാണിയോ ആകട്ടെ ഒരുവനോടും അവിടെ ഔദാര്യമില്ല. ആയുസ്സെത്തിയാൽ മരണം ഉറപ്പ്. അത് ജനിച്ചുവീഴുന്ന വർക്കെല്ലാമുള്ള തുല്യ അവകാശമാണ്.

മരണത്തിന്റെ വക്കിൽനിന്ന് രക്ഷപെട്ടുവന്നവരോ മറ്റുള്ളവരുടെ മരണത്തിനു സാക്ഷികളായവരോ പ്രിയപ്പെട്ടവർ ആരെങ്കിലുമൊക്കെ മരിച്ചുപോയവരോ ആണ് നമ്മൾ. മരണം കള്ളനെപ്പോലെ എപ്പോൾ വേണമെങ്കിലുമെത്തിയേക്കാമെന്നറിവുണ്ടായിട്ടും മരണം ഉണ്ടെന്നോർത്ത് ജ്ഞാനികളായി ജീവിക്കുന്നവരെത്രയുണ്ട്? ജ്ഞാനിയാകേണ്ടതിന് ആയുസ്സിന്റെ ദിനങ്ങൾ എണ്ണാൻ പഠിപ്പിക്കണമേ എന്ന് പ്രാർഥിക്കുന്ന (സങ്കീ 90:12) സങ്കീർത്തക വചനം ശ്രദ്ധിക്കേണ്ടതാണ്. ഒന്നും ഇവിടേക്കു കൊണ്ടുവന്നിട്ടില്ലെന്നും ഒന്നും ഇവിടെനിന്ന് കൊണ്ടുപോകാനുമാവില്ലെന്നുമുള്ള സത്യം മനുഷ്യനുള്ള കാലംമുതൽ സന്ദേശമായ് കൈമാറിപ്പോന്നിട്ടുണ്ടാവണം! എത്രയെത്ര കവിതകളും കലാരൂപങ്ങളും ആ സത്യത്തെ ഓർമപ്പെടുത്താൻ പിറന്നിട്ടുണ്ടാവണം! എങ്കിലും മനുഷ്യരിലേറെപ്പേരും അത് മറന്നുപോകുന്നു.

'മരണം ഒരു നാൾ വരും' എന്ന സത്യം ഓർമിപ്പിക്കുകയാണ് കാരുണികൻ ഈ ലക്കത്തിന്റെ ലക്ഷ്യം.

ജാതി-മത-ഭാഷാ-ലിംഗ-രാജ്യ ഭേദമെന്യേ എല്ലാവരും മരണത്തെ അഭിമുഖീകരിക്കേണ്ടവരായതിനാൽ മരണത്തെപ്പറ്റിയുള്ള വ്യത്യസ്ത കാഴ്ചപ്പാടുകളവതരിപ്പിക്കാനാണ് പ്രധാനമായും ഇവിടെ ശ്രമിച്ചിരിക്കുന്നത്. വിവിധ മതങ്ങളിലെ, വിവിധ ഭൂഖണ്ഡങ്ങളിലെ, ബൈബിൾ പഴയ-പുതിയ നിയമങ്ങളിലെയൊക്കെ മരണത്തെക്കുറിച്ചുള്ള കാഴ്ചപ്പാടുകൾ ലളിതമായ് പ്രതിപാദിക്കപ്പെടുകയാണ് ഇവിടെ. കത്തോലിക്കാ സഭയിലെ മരണാനന്തര കർമങ്ങളുടെ അടിസ്ഥാനവും പ്രസക്തിയും പരിശോധിക്കപ്പെടുന്നതോടൊപ്പം മരണാനന്തര കർമങ്ങളുടെ നിർവഹണത്തിൽ വന്ന കാലാനുസൃതമായ ബാഹ്യവ്യതിയാനങ്ങളെ ചില അനുഭവങ്ങളുടെ വെളിച്ചത്തിൽ വിമർശന ബുദ്ധ്യാ നിരീക്ഷിക്കുന്നുമുണ്ട് ഈ ലക്കം. മരിച്ചവർക്ക് ഒന്നും ചെയ്യാനാവാത്തതിനാൽ മരിക്കുന്നതിനുമുമ്പേ നാം ചെയ്യേണ്ടതായ ചില ഭൗതിക കാര്യങ്ങളെക്കുറിച്ചും ഓർമപ്പെടുത്തുന്നുണ്ട് ഒരു ലേഖനം .

"ഓരോ മൃതസംസ്കാരത്തിനുശേഷവും ഞാൻ കൂടുതൽ ജാഗ്രതയുള്ളവനായി ജീവിക്കാൻ ശ്രമിക്കുന്നു.'' എന്ന് യൊവാക്കിം (ബ്ലാക്കി) ഫുക്സ് ബേർഗർ എന്ന ജർമൻ നടൻ(1927-2014 ) ഒരിക്കൽ ഒരു ടോക്ഷോയിൽ പറഞ്ഞതുപോലെ ഓരോ മൃതസംസ്കാരത്തിനു ശേഷവും മാനസികമായും ആത്മീയമായും കൂടുതൽ തയ്യാറെടുപ്പുള്ളവരായിരിക്കാം നമുക്ക്. മനസ്സ് തയ്യാറായുള്ളവർക്ക് ശരീരം എപ്പോൾ വേണമെങ്കിലും അതിന് വിട്ടുകൊടുക്കാനും മടിയുണ്ടാവില്ല.

**മിഖാസ് കൂട്ടുങ്കൽ**
ചീഫ് എഡിറ്റർ
www.michaskoottumkal.in

പുസ്തകം 19 ലക്കം 11
2022 നവംബർ



മരണം:
അത് ഒരുനാൾ വരും;
ജീവിച്ചിരിക്കുന്ന നമ്മളെ
കൂട്ടിക്കൊണ്ടുപോകാൻ!
ആർക്കും അതിൽ സംശയമില്ല.
ഒരിക്കൽ നാം അഭിമുഖീകരി
ക്കേണ്ടിയിരിക്കുന്ന ഈ തീർച്ച
യെക്കുറിച്ചാണ് കാരുണികന്റെ
നവംബർ ലക്കം.

രക്ഷാധികാരി
ഡോ. ജോസഫ് കൈപ്പയിൽ MCBS
പ്രൊവിൻഷ്യൽ സുപ്പിരീയർ
എം.സി.ബി.എസ്. പരംപ്രസാദ് പ്രവിശ്യ

സഹരക്ഷാധികാരി
ഫാ. ആന്റോ പുതുവ MCBS

പത്രാധിപർ
ഫാ. മിഖാസ് കൂട്ടുങ്കൽ MCBS

എക്സിക്യൂട്ടീവ് എഡിറ്റർ
ജോസ് ക്ലെമന്റ്

പത്രാധിപസമിതി
ഡോ. സ്റ്റാൻലി മാതിരപ്പിള്ളി
ഡോ. മാത്യു ഇല്ലത്തുപറമ്പിൽ
ഡോ. ജി. അയ്യനേത്ത്
ഡോ. മേരി മെറ്റിൽഡ
ഡോ. മാത്യു ഓലിക്കൽ
ഡോ. കുര്യാസ് കുമ്പളക്കുഴി
ഡോ. ഗാസ്പർ സന്ന്യാസി

ഫിനാൻസ് മാനേജർ
ഫാ. ജോൺ പോൾ
തെക്കുംചേരിക്കുന്നേൽ MCBS

ഓർഗനൈസിംഗ് അസിസ്റ്റൻസ്
ഫാ. ജോജോ കന്നപ്പിള്ളി MCBS

അക്ഷരവിന്യാസം
നിഷ ബിനു

കവർ & രൂപകല്പന
അബ്ദു നെല്ലിമറ്റത്തിൽ

വിലാസം:
എഡിറ്റർ, കാരുണികൻ
പെരുമാനൂർ പി. ഒ.,
എറണാകുളം – 682 015
ഫോൺ : 0484 – 2663933, 2664733,
9995802006
e-mail : magazinekarunikan@gmail.com
website: www.karunikan.com

ഒരു എം.സി.ബി.എസ്.
പരംപ്രസാദ് പ്രസിദ്ധീകരണം

www.malankaralibrary.com

# ഉള്ളടക്കം



## കവർസ്റ്റോറി

07 മരണം: പഴയനിയമ കാഴ്ചപ്പാടുകൾ
10 മരണം: യേശുവിന്റെ കാലത്തും യേശുവിന്റെ വീക്ഷണത്തിലും
16 മൃതസംസ്കാരശുശ്രൂഷയും പരേതർക്കായുള്ള പ്രാർഥനയും
20 മാറ്റമില്ലാത്ത മരണവും മാറിക്കൊണ്ടിരിക്കുന്ന ചടങ്ങുകളും
26 മരണാനന്തര കർമങ്ങൾ – വിവിധ മതകാഴ്ചപ്പാടുകൾ
29 മൃതസംസ്കാരം – വിവിധ ഭൂഖണ്ഡങ്ങളിൽ
38 കാലശേഷമുള്ള തർക്കങ്ങൾ ജീവിച്ചിരിക്കുമ്പോൾ തന്നെ തീർക്കാനാകുമോ?

## സാമൂഹികം



43 സ്വപ്നങ്ങളിൽ തങ്ങിയ യാഥാർഥ്യം
46 കടലിന്റെ കത്ത്
48 19 (1) (a)

03 എഡിറ്റോറിയൽ
40 ചരിത്രവും ചരിത്രപഠനങ്ങളും – IV

www.malankaralibrary.com





# മരണം:
## വരും ഒരു നാൾ

- മരണം: പഴയനിയമ കാഴ്ചപ്പാടുകൾ
  – റവ. ഡോ. ജോഷി മയ്യാറ്റിൽ
- മരണം: യേശുവിന്റെ കാലത്തും യേശുവിന്റെ വീക്ഷണത്തിലും
  – റവ. ഡോ. സ്റ്റാൻലി മാതിരപ്പിള്ളി
- മൃതസംസ്കാരശുശ്രൂഷയും പരേതർക്കായുള്ള പ്രാർഥനയും
  – റവ. ഡോ. സെബാസ്ററ്യൻ ചാലയ്ക്കൽ
- മാറ്റമില്ലാത്ത മരണവും മാറിക്കൊണ്ടിരിക്കുന്ന ചടങ്ങുകളും
  – വിനായക് നിർമൽ
- മരണാനന്തര കർമങ്ങൾ – വിവിധ മതകാഴ്ചപ്പാടുകൾ
  – റവ. ഡോ. സ്കറിയ കുന്നേൽ
- മൃതസംസ്കാരം – വിവിധ ഭൂഖണ്ഡങ്ങളിൽ
  – ഫാ. ഷാജു മഠത്തിൽച്ചിറ
  – ഫാ. റോണി കളപ്പുരയ്ക്കൽ
  – ഫാ. ജോജി നെടുംതകിടി
  – ഫാ. മാത്യു വള്ളോപ്പള്ളിൽ
  – അമാൻഡ ഡെക്കർ
  – ഫാ. ജോസഫ് പൊട്ടംപ്ലാക്കൽ
  – ഫാ. ജെറി വള്ളോംകുന്നേൽ
- കാലശേഷമുള്ള തർക്കങ്ങൾ ജീവിച്ചിരിക്കുമ്പോൾ തന്നെ തീർക്കാനാകുമോ ?
  – അഡ്വ. ഷെറി. ജെ. തോമസ്

*മരണമെത്തുന്ന നേരത്തു നീയെന്റെ*
*അരികിൽ ഇത്തിരി നേരമിരിക്കണെ.*
*കനലുകൾ കോരി മരവിച്ച വിരലുകൾ*
*ഒടുവിൽ നിന്നെത്തലോടി ശമിക്കുവാൻ*
*ഒടുവിലായകത്തേക്കെടുക്കും*
*ശ്വാസകണികയിൽ*
*നിന്റെ ഗന്ധമുണ്ടാകുവാൻ **

മരണം എത്തുന്ന നേരം.
അതിനെക്കുറിച്ചാർക്കും മുന്നറിവില്ല.
ഏതു രൂപത്തിലും അത് വരാം.
രോഗമാകാം, അപകടമാകാം,
പെട്ടെന്നുള്ള മരണമാകാം,
സ്വാഭാവികമരണമാകാം.
ചിലർ മുൻപേ പോകുന്നു.
മറ്റുള്ളവർ പിൻപേ പോകുന്നു.
രണ്ടുകൂട്ടരാണ്
മരണത്തെ അഭിമുഖീകരിക്കുന്നത്.
ഒന്ന്, മരണം സംഭവിക്കുന്നവർ.
രണ്ട്, മരിക്കുന്നവരെ
പറഞ്ഞയക്കേണ്ടി വരുന്നവർ
അഥവാ മരണപ്പെട്ടവരോട്
ചേർന്നുനിന്നിരുന്നവർ.
രണ്ടു കൂട്ടർക്കും ഉപകാരപ്പെടാവുന്ന
കുറച്ചുകാര്യങ്ങൾ
ക്രിസ്തീയ കാഴ്ചപ്പാടുകളിലൂടെ
അവതരിപ്പിക്കുകയാണ് ഈ ലക്കം.
**മരണം: വരും ഒരു നാൾ**

**റഫീഖ് അഹമ്മദ്,*
*ഷഹബാസ് അമൻ, ഉണ്ണിമേനോൻ*
*ചിത്രം: സ്പിരിറ്റ്*

www.malankaralibrary.com

# മരണം: പഴയനിയമ കാഴ്ചപ്പാടുകൾ

പഴയനിയമ ജനതയുടെ മരണത്തെക്കുറിച്ചുള്ള ദർശനങ്ങളെ ക്രോഡീകരിക്കുകയാണ് ബൈബിൾ ദൈവശാസ്ത്ര പണ്ഡിതനായ ലേഖകൻ.




**റവ. ഡോ. ജോഷി മയ്യാറ്റിൽ**
*ബൈബിൾ റിവിഷൻ*
*കോർ കമ്മിറ്റിയംഗം, POC*

ഇല്ലാതാകുക എന്നർഥമുള്ള 'മൃ' എന്ന ക്രിയാധാതുവിനോട് അവസ്ഥയെ സൂചിപ്പിക്കുന്ന 'അനം' എന്ന പ്രത്യയം ചേർന്നാണ് മരണം എന്ന പദം ഉണ്ടായത്. ഇല്ലാതാകുന്ന അവസ്ഥ എന്നർഥം. പദനിഷ്പത്തി സൂചിപ്പിക്കുംപോലെ വെറും ഇല്ലായ്മയുടെ പേരാണോ മരണം? ബൈബിളിൽ മരണത്തെക്കുറിച്ച് നാനാവിധ ദർശനങ്ങളുണ്ട്. പക്ഷേ, അവയിലെല്ലാം ക്രമപ്രവൃദ്ധമായ ഒരു വളർച്ചയും ദൈവികമായ ഒരു ഏകോപനവും നമുക്കു കാണാൻ കഴിയും.

## സ്വാഭാവികം, അനിവാര്യം

തികച്ചും സ്വാഭാവികവും അനിവാര്യവുമായ ഒരു പൂർത്തീകരണപ്രക്രിയയുടെ പരിസമാപ്തിയാണു മരണം. സകലമർത്ത്യരും പോകേണ്ട വഴിയാണത് (ജോഷ്വ 23:14; 1 രാജാ 2:2) – എല്ലാ ജീവികൾക്കും വിധിച്ചിരിക്കുന്ന ഭവനത്തിലേക്കുള്ള വഴി (ജോബ് 30:23). പഴയനിയമത്തിലെ ആദ്യകാലഗ്രന്ഥങ്ങളും അവസാനകാലഗ്രന്ഥങ്ങളും മരണത്തെ ജീവിതത്തിന്റെ സ്വാഭാവിക അന്ത്യമായി കരുതുന്നു. "വിളഞ്ഞ ധാന്യക്കറ്റ യഥാകാലം മെതിക്കളത്തിൽ എത്തുന്നതുപോലെ പൂർണവാർധക്യത്തിൽ നീ ശവകുടീരത്തെ പ്രാപിക്കും" (ജോബ് 5:26) എന്ന എലിഫാസിന്റെ വാക്കുകൾ മരണത്തെ ജീവിതസാക്ഷാത്കാരമായി അവതരിപ്പിക്കുന്നു. "ദിവസങ്ങൾ പൂർത്തിയായപ്പോൾ" "സ്വന്തം ജനത്തോടു" ചേരുന്നവരെക്കുറിച്ച് അനേകം പരാമർശങ്ങൾ പഴയനിയമത്തിലുണ്ട് (ഉത്പ 15:15; 35:29; ന്യായ 8:32; 1 ദിന 23:1; 29:28; 2ദിന 24:15; ജോബ് 42:17). സന്തുഷ്ട വാർധക്യങ്ങളാണ് അവയെല്ലാം.

പക്ഷേ, ഒരു ജീവിതം അതിന്റെ പൂർണാന്ത്യത്തിലെത്തി എന്നു കരുതണമെങ്കിൽ മൂന്നു മാനദണ്ഡങ്ങൾ പൂർത്തിയാക്കേണ്ടിയിരുന്നു: (1) സങ്കീ 90:10 അനുസരിച്ച് ഒരാൾക്ക് 70 വയസ്സും ഉത്പ 6:3 അനുസരിച്ച് 120 വയസ്സും തികഞ്ഞിരിക്കണം. പ്രായം തികയാതെ മരിക്കുന്നയാളുടെ രോദനം കേൾക്കുക: "എന്റെ ജീവിതത്തിന്റെ മധ്യാഹ്നത്തിൽ ഞാൻ വേർപിരിയണം. ശേഷിച്ച ആയുസ്സ് പാതാളവാതില്ക്കൽ ചെലവഴിക്കുന്നതിനു ഞാൻ വിധിക്കപ്പെട്ടിരിക്കുന്നു" (ഏശ 38:10). (2) മരിക്കുന്നയാളുടെ നാമം നിലനിറുത്താൻ അയാൾക്ക് മക്കളുണ്ടായിരിക്കണം. അബ്സലോമിന്റെ അനപത്യദുഃഖവും തന്റെ നാമം നിലനിറുത്താനുള്ള തത്രപ്പാടും 2 സാമു 18:18ൽ നാം വായിക്കുന്നുണ്ടല്ലോ. (3) മരിച്ചയാൾ ഒരു ശവകുടീരത്തിൽ അടക്കപ്പെടണം. ജീവിക്കുന്നവരുടെ ലോകവും മരിച്ചവരുടെ ലോകവും തമ്മിൽ വ്യക്തമായ വേർതിരിവുള്ളതാണ് കാരണം. തോബിത്തിനെപ്പോലെയുള്ളവർ ഇക്കാര്യത്തിനുവേണ്ടി സ്വന്തം ജീവൻ വരെ തൃണവത്കരിച്ചല്ലോ. ഈ മാനദണ്ഡങ്ങളുടെ അഭാവം പരി



ഹരിക്കാൻ ഇസ്രായേൽസമൂഹത്തിൽ ചില നിയമസംഹിതകൾ രൂപപ്പെട്ടിരുന്നു.

## എന്താണു മരണം?

ഈ ചോദ്യത്തിന് പെട്ടെന്നു നല്കാവുന്ന ഉത്തരം ജീവചൈതന്യത്തിന്റെ ('നെഫെഷ്') തിരോധാനം എന്നാണ്. 'ജീവൻ വേർപെടുന്ന സമയത്ത്' (ഉത്പ 35:18), 'എന്റെ പ്രാണൻ വിട്ടുപോകുന്നില്ലല്ലോ' (2 സാമു 1:9), 'അവൾ അന്ത്യശ്വാസം വലിച്ചു' (ജറെ 15:9) എന്നിങ്ങനെയുള്ള പ്രയോഗങ്ങളിൽ ഈയർഥം പ്രകടമാണ്. ദൈവം മനുഷ്യനിലേക്ക് ഊതിയ ശ്വാസത്തിന്റെ ('റൂആഹ്') തിരിച്ചെടുക്കലായി അതിനെ ബൈബിൾ കരുതുന്നു (cf. സങ്കീ 104:29; ജോബ് 34:14; സഭാ 12:7). പക്ഷേ, ഒരു ബൈബിൾഭാഗവും ആത്മാവ് മരണനേരത്ത് ശരീരത്തിൽനിന്നു പിരിയുന്നു എന്നു സ്ഥാപിക്കുന്നില്ല. ആത്മാവും ശരീരവും രണ്ടായിക്കാണുന്ന ഗ്രീക്കുചിന്ത ബൈബിളിലെ മുഖ്യധാരയ്ക്കില്ല. ദൈവദാനമായ ശ്വാസം ദൈവസന്നിധിയിൽ എത്തിച്ചേരുന്നത് മരണത്തിലൂടെയാണ് (സഭാ 12:7). ശ്വാസോച്ഛ്വാസത്തിന്റെ അവസാനവും സർവചലനങ്ങളുടെയും അന്ത്യവും അപരരുമായി ബന്ധപ്പെടാനുള്ള കഴിവുകളുടെ വിരാമവുമാണ് മരണം. അതിനാൽത്തന്നെ മരണം ഒരുവനെ അശുദ്ധനും അശുദ്ധിയുടെ നിമിത്തവുമാക്കുന്നു (സംഖ്യ 9:6; 19:11–16,18;31:19). തന്മൂലം മരിച്ചവരോടുള്ള എല്ലാവിധ സംസർഗവും ബൈബിളിൽ നിരോധിക്കപ്പെട്ടിരുന്നു.

മരണത്തെ നാശകരമായ ഒരു ശക്തിയായി ബൈബിൾ അവതരിപ്പിക്കുന്നുണ്ട്. ദൈവത്തിനു വിരുദ്ധമായ ഒരു ശക്തിയായാണ് അത് ആദ്യം കരുതപ്പെട്ടിരുന്നത്. മരണക്കെണിയിൽനിന്നും മരണക്കുരുക്കിൽ നിന്നും തന്നെ രക്ഷിക്കാൻ സങ്കീർത്തകൻ കർത്താവിനോട് അഭ്യർഥിക്കുന്നത് നോക്കുക (18:5; 116:3). മൃതരുടെ രാജ്യത്തിന് സ്വന്തമായി ദൈവങ്ങൾ ഉണ്ടെന്നു കരുതിയിരുന്ന മെസപ്പൊട്ടേമിയൻ ചിന്തയുടെ ഒരു പരിഷ്കൃത രൂപമായിരിക്കാം ഇത്. ഉഗാരിറ്റിക് രേഖകളിൽ 'മോത്ത്' മരണത്തിന്റെ ദേവനാണ്. ഹീബ്രുവിൽ മരണം എന്നതിന്റെ പദം 'മാവെത്ത്' എന്നാണല്ലോ. ഒരേ മൂലരൂപംതന്നെയാണ് രണ്ടിനും. ഭാവനയെ ഉണർത്തും വിധത്തിലുള്ള മരണസംബന്ധിയായ ബൈബിളിലെ ചില പ്രതീകാത്മക പ്രയോഗങ്ങൾ (cf. ജറെ 9:21; ഹോസി 13:14) മേൽപറഞ്ഞ ദേവസങ്കല്പത്തിനും സാമാന്യ മരണസങ്കല്പത്തിനും ഇടയ്ക്കു നില്ക്കുന്നവയാണെന്നു തോന്നുന്നു.

www.malankaralibrary.com

ബൈബിളിലെ 'സംഹാരദൂതന്മാരും' (പുറ 12:23; 2 സാമു 24:16; ജോബ് 33:22) മാരക ഭീകരതകളും (സങ്കീ 91:5f) സമാനമായ പ്രതീകാത്മക പ്രയോഗങ്ങളാണ്.

## മൃതരുടെ അവസ്ഥ

ആനന്ദരഹിതമായ ഒരു നിഴലവസ്ഥയാണ് മൃതാവസ്ഥ. പാതിമയക്കത്തിന്റെ അവസ്ഥയാണത് – ലോകത്തിലെ ഏറ്റവും ദയനീയമായ ജീവിതാവസ്ഥയെക്കാളും മോശപ്പെട്ട അവസ്ഥ! മൃതരുടെ വാസസ്ഥലമാണ് ശവകുടീരം. കുടുംബശ്മശാനത്തിൽ അടക്കപ്പെടുമ്പോൾ ഒരുവൻ "പിതാക്കന്മാരോടു ചേരുന്നു" (cf. 1 രാജാ 11:43; 2:10; ഉത്പ 50:13; ജോഷ്വ 24:32). (പിന്നീട് അസ്ഥികൾ കുഴികളിലേക്കോ മറ്റോ മാറ്റുമ്പോൾ അവ മറ്റുള്ളവരുടെ അസ്ഥികളുമായി കൂടിക്കുഴയുകയും മൃതന്റെ വ്യക്തിത്വവും വ്യതിരിക്തതയും അവസാനിക്കുകയും ചെയ്യുന്നുവെന്ന് ഫൊൺ റാഡ് നിരീക്ഷിക്കുന്നുണ്ട്). ഇതിനു ബദലായി മൃതാവസ്ഥയെക്കുറിച്ചുള്ള മറ്റൊരു ചിത്രവും ബൈബിളിലുണ്ട് – 'ഷിയോൾ' എന്ന് ഹീബ്രുവിലും 'ഹാദെസ്' എന്ന് ഗ്രീക്കിലും വിളിക്കുന്ന പാതാളം. പ്രപഞ്ചത്തിന്റെ അഗാധതയിലുള്ള മൃതരുടെ ലോകമാണത് (cf. ഏശ 14:9f; എസെ 32:21 f) – മരിക്കുന്ന എല്ലാവരും എത്തിച്ചേരുന്നിടം. പഴയനിയമത്തിലെ കാവ്യഭാഗങ്ങളിലാണ് പാതാള സൂചനകൾ മുഖ്യമായും കാണുന്നത്. ദൈവസ്തുതിയില്ലാത്ത അവസ്ഥയാണ് മൃതാവസ്ഥ. "മരിച്ചവരും നിശ്ശബ്ദതയിൽ ആണ്ടുപോയവരും കർത്താവിനെ സ്തുതിക്കുന്നില്ല" (സങ്കീ 115:17; 6:5; 30:9; 88:10–12; പ്രഭാ 17:27–28). ഏശ 38:18–19-ൽ പാതാളാവസ്ഥ കുറെക്കൂടി വ്യക്തമാക്കിയിരിക്കുന്നു: "പാതാളം അങ്ങേയ്ക്കു നന്ദി പറയുകയില്ല. മരണം അങ്ങയെ സ്തുതിക്കുകയില്ല. പാതാളത്തിൽ പതിക്കുന്നവർ അങ്ങയുടെ വിശ്വസ്തതയിൽ പ്രത്യാശയർപ്പിക്കുകയില്ല. ജീവിച്ചിരിക്കുന്നവൻ – അവനാണ് അങ്ങേയ്ക്കു നന്ദിപറയുന്നത്, ഞാൻ ഇപ്പോൾ ചെയ്യുന്നതുപോലെതന്നെ." പാതാളം ദൈവത്തിന്റെ പരിഗണനയ്ക്കു കീഴിൽ ഇല്ലാത്ത ഇടമാണെന്ന പൊതുധാരണയ്ക്ക് (cf. സങ്കീ 88:5–6) രണ്ട് അപവാദങ്ങളേ പഴയനിയമത്തിലുള്ളൂ – ആമോസ് 9:2; സങ്കീ 139:8. ദൈവത്തിന്റെ ശക്തിപ്രാഭവത്തിലും സർവവ്യാപിത്വത്തിലുമുള്ള വ്യക്തിപരമായ വിശ്വാസസാക്ഷ്യങ്ങൾ എന്ന നിലയ്ക്കേ അവയെ കാണേണ്ടതുള്ളൂ എന്ന് ജി. ഫൊൺ റാഡ് വാദിക്കുമ്പോൾ, ഇ. ജെയ്ക്കബിനെപ്പോലെയുള്ളവർ മരണസംബന്ധിയായ ബൈബിൾദർശനത്തിന്റെ വളർച്ചയ്ക്ക് ഈ ടെക്സ്റ്റുകൾ മൂലകാരണങ്ങളായിത്തീർന്നെന്നു വിശ്വസിക്കുന്നു. ദൈവസാന്നിധ്യം പാതാളത്തിലുമുണ്ട് എന്ന വിശ്വാസം ശക്തിപ്രാപിച്ചതോടുകൂടി മരണത്തെക്കുറിച്ചുള്ള സങ്കല്പത്തിൽ സാരമായ വ്യത്യാസങ്ങൾ ഉണ്ടായത്രേ. ധൂളിയിൽ ഒതുങ്ങിയ ഒരു ജീവിതമായിട്ടല്ല, പ്രത്യുത ഉറക്കമായാണ് പില്ക്കാലഗ്രന്ഥങ്ങളിൽ മരണത്തെ വിശേഷിപ്പിക്കുന്നത് (ജോബ് 14:10–12; സങ്കീ 3:5; 4:8; 13:3; 90:5; ഏശ 26:19; ജറെ 51:39–57; ദാനി 12:2; യോഹ 11:11; അപ്പ 7:60; 1 തെസ 5:10).

## നിദ്രയിൽ നിന്നുണരൽ

ചില ഗ്രന്ഥകാരന്മാരെങ്കിലും മരണത്തെ നിത്യമായ നിദ്രയായി ചിത്രീകരിച്ചിട്ടുണ്ടെങ്കിലും (cf. ജറെ 51:39–57), മരണത്തിൽ നിന്നുള്ള ഉണരലായി ചിത്രീകരിക്കപ്പെടുന്ന ഉത്ഥാനവീക്ഷണമാണ് കൂടുതൽ പ്രാധാന്യം നേടി തെളിഞ്ഞു വന്നത്. "ഭൂമിയിലെ പൊടിയിൽ ഉറങ്ങുന്ന അനേകർ ഉണരും; ചിലർ നിത്യജീവനായും, ചിലർ ലജ്ജയ്ക്കും നിത്യനിന്ദ്യയ്ക്കുമായും" (ദാനി 12:2).

മരണത്തിന്റെ ശക്തിക്ഷയത്തെക്കുറിച്ചും തിരോധാനത്തെക്കുറിച്ചുമുള്ള ആശയങ്ങൾ മുന്നേറിയത് മരിച്ചവരുടെ ഉത്ഥാനം എന്ന രാജവീഥിയിലൂടെയാണ്, മരിച്ചവരുടെ അതിമാനുഷികത എന്ന ഭീകരപന്ഥാവിലൂടെയല്ല. മരിച്ചവരെ 'എലോഹീം' (ദേവൻ/ദൈവം) എന്നു വിശേഷിപ്പിക്കുന്ന രണ്ടു ബൈബിൾ ഭാഗങ്ങൾ പഴയനിയമത്തിൽ കാണുന്നുണ്ട് എന്നതും (1സാമു 28:13; ഏശ 8:19) ഇവിടെ വിസ്മരിക്കുന്നില്ല. മരിച്ചവർക്ക് ചില പ്രത്യേക കഴിവുകളും അറിവുകളും ഉണ്ടെന്ന നിഗൂഢ വിശ്വാസം യഹൂദർക്കിടയിൽ ഉണ്ടായിരുന്നെന്നതു നിഷേധിക്കാനാവില്ല. എങ്കിലും ഇത്തരം നിഗൂഢ ധാരണകൾ പഴയനിയമത്തിലെ ആദ്യകാലഗ്രന്ഥങ്ങളിൽ മാത്രമാണ് കാണപ്പെടുന്നത് (ലേവ്യ 19:31; 20:6; നിയ 18:11; 1സാമു 28:3–9).

മരണത്തിന്റെമേലുള്ള ജീവന്റെ വിജയമാണ് പഴയനിയമത്തിന്റെയും പുതിയനിയമത്തിന്റെയും മുഖ്യചിന്താധാര. "ജീവനുള്ള നായ് ചത്ത സിംഹത്തെക്കാൾ ഭേദമാണ്" എന്ന സഭാപ്രസംഗകന്റെ (9:4) പ്രസ്താവനയിൽ ഉത്ഥാനദാഹം വായിച്ചെടുക്കാനാവും എന്നു തോന്നുന്നു. ജീവൻ മരണത്തെക്കാൾ അഭികാമ്യമാണെന്ന ചിന്തയായിരിക്കണം ഉത്ഥാന ചിന്തയുടെ പ്രാഗ്‌രൂപം. ■

www.malankaralibrary.com

# മരണം: യേശുവിന്റെ കാലത്തും യേശുവിന്റെ വീക്ഷണത്തിലും

**മരണത്തെസംബന്ധിച്ച് ക്രിസ്തുവിനുണ്ടായിരുന്ന കാഴ്ചപ്പാട് എന്തായിരുന്നുവെന്നാണ് ബൈബിൾ പഠിപ്പിക്കുന്നതെന്നു യേശുവിന്റെ പ്രബോധനങ്ങൾക്കൊപ്പം യേശുവിന്റെ കാലത്തെ വിശ്വാസങ്ങൾ, ആചാരങ്ങൾ, മൃതസംസ്കാരരീതികൾ എന്നിവയും കൂടി പഴയനിയമ ഗ്രന്ഥങ്ങളുടെയും പാരമ്പര്യങ്ങളുടെയും വെളിച്ചത്തിൽ കണ്ടെത്തി അവതരിപ്പിക്കുകയാണ് ബൈബിൾ പണ്ഡിതനായ ലേഖകൻ.**



**റവ. ഡോ. സ്റ്റാൻലി മാതിരപ്പിള്ളി**
*സെക്രട്ടറി, കെ.സി.ബി.സി. ദൈവശാസ്ത്രകമ്മീഷൻ*

ജീവനെക്കുറിച്ചുള്ള ബൈബിൾവീക്ഷണം പറയാതെ മരണത്തെക്കുറിച്ചു പറയാനാവില്ല. ജീവിക്കുന്നവൻ എന്നത് ദൈവത്തിന്റെ അഭിധാനമാണ് (ജോഷ്വ 3:10). ജീവന്റെ ഉടയവൻ നിത്യം ജീവിക്കുന്നവനായ ദൈവം മാത്രമാണ് എന്നതാണ് ബൈബിൾ വീക്ഷണം. കർത്താവ് മാത്രമാണ് ജീവിക്കുന്നവൻ എന്നത് ഇസ്രായേലിന്റെ അടിസ്ഥാന വിശ്വാസമാണ് (ജറെ 10:10; ഹോസി 2:1). എന്നേക്കും ജീവിക്കുന്ന ദൈവവുമായാണ് ഇസ്രായേൽ ഉടമ്പടി ചെയ്തിരിക്കുന്നത്. ഞാൻ നിങ്ങളുടെ ദൈവവും നിങ്ങൾ എന്റെ ജനവും ആണെന്ന ഉടമ്പടി വാക്യം ശാശ്വതമാകുന്നത് ദൈവം നിത്യനായതുകൊണ്ടാണ്. വിജാതീയരുടെ നിർജീവങ്ങളായ ദൈവസങ്കല്പങ്ങൾക്കെതിരെയുള്ള വെല്ലുവിളി എന്ന നിലയിലാണ് ജീവിക്കുന്നവൻ എന്ന അഭിധാനം കർത്താവിനു നൽകിയിരിക്കുന്നത്.

## ജീവിക്കുക എന്നാൽ ആയിരിക്കുക എന്നർഥം

ജീവനെ സൂചിപ്പിക്കാൻ ബൈബിളിൽ ഹായ്യിം (hayyim) എന്ന ഹീബ്രു നാമരൂപമാണ് ഉപയോഗിച്ചിരിക്കുന്നത്. 'ആയിരിക്കുക' എന്നർഥമുള്ള hayah (to be) എന്ന ക്രിയാപദത്തിൽ നിന്ന് ഈ വാക്കു വരുന്നു. ആയിരിക്കുന്നവൻ അഥവാ ആകുന്നവൻ എന്നത് കർത്താവ് മോശയ്ക്കു വെളിപ്പെടുത്തിക്കൊടുത്ത ദൈവനാമമാണ് (പുറ 3:14). എഹ്‌യേ ആഷെർ എഹ്‌യേ (ehyeh asher ehyeh - I AM WHO I AM) എന്ന ദൈവിക വെളിപാടിന്റെ ചുരുക്കരൂപമാണ് യാഹ്‌വേ (YHWH) അഥവാ കർത്താവ് എന്ന ദൈവനാമം. ആദിയും അന്തവുമായവൻ, എന്നേക്കും നിലനിൽക്കുന്നവൻ, ആയിരിക്കുന്നവൻ എന്നൊക്കെ ഈ പേരിനർഥമുണ്ട്. കർത്താവു മാത്രമാണ് ഏക ദൈവം എന്നതാണ് ഈ പ്രഖ്യാപനത്തിനർഥം.

ജീവന്റെ പൂർണതയായ ദൈവത്തിൽ നിന്നാണ് മറ്റെല്ലാ ജീവനും ഉദ്ഭവിക്കുന്നത്. ശൂന്യതയിൽ നിന്ന് (ഹീബ്രുവിൽ tohu wabohu - formless and void – ഉത്പ 1:2) സർവതും സൃഷ്ടിച്ച ദൈവം ഭൂമിയിലെ പൂഴികൊണ്ട് മനുഷ്യനെ രൂപപ്പെടുത്തുകയും ജീവന്റെ ശ്വാസം (ഹീബ്രുവിൽ, nishmat hayyim - breath of life, ഉത്പ 2:7) അവന്റെ നാസാരന്ധ്രങ്ങളിലേക്ക് നിശ്വസിക്കുകയും (breathed into) ചെയ്തു. അങ്ങനെ മനുഷ്യൻ ജീവനുള്ളവനായിത്തീർന്നു (ഉത്പ 2:7). ബൈബിളിന്റെ വീക്ഷണത്തിൽ ഏറ്റവും അടിസ്ഥാനപരമായ മൂല്യം എന്നത് ജീവനാണ്. ദൈവം മനുഷ്യനിലേക്ക് നിക്ഷേപിച്ച ജീവൻ (nepesh) മനുഷ്യനെ

www.malankaralibrary.com

ജീവനുള്ളവനാക്കിത്തീർക്കുന്നു. അതുവഴി, മനുഷ്യനും ദൈവത്തെപ്പോലെ ആയിരിക്കുന്നവൻ അഥവാ ആകുന്നവനായി മാറി. എന്നാൽ മനുഷ്യ ജീവൻ ദൈവികജീവനിലുള്ള പങ്കുപറ്റൽ മാത്രമാണ്. ജീവന്റെ ഉടയവൻ ദൈവം മാത്രമാണെന്നും മനുഷ്യജീവനുമേൽ അധികാരമുള്ളത് ദൈവത്തിനു മാത്രമാണെന്നും ബൈബിൾ പഠിപ്പിക്കുന്നു. അപ്രകാരം, ജീവനെതിരായ എല്ലാ തിന്മകളും – ആത്മഹത്യ, കൊലപാതകം, ദയാവധം, ഭ്രൂണഹത്യ തുടങ്ങിയവ – ദൈവത്തിന്റെ ഉടമസ്ഥതയുടെ മേലുള്ള മനുഷ്യന്റെ കടന്നുകയറ്റവും ദൈവനിഷേധവുമായി ബൈബിൾ കാണുന്നു.

## മരണം മർത്യന്റെ സ്വാഭാവികമായ അന്ത്യം

ദൈവികജീവനിൽ പങ്കുപറ്റിയ മനുഷ്യൻ ആയിരിക്കുന്നവനാണെങ്കിലും മരണം മനുഷ്യന് ഒഴിച്ചുകൂടാനാവാത്ത ഒരു യാഥാർഥ്യമാണെന്നും മനുഷ്യാസ്തിത്വത്തിന്റെ സ്വാഭാവികമായ അന്ത്യം ആണെന്നും പഴയനിയമം വ്യക്തമാക്കുന്നു. 'നാമെല്ലാവരും മരിക്കും; നിലത്തു വീണു ചിതറിയാൽ തിരിച്ചെടുക്കാൻ വയ്യാത്ത വെള്ളം പോലെയാണു നാം' (2 സാമു 14:14) എന്ന് തെക്കോവക്കാരി സ്ത്രീ ദാവീദു രാജാവിനോടു പറയുന്ന വാക്കുകൾ മരണത്തെക്കുറിച്ചുള്ള യഹൂദ വീക്ഷണമായിരുന്നു. 'ഇതാ, സകല മനുഷ്യരും പോകേണ്ട വഴിയേ എനിക്കും പോകാറായിരിക്കുന്നു' (ജോഷ്വ 23:14) എന്ന് ഇസ്രായേൽ നായകനായ ജോഷ്വ തന്റെ വിടവാങ്ങലിനു തൊട്ടുമുമ്പ് ഇസ്രായേൽ ജനത്തോടു പറയുന്നതും ഈ കാഴ്ചപ്പാടിൽ നിന്നുകൊണ്ടാണ്. ജീവിതത്തിന്റെ ക്ഷണികതയെക്കുറിച്ച് ഏശയ്യാ പ്രവാചകന്റെ പുസ്തകത്തിൽ ആലങ്കാരികമായി അവതരിപ്പിക്കുന്നത് ഇങ്ങനെയാണ്: 'ആട്ടിടയന്റെ കൂടാരംപോലെ എന്റെ ഭവനം എന്നിൽനിന്നു പറിച്ചുമാറ്റിയിരിക്കുന്നു. നെയ്ത്തുകാരന്റെ പാവുപോലെ അത് ചുരുട്ടിയിരിക്കുന്നു' (ഏശ 38:12). ശുദ്ധജലവും പച്ചപ്പുല്ലും ലഭിക്കുന്നിടത്ത് ആടുകൾക്കുവേണ്ടി കൂടാരമടിക്കുന്ന ഇടയൻ, ആടുകൾക്ക് പച്ചപ്പുല്ലു കിട്ടാതാകുമ്പോൾ തന്റെ കൂടാരവും പൊളിച്ച് മറ്റൊരിടത്തേക്ക് യാത്രയാകും. ഓരോയിടത്തും ഇടയൻ അടിക്കുന്ന കൂടാരം ശാശ്വതമല്ല. വസ്ത്രം നെയ്തു കഴിയുമ്പോൾ നെയ്ത്തുകാരൻ തന്റെ പാവ് ചുരുട്ടി വയ്ക്കുകയും പുതിയ വസ്ത്രം നെയ്യാൻ പിന്നീട് നിവർത്തുകയും ചെയ്യുന്നു. ആട്ടിടയന്റെ കൂടാരംപോലെയും നെയ്ത്തുകാരന്റെ പാവുപോലെയും മനുഷ്യജീവിതം എത്രയോ ക്ഷണികമാണ് എന്ന് മരണത്തെ മുഖാമുഖം കണ്ട യൂദാ രാജാവായ ഹെസെക്കിയ എഴുതിയതാണ് ഏശയ്യാ പ്രവാചകൻ രേഖപ്പെടുത്തിയിരിക്കുന്നത്.



www.malankaralibrary.com

പഴയനിയമവീക്ഷണത്തിൽ, ഒരു മനുഷ്യന്റെ സ്വാഭാവികമായ ആയുസ് എഴുപതു വയസ്സാണ് (സങ്കീ 90:10). ഈ കാലപരിധിക്കു ശേഷവും ഒരാൾ ജീവിക്കുകയാണെങ്കിൽ അത് കർത്താവിന്റെ പ്രത്യേക അനുഗ്രഹമായാണ് കണക്കാക്കിയിരുന്നത്. നേരെമറിച്ച്, അകാലമരണത്തെ ദൈവകോപത്തിന്റെ ഭാഗമായും യഹൂദർ മനസിലാക്കിയിരുന്നു. ദൈവശിക്ഷയേൽക്കാത്ത സ്വാഭാവിക മരണത്തെ നിർണയിക്കാൻ മൂന്നു കാര്യങ്ങൾ അവർ വിലയിരുത്തിയിരുന്നു. ഒന്ന്, മരിച്ച വ്യക്തിക്ക് എഴുപതു വയസ്സു കഴിഞ്ഞിരിക്കണം. ജീവിതത്തിന്റെ മധ്യാഹ്നത്തിൽ മരിക്കേണ്ടി വരുന്നതിനെക്കുറിച്ചുള്ള ഹെസെക്കിയാ രാജാവിന്റെ വിലാപം ഏശയ്യ രേഖപ്പെടുത്തുന്നതു കാണുക (ഏശ 38:10-28). രണ്ട്, മരിച്ചവ്യക്തിയുടെ പേരു നിലനിർത്താനായി സന്താനങ്ങളെ ജനിപ്പിച്ചിരിക്കണം. സന്താനഭാഗ്യമില്ലാതെ മരിക്കുന്നത് ദൈവശിക്ഷയായി കണക്കാക്കിയിരുന്നതുകൊണ്ടാണ് അബ്രാഹം ഹാഗാറിനെ ഭാര്യായി സ്വീകരിച്ച് കുഞ്ഞുങ്ങളെ ജനിപ്പിക്കണമെന്ന് സാറാ അദ്ദേഹത്തോട് ആവശ്യപ്പെടുന്നത് (ഉത്പ. 16:2). മക്കളില്ലാതെ മരിക്കേണ്ടിയിരുന്ന അബ്ശലോമിന്റെ വിലാപവും ഇതിനുദാഹരണമാണ് (1 സാമു 18:18). മൂന്ന്, മരിച്ച വ്യക്തിയുടെ ശരീരം കല്ലറയിൽ സംസ്കരിച്ചിരിക്കണം. കല്ലറയിൽ സംസ്ക്കരിക്കാത്ത വ്യക്തികൾക്ക് മരിച്ചവരുടെ സ്ഥലമായ പാതാളത്തിലേക്ക് പ്രവേശിക്കാനാവില്ല എന്ന് യഹൂദർ കരുതി. അതുകൊണ്ട് ചിലയാളുകൾ അവരുടെ കല്ലറ ജീവിച്ചിരിക്കെത്തന്നെ ഒരുക്കിവയ്ക്കുമായിരുന്നു. പൊതുവേ, മൂന്നുതരം കല്ലറകൾ യഹൂദർക്കിടയിൽ ഉണ്ടായിരുന്നു. ഒന്ന്, പൊതുശ്മശാനം. രണ്ട്, കുടുംബകല്ലറകൾ. മൂന്ന്, സമ്പന്നവ്യക്തികളുടെ കല്ലറകൾ. യഹൂദർക്കിടയിൽ സമ്പന്നരായവർ ജീവിച്ചിരിക്കേത്തന്നെ കല്ലറകൾ ഒരുക്കിവയ്ക്കുകയും അവയ്ക്കുചുറ്റും നല്ല തോട്ടവും സജ്ജീകരിക്കുകയും ചെയ്തിരുന്നു. അരിമത്തിയക്കാരൻ ജോസഫിന്റെ പുതിയ കല്ലറയിലാണല്ലോ, യേശുവിനെ അടക്കം ചെയ്തത് (മത്താ 27:57-60).

## മരണം പാപത്തിനുള്ള ശിക്ഷ എന്ന കാഴ്ചപ്പാട്

ദൈവത്തെ അനുസരിച്ചു ജീവിക്കുന്നിടത്തോളം കാലം മരണം ഉണ്ടാവുകയില്ല എന്നതാണ് ഉല്പത്തി പുസ്തകം വരച്ചുകാട്ടുന്നത് (ഉത്പ 3:3). ദൈവകല്പന ലംഘിച്ചതോടെ മനുഷ്യൻ മരണത്തിനു വിധേയനായി. മനുഷ്യന്റെ പാപം മരണത്തെ അനിവാര്യമാക്കി. ദൈവകല്പനകൾ അനുസരിക്കാതിരിക്കുന്നയാൾ മരിക്കും എന്ന വിശ്വാസം നിയമാവർത്തന പുസ്തകത്തിലും ആവർത്തിക്കുന്നുണ്ട് (നിയ 30:19). മരണം മാത്രമല്ല, രോഗവും പാപത്തിന്റെ ഫലമാണെന്ന് പഴയനിയമഗ്രന്ഥങ്ങൾ പഠിപ്പിച്ചു. രോഗത്തിൽ നിന്ന് സൗഖ്യം നേടിയവനെ മരണത്തിൽനിന്ന് രക്ഷിക്കപ്പെട്ടവനായാണ് സങ്കീർത്തകൻ ചിത്രീകരിക്കുന്നത്. യഹൂദപാരമ്പര്യത്തെക്കുറിച്ച് ബോധ്യമുണ്ടായ അപ്പസ്തോലന്മാർ ഒരിക്കൽ യേശുവിനോടു ചോദിക്കുന്നുണ്ട്: "റബ്ബീ, ഇവൻ അന്ധനായി ജനിച്ചത് ആരുടെ പാപം നിമിത്തമാണ്, ഇവന്റെയോ ഇവന്റെ മാതാപിതാക്കന്മാരുടെയോ?" (യോഹ 9:2). യേശു അതിനു മറുപടി പറഞ്ഞത്, "ഇവന്റെയോ ഇവന്റെ മാതാപിതാക്കന്മാരുടെയോ പാപം നിമിത്തമല്ല, പ്രത്യുത, ദൈവത്തിന്റെ പ്രവൃത്തികൾ ഇവനിൽ പ്രകടമാകേണ്ടതിനാണ്" (യോഹ 9:3) എന്നാണ്. മരണത്തെ നിയന്ത്രിക്കുന്നത് കർത്താവാണ് എന്ന ചിന്ത ഇസ്രായേലിൽ പ്രബലമായിരുന്നു (നിയ 32:39; 1 സാമു 2:6; ഏശ 45:7).

ശരീരത്തിന്റെ ജീവത്പ്രവർത്തനങ്ങൾ മരണത്തോടെ അവസാനിക്കുന്നതുകൊണ്ട്, മൃതശരീരം അശുദ്ധമായി യഹൂദർ കരുതി. മൃതശരീരത്തെ സ്പർശിക്കുന്നവൻ ഏഴു ദിവസത്തേക്ക് അശുദ്ധനായിരിക്കും (സംഖ്യ 19:11; 31:19) എന്ന് മോശ പഠിപ്പിച്ചിരുന്നു. മരണം പാപത്തിന്റെ ഫലമായതുകൊണ്ട് മരിച്ചവരോടുള്ള എല്ലാ സംസർഗവും യഹൂദമതം നിരോധിച്ചിരുന്നു. കൂടാതെ, മരണത്തിനും മരണാനന്തര കർമ്മങ്ങൾക്കും ഒരുതരം നിഗൂഢതയും രഹസ്യാത്മകതയും അവർ കല്പിച്ചിരുന്നു. മരിച്ചവർക്ക് ചില അതിമാനുഷിക കഴിവുകളുണ്ടെന്നും അവർ കരുതി. ഈ വിശ്വാസത്തിന്റെ അടിസ്ഥാനത്തിലാണ് സാവൂൾ രാജാവ് ഒരു മന്ത്രവാദിനിയുടെ സഹായത്തോടെ മരിച്ചുപോയ സാമുവേലിനോടു സംസാരിക്കാൻ ശ്രമിച്ചത് (1 സാമു 28:3-25).

## മരണമാകുന്ന നിത്യനിദ്ര

പഴയനിയമത്തിലെ അവസാനകാല ഗ്രന്ഥങ്ങളിൽ മരണത്തെയും മരണാനന്തര അവസ്ഥയെയും കുറിച്ച് വ്യത്യസ്തമായ കാഴ്ചപ്പാടാണുള്ളത്. പൊടിയിൽ തീർന്നുപോകുന്ന ഒരു ജീവിതമായല്ല, പ്രത്യുത ഒരു ഉറക്കമായാണ്, മരണാനന്തര അവസ്ഥയെ അവതരിപ്പിക്കുന്നത് (ജോബ് 14 :10-12; സങ്കീ 3:5;

www.malankaralibrary.com

ജറെ 51: 39). മരണം നിദ്രയാണ് അഥവാ നിത്യമായ നിദ്രയാണ് എന്ന് അവർ വിശ്വസിച്ചു.

യഹൂദ വിശ്വാസമനുസരിച്ച്, മരണം സംഭവിക്കുന്നത് മനുഷ്യശരീരത്തിൽ നിന്ന് അരൂപി (nepesh) വേർപിരിയുമ്പോഴാണ്. മരണസമയത്ത് ശരീരത്തിൽ നിന്ന് അരൂപി വേർപെടുന്നുവെങ്കിലും ശരീരത്തിൽ നിന്ന് വേർപെട്ടുള്ള അസ്തിത്വം അരൂപിക്കില്ല. മനുഷ്യജീവന്റെ അടിസ്ഥാനമായ അരൂപി ദൈവത്തിലേക്ക് തിരിച്ചുപോകുന്നു. ഇക്കാര്യം സഭാപ്രസംഗകൻ വ്യക്തമാക്കുന്നുണ്ട്. 'ധൂളി അതിന്റെ ഉറവിടമായ മണ്ണിലേക്ക് മടങ്ങും; ആത്മാവ് തന്റെ ദാതാവായ ദൈവത്തിലേക്ക് തിരിച്ചു പോകുന്നു' (സഭാ 12:7). ഈ ചിന്തയിൽനിന്നാണ് മരിച്ചവർക്കുവേണ്ടിയുള്ള പ്രാർഥന യഹൂദപാരമ്പര്യത്തിന്റെ അവസാന കാലഘട്ടത്തിൽ രൂപം കൊള്ളുന്നത് (2 മക്ക 11:38-45). ജീവൻ മരണത്തേക്കാൾ അഭികാമ്യമാണ് എന്ന ചിന്തയിൽനിന്നാണ് മരണാനന്തര ജീവിതത്തെക്കുറിച്ചുള്ള പ്രതീക്ഷ അവർക്കിടയിൽ രൂപപ്പെട്ടത്. ജീവനുള്ള നായ ചത്ത സിംഹത്തേക്കാൾ ശ്രേഷ്ഠമാണെന്ന പരാമർശം (സഭാ 9:4) ജീവന്റെ മഹത്ത്വത്തെ ദ്യോതിപ്പിക്കുന്നുണ്ട്.

## ഉത്ഥാനം നീതിമാന്മാർക്കുള്ള പ്രതിഫലം

മരണാനന്തര ജീവിതത്തെക്കുറിച്ച് പഴയനിയമത്തിൽ ഏറെ പരാമർശങ്ങളുണ്ടെങ്കിലും അത് ശക്തമായി അവതരിപ്പിക്കപ്പെടുന്നില്ല. ഉത്ഥാനത്തെക്കുറിച്ച് പഴയനിയമകാല ചിന്തകളാരംഭിക്കുന്നത് യുദ്ധത്തിന്റെ പശ്ചാത്തലത്തിലാണ്. നീതിമാന്മാർ പലരും യുദ്ധത്തിൽ മരിച്ചപ്പോൾ അവർ ദീർഘായുസ്സിന് അർഹരാണെന്നും രക്തസാക്ഷിത്വത്തിന് കർത്താവ് പ്രതിഫലമായി അവരെ ഉയർപ്പിക്കുമെന്നുള്ള ചിന്തകൾ കടന്നുവന്നു. അതുകൊണ്ട് പഴയനിയമ കാഴ്ചപ്പാടിൽ ഉത്ഥാനം എന്നത് കർത്താവിന്റെ ശക്തിയിലും നീതിയിലുമുള്ള വിശ്വാസത്തിന്റെ ഫലമായി ഉണ്ടാകുന്നതാണ്. നീതിപൂർവകമായ ജീവിതത്തിന് കർത്താവ് തരുന്ന പ്രതിഫലമാണ് ഉത്ഥാനം. കാരണം, കർത്താവിനോട് നീതിമാനുള്ള ബന്ധം അവന്റെ ഭൗമിക മരണത്തിൽ അവസാനിക്കാൻ പാടില്ല. യാഹ്വേ ജീവിക്കുന്ന ദൈവമായതുകൊണ്ട് അവിടുത്തോടുള്ള ബന്ധം മരണശേഷവും തുടരും (സങ്കീ 16:17-15). ദൈവം തന്റെ പ്രാണനെ പാതാളത്തിൽ നിന്ന് വീണ്ടെടുക്കുമെന്ന സങ്കീർത്തകന്റെ പ്രതീക്ഷ അമർത്യതയെക്കുറിച്ചുള്ള വിശ്വാസത്തിൽനിന്നുവരുന്നതാണ് (സങ്കീ 19:15). ദൈവവുമായുള്ള തന്റെ ബന്ധത്തെ വിച്ഛേദിക്കാൻ അകാലമരണത്തിനുപോലും കഴിയില്ലെന്ന് സങ്കീർത്തകൻ വിശ്വസിക്കുന്നു (സങ്കീ 23, ജോബ് 19:26). ഈ കാഴ്ചപ്പാടുതന്നെയാണ് പ്രവാചകഗ്രന്ഥങ്ങളിലും ഉള്ളത്. 'അങ്ങയുടെ മരിച്ചവർ ജീവിക്കും; അവരുടെ ശരീരം ഉയിർത്തെഴുന്നേൽക്കും. ഊഴിയിൽ ശയിക്കുന്നവരെ ഉണർന്ന് സന്തോഷകീർത്തനം ആലപിക്കുവിൻ' (ഏശ 26:19) എന്ന് ഏശയ്യാ പാടുന്നു. പ്രവാചകനെ സംബന്ധിച്ച് മരണം എന്നത് മറ്റൊരു അവസ്ഥയിലേക്കുള്ള പറിച്ചു നടൽമാത്രമാണ്. സിറിയൻ ഭരണകർത്താവായ അന്ത്യോക്യസ് എപ്പിഫാനോസ് നാലാമന്റെ കാലത്ത് നടന്ന മതമർദ്ദനത്തിൽ ഒരമ്മയെയും ഏഴുമക്കളെയും പീഡിപ്പിച്ചുകൊലപ്പെടുത്തുമ്പോൾ ഭഗ്നാശരാകാതെ മരണാനന്തര ജീവിതത്തിലേക്കുള്ള അവരുടെ പ്രത്യാശ ഏറ്റുപറയുന്നത് ആവേശകരമായ അനുഭവമായി മക്കബായരുടെ പുസ്തകത്തിൽ അവതരിപ്പിക്കുന്നു (2 മക്ക 7:9-14).

മരണത്തെക്കുറിച്ചും മരണാനന്തര അവസ്ഥയെക്കുറിച്ചുമുള്ള പഴയനിയമകാലചിന്തയാണ് പുതിയനിയമകാലത്തും ഉള്ളത്. മനുഷ്യൻ മരണത്തിന്റെ നിഴലിൽ ജീവിക്കുന്നവനാണെന്നും (മത്താ 4:16) ജീവന്റെ ഉറവിടമായ ദൈവം മാത്രമാണ് അമർത്യൻ (1 തിമോ 6:16) എന്നുമുള്ള ചിന്തകൾ അക്കാലത്ത് പ്രബലമായിരുന്നു.

മരണം മനുഷ്യസ്വഭാവത്തിന്റെ ഭാഗമാകയാൽ, "മരണത്തിനധീനമായ ഈ ശരീരത്തിൽ നിന്ന് ആരെന്നെ മോചിപ്പിക്കും" (റോമാ 7:24) എന്ന പൗലോസിന്റെ വിലാപം ഏതൊരു മനുഷ്യന്റെയും ഹൃദയരോദനമായി കാണാവുന്നതാണ്. മരണത്തിന്റെ കാരണം പാപമാണെന്ന ചിന്തയാണ് (റോമാ 6:23) ഇത്തരമൊരു വിലാപത്തിന് പൗലോസിനെ പ്രേരിപ്പിക്കുന്നത്. നേർവഴി വിട്ടുനടന്ന ധൂർത്തപുത്രനെ 'മരിച്ചവനായിരുന്നു' എന്നു പിതാവ് വിശേഷിപ്പിക്കുന്നതും ഈ അർഥത്തിലാണ് (ലൂക്കാ 15:24,32). മനുഷ്യൻ മരണത്തെക്കുറിച്ചുള്ള നിരന്തരഭീതിയിൽ കഴിയേണ്ടവനാണെന്ന് ഹെബ്രായപുസ്തകവും ഓർമിപ്പിക്കുന്നു.

## ക്രിസ്തുവിലുള്ള വിശ്വാസം അഭികാമ്യം

യേശുക്രിസ്തുവിന്റെ മരണവും ഉത്ഥാനവുമാണ് രക്ഷാകരചരിത്രത്തിന്റെ കേന്ദ്രബിന്ദു. മനുഷ്യകുലത്തിന്റെ രക്ഷയ്ക്ക് യേശുവിന്റെ സഹനവും മരണവും ഒഴിച്ചുകൂടാനാവാത്തതായിരുന്നു.

www.malankaralibrary.com



തന്റെ പീഡാസഹനത്തെക്കുറിച്ചും മരണത്തെക്കുറിച്ചും യേശുതന്നെ പലവട്ടം പ്രവചിക്കുന്നതും സമയത്തിന്റെ പൂർണതയിൽ കുരിശിലേറാൻ അവൻ ജറുസലേമിലേക്ക് പോകാൻ 'ഉറച്ചതും' ഇക്കാരണത്താലാണ്. യേശുവിന്റെ മരണത്തെ പുതിയനിയമം അവതരിപ്പിക്കുന്നത് മനുഷ്യവർഗത്തിന്റെ പാപം തുടച്ചു നീക്കാൻ മനുഷ്യവർഗത്തിനുവേണ്ടി യേശുതന്നെ പിതാവിനർപ്പിക്കുന്ന പാപപരിഹാരബലിയായാണ് (റോമാ3:23; 1 കോറി 11:24). യേശു തന്റെ മരണം വഴി മരണത്തിന്റെ അടിസ്ഥാന കാരണമായ പാപത്തെയും (2 കോറി 5:21; കൊളോ 1:22) അതുവഴി മരണത്തെത്തന്നെയും ഇല്ലാതാക്കി (2 തിമോ 1:10; ഹെബ്രാ 2:14; വെളി 1:17). മരണമേ, നിന്റെ വിജയം എവിടെ? മരണമേ, നിന്റെ ദംശനം എവിടെ? എന്നു പൗലോസ് ചോദിക്കുന്നത് ഈ വിശ്വാസത്തിൽ നിന്നുകൊണ്ടാണ്. ക്രിസ്തുവിൽ വിശ്വസിച്ച് അവന്റെ മാർഗത്തിൽ ജീവിക്കുക എന്നതാണ് നിത്യജീവനിലേക്കുള്ള പ്രവേശനത്തിന് ഒരുവനെ യോഗ്യനാക്കുന്നത്. നിക്കോദേമൂസിനോട് യേശുതന്നെ ഇക്കാര്യം പറയുന്നുണ്ട്. സത്യം സത്യമായി ഞാൻ നിന്നോടു പറയുന്നു. "എന്തെന്നാൽ അവനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചു പോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന്, തന്റെ ഏകജാതനെ നല്കാൻ തക്കവിധം ദൈവം ലോകത്തെ അത്രമാത്രം സ്നേഹിച്ചു" (യോഹ 3:16). യോഹന്നാന്റെ വീക്ഷണത്തിൽ, ഒരുവന്റെ ജീവനും മരണവും തീരുമാനിക്കപ്പെടുന്നത് അയാൾക്ക് യേശുവിനോടുള്ള ബന്ധത്തിന്റെ അടിസ്ഥാനത്തിലാണ് (യോഹ 5:24; 8:51; 11:25). യേശുവാണ് ജീവനും പുനരുത്ഥാനവും (യോഹ 11:25) എന്ന് അവതരിപ്പിക്കുന്ന യോഹന്നാൻ ഉത്ഥിതനായ ക്രിസ്തുവിനോടുള്ള വാസമാണ് നിത്യജീവൻ എന്ന് വ്യക്തമാക്കുന്നു. ക്രിസ്തുവിലുള്ള വിശ്വാസമാണ് ഒരാൾക്ക് നിത്യജീവിതം സാധ്യമാക്കുന്നത്. ജീവദായകമായ വചനം പ്രഘോഷിക്കപ്പെടുന്ന സഭയിൽനിന്ന് വിച്ഛേദിക്കപ്പെടുന്നവൻ മരണത്തിന്റെ വക്കിലാണ് (വെളി 3:2) എന്ന് യോഹന്നാൻ വെളിപ്പെടുത്തുന്നു.

## ഉത്ഥാനം ക്രിസ്തു കേന്ദ്രീകൃതം

പുതിയനിയമത്തിൽ ഉത്ഥാനത്തിനും മരണാനന്തര ജീവിതത്തിനുമുള്ളത് യേശു കേന്ദ്രീകൃതമായ സമീപനമാണ്. യേശുവിന്റെ ഉയിർപ്പാണ് മരിച്ചവരുടെ ഉയിർപ്പ് സാധ്യമാക്കുന്നത്. വിധിദിവസത്തിൽ മരിച്ചവരുടെ ഉയിർപ്പുണ്ടാകും (മത്താ 12:41-42; 22:23-22; 20:20-40). നീതിമാന്മാർ നിത്യജീവനായും നീതിരഹിതർ നിത്യശിക്ഷയ്ക്കായും ഉയിർത്തെഴുന്നേൽക്കും (യോഹ 6:39). ഇതാണ് ഉത്ഥാനത്തിന്റെ ക്രിയാത്മകവും നിഷേധാത്മകവുമായ രണ്ട് തലങ്ങൾ. ഉത്ഥാനത്തിലുള്ള പ്രതീക്ഷ ക്രിസ്തീയ വിശ്വാസത്തിന്റെ കാതലാണ് (അപ്പ 23:6-8). ക്രിസ്തുവിന്റെ ഉത്ഥാനത്തിന്റെ പരിണതഫലമാണ് നമ്മുടെ

www.malankaralibrary.com

ഉത്ഥാനം (അപ്പ 17:18-31). ഞാൻ ജീവനും പുനരുത്ഥാനവുമാണെന്ന് പ്രഘോഷിക്കുന്ന യേശു (യോഹ 11:12) മരണാനന്തര ജീവിതത്തിന്റെ കർത്താവും താൻ തന്നെയാണെന്ന് വ്യക്തമാക്കുന്നു.

യഹൂദസമുദായത്തിൽ പ്രബലരായ രണ്ട് വിഭാഗക്കാരായിരുന്നു ഫരിസേയരും സദുക്കായരും. ഫരിസേയർ അല്മായരും സദുക്കായർ പുരോഹിതരുമായിരുന്നു. യേശുവിനെ എതിർക്കുന്ന കാര്യത്തിൽ ഇവർ ഒറ്റക്കെട്ടായിരുന്നെങ്കിലും വിശ്വാസസംബന്ധമായ ചില വിഷയങ്ങളിൽ ഇവർ സ്ഥിരം എതിരാളികളായിരുന്നു. പ്രത്യേകിച്ച് സദുക്കായർ മരിച്ചവരുടെ ഉയിർപ്പ്, ആത്മാക്കളുടെ അമർത്യത, അന്ത്യവിധി, മാലാഖമാരുടെ അസ്തിത്വം തുടങ്ങിയ കാര്യങ്ങളിൽ വിശ്വസിച്ചിരുന്നില്ല. സദുക്കായർ യേശുവിനെ വിവാദത്തിലാക്കാൻ മോശയുടെ നിയമത്തെ അടിസ്ഥാനമാക്കി പുനരുത്ഥാനത്തെക്കുറിച്ച് ചോദിക്കുന്നു. ഭർതൃസഹോദര ധർമത്തെക്കുറിച്ച് പഠിപ്പിച്ചപ്പോൾ മോശ ഇപ്രകാരം പറയുന്നുണ്ട്: 'സഹോദരന്മാർ ഒരുമിച്ച് താമസിക്കുമ്പോൾ, അവരിലൊരാൾ പുത്രനില്ലാതെ മരിച്ചുപോയാൽ അവന്റെ ഭാര്യ അന്യനെ വിവാഹം ചെയ്തുകൂടാ. ഭർത്താവിന്റെ സഹോദരർ അവളെ പ്രാപിക്കുകയും ഭാര്യയായി സ്വീകരിച്ച് ഭർതൃസഹോദര ധർമം നിർവഹിക്കുകയും ചെയ്യണം' (നിയ 25:5). ഇതാണ് മോശയുടെ നിയമം. ജീവിച്ചിരിക്കുമ്പോൾ ചെയ്യേണ്ട കാര്യമായാണ് മോശ ഇത് പഠിപ്പിക്കുന്നത്. പുനരുത്ഥാനത്തിൽ വിശ്വാസമില്ലാത്ത കൗശലക്കാരായ സദുക്കായർ യേശുവിനോട് ചോദിച്ചത് മരണാനന്തരം ഈ സ്ത്രീക്ക് ആരായിരിക്കും ഭർത്താവ് എന്നാണ്. കാരണം ഏഴുപേരും അവളെ ഭാര്യയായി സ്വീകരിച്ചവരാണല്ലോ. യേശുവിന്റെ മറുപടി അവരുടെ കാപട്യത്തെയും കൗശലത്തെയും തകർക്കുന്നതായിരുന്നു. മരണാനന്തര ജീവിതാവസ്ഥ എന്താണെന്ന് യേശു ആദ്യം പഠിപ്പിക്കുന്നു. മരണാനന്തരം എല്ലാവരും ദൈവദൂതന്മാർക്ക് തുല്യരും ദൈവമക്കളുമായിരിക്കും. അവിടെ വിവാഹം കഴിക്കലോ കഴിപ്പിച്ചുകൊടുക്കലോ ഒന്നുമില്ല. മറ്റൊരു കാര്യംകൂടെ യേശു പഠിപ്പിച്ചു. മരണാനന്തരം ഒരു ജീവിതമുണ്ട്. കാരണം, ദൈവം മരിച്ചവരുടെ ദൈവമല്ല ജീവിക്കുന്നവരുടെ ദൈവമാണ്. മോശതന്നെ ദൈവത്തെ അഭിസംബോധന ചെയ്തത് അബ്രാഹത്തിന്റെ ദൈവമെന്നും ഇസഹാക്കിന്റെ ദൈവമെന്നും യാക്കോബിന്റെ ദൈവമെന്നുമാണല്ലോ. യേശുവിന്റെ ഉത്തരം സദുക്കായരെ തളർത്തിയെങ്കിലും ഫരിസേയവിഭാഗക്കാരായ നിയമജ്ഞരെ സന്തോഷിപ്പിക്കുന്നുണ്ട്. കാരണം അവർ പുനരുത്ഥാനത്തിൽ വിശ്വസിച്ചിരുന്നവരാണ്.

ജീവന്റെമേൽ അധികാരമുള്ള യേശുവിന് മരണാനന്തര ജീവിതത്തിനുമേലും അധികാരമുണ്ട്. യേശു തന്റെ പരസ്യജീവിതകാലത്തുതന്നെ മരിച്ചവരെ ഉയിർപ്പിക്കുന്നുണ്ട്. നായിമിലെ വിധവയുടെ മകനെയും (ലൂക്കാ 7:1-17), സിനഗോഗ് അധികാരിയായ ജായ്റോസിന്റെ മകളെയും (ലൂക്കാ 8:49-56) ഉയിർപ്പിക്കുന്ന യേശു, ലാസറിനെ ഉയിർപ്പിക്കുന്നത് മരിച്ച് നാലാംദിവസമാണ്. യഹൂദവിശ്വാസമനുസരിച്ച് നാലാംനാൾ മൃതശരീരം അഴുകി തുടങ്ങും. മൂന്നുദിനംവരെ കല്ലറയ്ക്കുമുന്നിൽ അവർ പ്രാർഥിക്കുകയും നാലാംനാൾ മുതൽ ശരീരത്തെ അഴുകാൻ വിട്ടുകൊടുക്കുകയും ചെയ്തിരുന്നു. കല്ലറയിൽ അഴുത്ത ശരീരത്തെപ്പോലും ജീവനിലേക്ക് ഉയർപ്പിക്കാൻ യേശുവിന് കഴിയുമെന്ന് ലാസറിന്റെ ഉയിർപ്പുസംഭവത്തിലൂടെ വ്യക്തമാക്കുന്നു. യേശു നിത്യജീവന്റെ ഉടയവനും അധികാരിയുമാണെന്ന് തന്റെ പരസ്യജീവിതകാലത്ത് ഇത്തരം സംഭവങ്ങളിലൂടെ വ്യക്തമാക്കുന്നു.

ദൈവത്തിന്റെ കൃപാവരത്തിലും സൗഹൃദത്തിലും മരിക്കുകയും എന്നാൽ പൂർണമായി വിശുദ്ധീകരിക്കപ്പെടാതിരിക്കുകയും ചെയ്യുന്നവർ നിത്യരക്ഷയെ സംബന്ധിച്ച് ഉറപ്പുള്ളവരാണെങ്കിലും മരണാനന്തരം ഒരു ശുദ്ധീകരണപ്രക്രിയയ്ക്ക് വിധേയരാകുന്നു. ദൈവത്തിന്റെ സന്തോഷത്തിലേക്ക് പ്രവേശിക്കാൻ ആവശ്യമായ വിശുദ്ധി നേടാനാണത് (CCC 1054). നിത്യമരണത്തിന്റെ ദുഃഖകരമായ യാഥാർഥ്യമാണ് നരകം. നരകത്തിലെ പ്രധാനശിക്ഷ ദൈവത്തിൽനിന്നുള്ള ശാശ്വതമായ വേർപാടാണ്. ദൈവത്തിൽ മാത്രമേ മനുഷ്യന് ജീവനും സൗഭാഗ്യവും കണ്ടെത്താൻ കഴിയുകയുള്ളൂ. അതുകൊണ്ട് ആരും നഷ്ടപ്പെടാതിരിക്കാൻ വേണ്ടി സഭ നിരന്തരം പ്രാർഥിക്കുന്നു. എല്ലാ മനുഷ്യരും രക്ഷിക്കപ്പെടണമെന്ന് ദൈവം ആഗ്രഹിക്കുന്നു (1 തിമോ 2:4). അവസാന വിധിദിവസം എല്ലാ മനുഷ്യരും തങ്ങളുടെ പ്രവൃത്തികളുടെ കണക്ക് കൊടുക്കാൻ ക്രിസ്തുവിന്റെ നീതിപീഠത്തിനു മുമ്പിൽ തങ്ങളുടെ ശരീരങ്ങളോടുകൂടെ പ്രത്യക്ഷപ്പെടും എന്ന് സഭ വിശ്വസിക്കുന്നു. ■

---

*വരാപ്പുഴ അതിരൂപത ബൈബിൾ കമ്മീഷൻ ഡയറക്ടറും അന്തോണിയൻ ബൈബിൾ കോളജ് ഡയറക്ടറുമാണ് ലേഖകൻ.*

www.malankaralibrary.com

# മൃതസംസ്കാരശുശ്രൂഷയും പരേതർക്കായുള്ള പ്രാർഥനയും

**മരണാനന്തരജീവിതത്തിലുള്ള വിശ്വാസം ക്രൈസ്തവജീവിതത്തിലെ വളരെ പ്രധാനപ്പെട്ട കാര്യമാണ്. നിത്യജീവിതത്തിൽ വിശ്വാസമില്ലെങ്കിൽ ദൈവത്തിന്റെ രക്ഷാകരപദ്ധതിയുടെ ലക്ഷ്യം മനസ്സിലാക്കാൻ സാദ്ധ്യമല്ല. മരണാനന്തരജീവിതത്തെക്കുറിച്ചുള്ള അവ്യക്തവും അപൂർണതനിറഞ്ഞതുമായ പരാമർശങ്ങൾ ക്രൈസ്തവവിശ്വാസത്തെ അപകടപ്പെടുത്തുമെന്ന് തിരുസഭ മുന്നറിയിപ്പു നൽകുന്നുണ്ട്. കത്തോലിക്കാവിശ്വാസത്തിന്റെ വെളിച്ചത്തിൽ സഭാപരമായ മൃതസംസ്കാരശുശ്രൂഷയെയും പരേതർക്കുവേണ്ടിയുള്ള പ്രാർഥനയെയുംകുറിച്ചുള്ള അടിസ്ഥാന ദർശനങ്ങൾ അവതരിപ്പിക്കുന്ന ലേഖനം.**



**റവ. ഡോ. സെബാസ്റ്റ്യൻ ചാലയ്ക്കൽ**
*പ്രൊഫസർ, സെന്റ് തോമസ് അപ്പസ്തോലിക് സെമിനാരി, വടവാതൂർ*

മനുഷ്യജീവിതത്തിലെ ഒരു വലിയ രഹസ്യമാണ് മരണം. ഓരോ മനുഷ്യന്റെയും ജീവിതത്തിൽ ഏറ്റവും ഉറപ്പുള്ളതും എന്നാൽ എപ്പോഴാണ് സംഭവിക്കുകയെന്ന് ആർക്കും അറിവില്ലാത്തതുമായ ഒന്നാണ് മരണം. ക്രൈസ്തവ വിശ്വാസമനുസരിച്ച് മരണം ഭൗമിക ജീവിതത്തിന്റെ അന്ത്യമാണ്. മരണം ആത്മാവും ശരീരവും വേർതിരിക്കപ്പെടലാണ്; പക്ഷേ, അത് താല്കാലികമാണ്. മരണത്തിൽ ആത്മാവ് ശരീരത്തിൽ നിന്ന് വേർതിരിക്കപ്പെടുന്നുണ്ടെങ്കിലും, മരിച്ചവരുടെ പുനരുത്ഥാനദിവസം അതു ശരീരവുമായി വീണ്ടും യോജിപ്പിക്കപ്പെടും *(കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം 1005,1007, 1016).*

ദൈവഛായയിൽ സൃഷ്ടിക്കപ്പെട്ട മനുഷ്യൻ ഒരേ സമയം ശരീരിയും ആത്മീയനുമാണ്. മരണശേഷവും നിലനിൽക്കുന്ന ബുദ്ധിയും മനസ്സും ചേർന്ന മാനുഷിക സത്തയെ ആണ് ആത്മാവ് എന്നതുകൊണ്ട് വിവക്ഷിക്കുന്നത്. മനുഷ്യനിലെ ഈ ആത്മീയ അംശം മരണത്തിനുശേഷം നിലനിൽക്കുന്നു. ആത്മാവ് എന്നത് മനുഷ്യനിലെ ആധ്യാത്മികതലത്തെയാണ് സൂചിപ്പിക്കുന്നത്. അത് മനുഷ്യനിലെ ഏറ്റവും അമൂല്യമായ അന്തഃസത്തയെ സൂചിപ്പിക്കുന്നു. ഈ അന്തഃസത്തയിലാണ് മനുഷ്യൻ ദൈവത്തിന്റെ ഛായ സംവഹിക്കുന്നത്. മരണത്തോടെ ശരീരത്തിൽനിന്നു വേർപിരിയുമ്പോഴും ആത്മാവു നശിക്കുന്നില്ല. ഉത്ഥാനത്തിൽ ആത്മാവ് ശരീരവുമായി വീണ്ടും സംയോജിക്കും *(കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം 362-366).*

## തനതുവിധി

ഒരു വ്യക്തിയുടെ മരണത്തോടെ സംഭവിക്കുന്ന വിധിയാണ് തനതുവിധി എന്നറിയപ്പെടുന്നത്. മരിക്കുന്ന നിമിഷത്തിൽതന്നെ തനതുവിധി നടക്കുന്നു, ഓരോ വ്യക്തിയുടെയും ഭാഗധേയം അന്തിമമായി നിർണയിക്കപ്പെടുന്നു. തനതുവിധി മാറ്റമില്ലാത്തതും നിത്യവുമായ വിധിയാണ്. തനതുവിധിയിൽനിന്നും വ്യത്യസ്തമായ ഒരു വിധി പൊതുവിധിയിൽ ഉണ്ടാകില്ല. കാരണം, തനതുവിധി നടത്തുന്ന ദൈവംതന്നെയാണ് പൊതുവിധി നടത്തുന്നത്. ദൈവത്തിനു തെറ്റുപറ്റില്ല; അവിടുത്തെ വിധി മാറ്റാനാകാത്തതാണ്. തനതുവിധിയിൽ ദൈവം നടത്തിയ വിധിയെ സകല സൃഷ്ടികൾക്കും വേണ്ടി വെളിപ്പെടുത്തുന്ന അവസരമാണ് പൊതുവിധി.


www.malankaralibrary.com

കത്തോലിക്കാവിശ്വാസമനുസരിച്ച് മരിച്ചവരുടെ ആത്മാക്കൾ, തനതുവിധിക്കുശേഷം, ഒന്നുകിൽ സ്വർഗത്തിലോ, അല്ലെങ്കിൽ ശുദ്ധീകരണാവസ്ഥയിലോ അതുമല്ലെങ്കിൽ നരകത്തിലോ ആയിരിക്കും. ശുദ്ധീകരണാവസ്ഥയിലെ ആത്മാക്കൾ വിശുദ്ധീകരണത്തിനുശേഷം സ്വർഗീയസൗഭാഗ്യം അനുഭവിക്കുന്നു. ഇപ്രകാരം, ഒരു വ്യക്തിയുടെ മരണത്തിനും ഉത്ഥാനത്തിനുമിടയിൽ ആത്മാവിനു മാത്രമായി ഒരു മധ്യാവസ്ഥ ഉണ്ടെന്ന് തിരുസ്സഭ വ്യക്തമാക്കുന്നു.

## സഭാപരമായ മൃതസംസ്കാര ശുശ്രൂഷയുടെ പ്രാധാന്യം

ഈശോയുടെ മൃതസംസ്കാരരീതിയെ അനുകരിച്ച് മൃതശരീരം മണ്ണിലോ കല്ലറയിലോ സംസ്കരിക്കുന്ന രീതിയാണ് സഭയിൽ അനുവർത്തിച്ചുപോരുന്നത്. കൂടാതെ മൃതദേഹത്തോടുള്ള ആദരവ് പ്രകടമാക്കാനുള്ള ഏറ്റവും ഉത്തമമായ മാർഗം മൃതസംസ്കാരമാണ്. മൃതിയടഞ്ഞ വിശ്വാസികൾക്ക് അന്ത്യശുശ്രൂഷകൾ നൽകുന്നതിനും അവരെ സംസ്കരിക്കുന്ന സ്ഥലങ്ങൾ വിശുദ്ധമായി സൂക്ഷിക്കുന്നതിനും സഭ ആദ്യകാലംമുതലേ ശ്രദ്ധിച്ചിരുന്നു.

സഭാപരമായ മൃതസംസ്കാരം മരിച്ചവർക്ക് ആധ്യാത്മികസഹായവും ജീവിച്ചിരിക്കുന്നവർക്ക് ആശ്വാസവും പ്രതീക്ഷയും നൽകുന്നു. മൃതസംസ്കാരത്തിൽ സഭ മരിച്ചവരുടെ ശരീരങ്ങളെ ബഹുമാനിക്കുകകൂടിയാണ് ചെയ്യുന്നത്. കൂടാതെ, പുനരുത്ഥാനത്തിലുള്ള വിശ്വാസവും പ്രതീക്ഷയും പരസ്യമായി പ്രഖ്യാപിക്കുന്ന അവസരം കൂടിയാണ് സഭാപരമായ മൃതസംസ്കാരം *(പൗരസ്ത്യസഭകളുടെ കാനോനസംഹിത 875).*

ക്രൈസ്തവ മൃതസംസ്കാരം സഭയുടെ ഒരു ആരാധനാഘോഷമാണ്. പരേതനുമായുള്ള യഥാർഥകൂട്ടായ്മ പ്രകാശിപ്പിക്കാനും മൃതസംസ്കാരത്തിനു സന്നിഹിതരായിരിക്കുന്ന സമൂഹത്തിന്റെ കൂട്ടായ്മയിൽ എല്ലാവരെയും പങ്കുചേർക്കാനും ആ സമൂഹത്തോടു നിത്യജീവൻ പ്രഘോഷിക്കാനും വേണ്ടിയാണ് സഭയുടെ ശുശ്രൂഷ *(കത്തോലിക്കാ സഭയുടെ മതബോധനഗ്രന്ഥം1684).*

## ക്രൈസ്തവരുടെ മൃതശരീരം ദഹിപ്പിക്കാൻ അനുവാദമുണ്ടോ?

മൃതശരീരം ദഹിപ്പിക്കുന്ന രീതി 1963 വരെ സഭ അനുവദിച്ചിരുന്നില്ല. എന്നാൽ ചില പ്രത്യേകസാഹചര്യങ്ങളിൽ മൃതശരീരങ്ങൾ ദഹിപ്പിക്കുന്നതിന് സഭാനിയമം അനുവദിക്കുന്നുണ്ട്. എങ്കിലും മൃതശരീരം ദഹിപ്പിക്കുന്നതിനേക്കാൾ മൃതസംസ്കാരത്തിനാണ് മുൻഗണന നൽകുന്നതെന്ന് സഭാനിയമം വ്യക്തമാക്കുന്നു. 'തങ്ങളുടെ ശരീരം ദഹിപ്പിക്കണമെന്ന് തീരുമാനമെടുത്തവർ ക്രിസ്തീയ ജീവിതത്തിനു വിരുദ്ധമായ കാരണങ്ങളാലല്ല അങ്ങനെ ചെയ്തതെങ്കിൽ അവർക്ക് സഭാപരമായ മൃതസംസ്കാരം നൽകേണ്ടതാണ്. എങ്കിലും, ദഹിപ്പിക്കുന്നതിനേക്കാൾ സംസ്കാരത്തിനാണ് സഭ കൂടുതൽ മുൻഗണന കൊടുക്കുന്നതെന്ന് മൃതസംസ്കാര ശുശ്രൂഷയിൽ വ്യക്തമാക്കേണ്ടതും ഉതപ്പ് ഒഴിവാക്കേണ്ടതുമാണ്' *(പൗരസ്ത്യസഭകളുടെ കാനോന സംഹിത 876:31).*

മൃതശരീരങ്ങൾ ദഹിപ്പിക്കുന്നതിനെക്കുറിച്ച് വിശ്വാസതിരുസംഘം 2016 ആഗസ്റ്റ് 15-ന് പ്രസിദ്ധീകരിച്ച രേഖയിൽ താഴെപ്പറയുന്ന കാര്യങ്ങൾ പഠിപ്പിക്കുന്നു.

1. മൃതശരീരം ദഹിപ്പിക്കുന്നതിനേക്കാൾ മണ്ണിലോ കല്ലറയിലോ സംസ്കരിക്കുന്നതിനാണ് സഭ മുൻഗണന നൽകുന്നത്.
2. അതേസമയം മൃതശരീരം ദഹിപ്പിക്കുന്നത് ക്രി

www.malankaralibrary.com

സ്തീയ വിശ്വാസത്തിന് എതിരല്ല. സഭയുടെ പ്രാർഥനാശുശ്രൂഷകൾക്കുശേഷമാണ് മൃതശരീരം ദഹിപ്പിക്കുന്നതിനായി നല്കുന്നത്.

3. മൃതശരീരം ദഹിപ്പിക്കുകയാണെങ്കിൽ അതിന്റെ ഫലമായുണ്ടാകുന്ന ഭസ്മം (ചാരം) സെമിത്തേരിയിലോ അതിനായി മാറ്റിവയ്ക്കപ്പെട്ട അനുയോജ്യമായ മറ്റൊരു സ്ഥലത്തോ സംസ്കരിക്കണം. അത് വീട്ടിൽ സൂക്ഷിക്കുന്നത് അനുവദനീയമല്ല. ദഹിപ്പിച്ചശേഷമുള്ള ഭസ്മം കടലിലോ മറ്റു നദികളിലോ ഒഴുക്കിക്കളയാനോ മറ്റു സ്ഥലങ്ങളിൽ വിതറാനോ അനുവാദമില്ല.
4. ദഹിപ്പിക്കാൻ ആഗ്രഹിക്കുന്നവർ വിശ്വാസത്തിനു വിരുദ്ധമായ കാരണങ്ങളാലല്ല അപ്രകാരം ആവശ്യപ്പെടുന്നതെന്ന് ഉറപ്പു വരുത്തണം.
5. വിശ്വാസവിരുദ്ധമായ കാരണങ്ങളും കാഴ്ചപ്പാടുകളും ഏതൊക്കെയാണെന്ന് ഈ രേഖ അവതരിപ്പിക്കുന്നു. 1. മനുഷ്യൻ പ്രകൃതിയിൽനിന്നു വന്നു പ്രകൃതിയിലേക്കുതന്നെ മടങ്ങുന്നു എന്ന വാദം. 2. ദൈവത്തിലോ മരണാനന്തര ജീവിതത്തിലോ വിശ്വാസമില്ലാത്തതിനാൽ എന്റെ മൃതശരീരം ദഹിപ്പിച്ചാൽ മതി എന്ന വാദം. 3. മരണത്തോടെ ശരീരം നശിച്ചുപോയാലും ആത്മാവ് തുടർന്നും മനുഷ്യനായോ മൃഗമായോ മറ്റേതെങ്കിലും രൂപത്തിലോ ഭൂമിയിൽ അവതരിയ്ക്കുമെന്ന പുനർജന്മ വിശ്വാസം. ഇപ്രകാരം ചിന്തിക്കുന്നവർ ശരീരത്തിനു പ്രാധാന്യം നൽകുന്നില്ല. 4. മരണത്തോടെ ആത്മാവ് തടവറയാകുന്ന ശരീരത്തിൽ നിന്ന് സ്വതന്ത്രമായി എന്ന വാദം. 5. മരണത്തോടെ വ്യക്തിയുടെ സർവനാശം സംഭവിക്കുന്നു എന്ന ദർശനം.

## മൃതശരീരം ദഹിപ്പിക്കുന്നത് ശരീരത്തിന്റെ ഉയിർപ്പിനു തടസ്സമാണോ?

ഈശോയുടെ മരണത്തിന്റെയും ഉത്ഥാനത്തിന്റെയും പശ്ചാത്തലത്തിലാണ് ക്രൈസ്തവർ മരണത്തെ മനസ്സിലാക്കുന്നത്. ഈശോയുടെ ജീവിതത്തിൽ മരണം ഉയിർപ്പിലേക്കുള്ള ഒരു കടന്നുപോകൽ മാത്രമായിരുന്നു. ഇതുതന്നെയാണ് ഓരോരുത്തരുടെയും മരണത്തിലും സംഭവിക്കുന്നത്. മരണം ജീവിതത്തിന്റെ അവസാനമല്ല. ഈശോയോടുകൂടെ നിത്യമായി ജീവിക്കുന്നതിന് നാം മരിക്കുന്നു.

മൃതശരീരം ദഹിപ്പിക്കുന്നത് യുഗാന്ത്യത്തിൽ സംഭവിക്കാനിരിക്കുന്ന ശരീരങ്ങളുടെ ഉയിർപ്പിനു തടസ്സമാണ് എന്നു ചിന്തിക്കേണ്ടതില്ല. കാരണം, യുഗാന്ത്യത്തിൽ സംഭവിക്കാനിരിക്കുന്ന ശരീരങ്ങളുടെ ഉയിർപ്പ് സർവശക്തനായ ദൈവത്തിന്റെ പ്രവർത്തിയാണ്. നമ്മുടെ മൃതശരീരങ്ങൾ അഴുകിപ്പോയാലും കത്തിപ്പോയാലും വന്യമൃഗങ്ങൾക്ക് ഇരയായിത്തീർന്നാലും യുഗാന്ത്യത്തിൽ നമ്മുടെ ശരീരങ്ങളെ ഉയിർപ്പിക്കാൻ 'ഉണ്ടാകട്ടെ' എന്ന ഒറ്റ വാക്കുകൊണ്ട് പ്രപഞ്ചത്തെയും മനുഷ്യനെയും മറ്റു ജീവജാലങ്ങളെയും സൃഷ്ടിച്ച സ്രഷ്ടാവായ ദൈവത്തിനു സാധിക്കും. വിശുദ്ധ പൗലോസ് ശ്ലീഹാ പ്രസ്താവിക്കുന്നതുപോലെ നമ്മുടെ ദുർബലമായ മർത്യശരീരങ്ങളെ മഹത്ത്വപൂർണമായ ശരീരങ്ങളാക്കി മാറ്റാൻ ദൈവത്തിനു കഴിയും (ഫിലി 3:21).

## ശുദ്ധീകരണസ്ഥലവും മരിച്ചവർക്കുവേണ്ടിയുള്ള പ്രാർഥനയും

തിരഞ്ഞെടുക്കപ്പെട്ടവരുടെ അന്തിമ വിശുദ്ധീകരണത്തെയാണ് ശുദ്ധീകരണസ്ഥലം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് *(കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം 1031).* ലഘുവായ പാപങ്ങളോടും കുറവുകളോടും കൂടി മരിക്കുന്നവർ സ്വർഗത്തിൽ പ്രവേശിക്കുന്നതിനു മുൻപ് ശുദ്ധീകരിക്കപ്പെടണം. ശുദ്ധീകരണസ്ഥലം എന്ന് നാം പറയാറുണ്ടെങ്കിലും ഇത് ഒരു പ്രത്യേകസ്ഥലമായി മനസ്സിലാക്കേണ്ടതില്ല. ഇത് ശുദ്ധീകരിക്കപ്പെടുന്ന ഒരു അവസ്ഥയാണ്. സ്ഥലം എന്ന പദം തിരുസ്സഭയുടെ ഔദ്യോഗിക പ്രബോധനങ്ങളിൽ കാണുന്നില്ല.

മരിച്ചവർക്കുവേണ്ടിയുള്ള പ്രാർഥനകൾക്ക് വിശുദ്ധഗ്രന്ഥത്തിൽ അടിസ്ഥാനമുണ്ട്. വിശുദ്ധഗ്രന്ഥത്തിൽ മരിച്ചവർക്കുവേണ്ടിയുള്ള പ്രാർഥനയെക്കുറിച്ച് വ്യക്തമായി പരാമർശിക്കുന്ന ഒരു ഭാഗമാണ് 2 മക്ക 12: 42-45. യുദ്ധക്കളത്തിൽ മരിച്ചുവീണ തന്റെ പടയാളികളിൽ ചിലർ യഹൂദവിശ്വാസത്തിനും നിയമത്തിനുമെതിരായി യാമ്നിയായിലെ വിഗ്രഹങ്ങളുടെ ചിഹ്നം ആലേഖനം ചെയ്ത തകിടുകൾ ധരിച്ചിരുന്നതായി യൂദാസ് മക്കബേയൂസ് കണ്ടെത്തി. ഇവരുടെ ഈ പാപം തുടച്ചുമാറ്റണമെന്നു യാചിച്ച് അവർ പ്രാർഥനയിൽ മുഴുകി. പാപം നിമിത്തം മരണത്തിന് ഇരയായവർക്ക് വേണ്ടി പാപപരിഹാരബലിക്കായി യൂദാസ് ജനങ്ങളിൽനിന്ന് രണ്ടായിരത്തോളം ദ്രാക്മാ വെള്ളി പിരിച്ചെടുത്ത് ജറുസലെമിലേക്ക് അയച്ചുകൊടുത്തു. മരണശേഷവും പാപങ്ങൾ ക്ഷമിക്കപ്പെടാമെന്നും ജീവിച്ചിരിക്കുന്നവരുടെ പ്രാർഥനകൾ അതിനു കാരണമാകുമെന്നും യൂദാസും കൂട്ടരും വിശ്വസിച്ചിരുന്നു എന്ന് ഇതിൽ നിന്നു വ്യക്തമാണ്.

www.malankaralibrary.com

മരിച്ചവർക്കുവേണ്ടിയുള്ള പ്രാർഥന അപ്പസ്തോലന്മാരുടെ കാലംമുതൽ സഭയിൽ നിലനിന്നിരുന്നു. മരണമടഞ്ഞ ഒനേസിഫോറസിന് വിധിദിവസം കർത്താവിന്റെ കരുണ ലഭിക്കട്ടെ എന്ന് പൗലോസ് ശ്ലീഹാ പ്രാർഥിക്കുന്നു. "ഒനേസിഫൊറസിന്റെ കുടുബത്തിന്റെമേൽ കർത്താവ് കാരുണ്യം ചൊരിയട്ടെ. എന്തെന്നാൽ, അവൻ പലപ്പോഴും എന്നെ ആശ്വസിപ്പിച്ചിട്ടുണ്ട്. എന്റെ ചങ്ങലകളെപ്പറ്റി അവൻ ലജ്ജിച്ചിട്ടുമില്ല. അവൻ റോമയിലെത്തിയപ്പോൾ എന്നെപ്പറ്റി ആകാംക്ഷാപൂർവം അന്വേഷിക്കുകയും എന്നെ കാണുകയും ചെയ്തു. എഫേസോസിൽ വച്ച് അവൻ ചെയ്ത സേവനങ്ങളെപ്പറ്റിയെല്ലാം നിനക്കു നന്നായറിയാമല്ലോ. അവസാനദിവസം കർത്താവിൽനിന്നു കാരുണ്യം ലഭിക്കാൻ അവിടുന്നു അവന് അനുഗ്രഹം നല്കട്ടെ" (2 തിമോ 1:16-18).

മരിച്ചവർക്കുവേണ്ടി പ്രാർഥിക്കുക എന്നത് സഭയുടെ ആരംഭംമുതലേ ഉണ്ടായിരുന്ന ഒരു കാര്യമായിരുന്നു. തിരുസ്സഭയുടെ ആരംഭകാലംമുതൽ മരിച്ചവരെ അനുസ്മരിക്കുകയും അവർക്കുവേണ്ടി പ്രാർഥിക്കുകയും കുർബാനയർപ്പിക്കുകയും ദാനധർമാദികൾ നടത്തുകയും ചെയ്തിരുന്നു. മരിച്ചവർക്കുവേണ്ടിയുള്ള പ്രാർഥനകളുടെ പല സാക്ഷ്യങ്ങളും ഭൂഗർഭസെമിത്തേരികളിൽനിന്ന് ലഭിച്ചിട്ടുണ്ട്. വിശുദ്ധ കുർബാനയിൽ മരിച്ചവർക്കുവേണ്ടി പ്രാർഥിക്കുന്നത് സഭയുടെ ആദ്യകാലംമുതൽതന്നെ ഈ പ്രാർഥനയും ഉണ്ടായിരുന്നു എന്നതിന്റെ ഏറ്റവും പുരാതനവും ശക്തവുമായ തെളിവാണ്. കുർബാനക്രമങ്ങളിലും കൂദാശാകർമങ്ങളിലും മരിച്ചവർക്കുവേണ്ടിയുള്ള പ്രാർഥനകളുണ്ട്.

കൂടാതെ, സഭാപിതാക്കന്മാരുടെ പഠനങ്ങൾ മരിച്ചവർക്കുവേണ്ടിയുള്ള പ്രാർഥന ആദ്യകാലം മുതൽ സഭയിൽ നിലനിന്നിരുന്നു എന്നതിന്റെ തെളിവുകളാണ്. അലക്സാണ്ട്രിയായിലെ വിശുദ്ധ ക്ലമന്റ് (+215), കാർത്തേജിലെ വിശുദ്ധ സിപ്രിയാൻ (+258), ജറുസലെമിലെ വിശുദ്ധ സിറിൽ (313-386), വിശുദ്ധ അപ്രേം (+373), വിശുദ്ധ ജോൺ ക്രിസോസ്തോം (+407), വിശുദ്ധ ആഗസ്തിനോസ് (+430) തുടങ്ങിയ സഭാപിതാക്കന്മാർ മരിച്ചവർക്കുവേണ്ടിയുള്ള പ്രാർഥനയുടെ പ്രാധാന്യത്തെക്കുറിച്ച് പഠിപ്പിക്കുന്നു.

മരിച്ചവർക്കുവേണ്ടിയുള്ള പ്രാർഥന ജീവിച്ചിരിക്കുന്നവരുടെ ഉത്തരവാദിത്തമാണ്. മരിച്ചവർക്കുവേണ്ടി പ്രാർഥിക്കുക എന്നത് വിശുദ്ധവും രക്ഷാകരവുമാണെന്ന് സഭ പഠിപ്പിക്കുന്നു *(തിരുസ്സഭ 50).*

ക്രിസ്തുവും വിശ്വാസികളും തമ്മിലുള്ള ആധ്യാത്മിക ഐക്യം മരണത്തോടെ ഇല്ലാതാകുന്നില്ല. സഭയിലൂടെ ക്രിസ്തുവുമായുള്ള ബന്ധമാണ് മരിച്ചവർക്കുവേണ്ടിയുള്ള പ്രാർഥനകളിലൂടെ പ്രകടിപ്പിക്കപ്പെടുന്നത്. നിത്യതയിൽ വർത്തമാനകാലം മാത്രമേ ഉള്ളൂ. നാം ഭൂമിയിലായിരിക്കുമ്പോൾ ഒരു പ്രത്യേകസമയത്ത് ചെയ്യുന്ന പ്രാർഥനകൾ അതർഹിക്കുന്ന വ്യക്തികൾക്ക് സമയപരിധികളില്ലാതെ ലഭിക്കും. വിധി നടത്തുന്ന ദൈവത്തിന് അനന്തജ്ഞാനത്തിൽ എല്ലാം മുൻകൂട്ടികണ്ട് തീരുമാനിക്കാൻ കഴിയും. നിത്യനായ ദൈവത്തിന് ഭൂതകാലവും വർത്തമാനകാലവും ഭാവികാലവും ഒന്നുതന്നെയാണ്. നമ്മുടെ പ്രാർഥനകളും ഭക്തകൃത്യങ്ങളും എപ്പോഴായാലും മരണമടഞ്ഞവർക്ക്, നിത്യതയിൽ പ്രവേശിച്ചവർക്ക്, ഒരേപോലെയാണ്.

## ഉപസംഹാരം

ഈശോയുടെ മരണം പിതാവിന്റെ പക്കലേയ്ക്കുള്ള തിരിച്ചുപോക്കായിരുന്നു. ഈശോ പിതാവിന്റെ അടുത്തുനിന്നു വന്നതുപോലെ പിതാവിന്റെ അടുത്തേയ്ക്ക് തിരിച്ചുപോകുന്നു (യോഹ 8:23,58; 17:5,18,24; 18:37). ഈശോയെപ്പോലെ ക്രൈസ്തവന്റെ മരണവും ദൈവപിതാവിന്റെ പക്കലേയ്ക്കുള്ള തിരിച്ചുപോകലാണ്. തന്റെ മരണത്തെ ഈശോയുടെ മരണവുമായി ഐക്യപ്പെടുത്തുന്ന ക്രൈസ്തവൻ ഈശോയിലേയ്ക്കുള്ള ആഗമനവും നിത്യജീവിതത്തിലേയ്ക്കുള്ള പ്രവേശനവുമായി അതിനെ വീക്ഷിക്കുന്നു *(കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം1020).* ഈശോ തന്റെ മരണത്തിലൂടെ മരണത്തെ തോൽപ്പിച്ചതുമൂലം, ക്രൈസ്തവനെ സംബന്ധിച്ചിടത്തോളം മരണം ഒരു തോൽവിയല്ല, വിജയമാണ്. വിശുദ്ധ പൗലോസ് ശ്ലീഹായോടൊപ്പം ഓരോ ക്രൈസ്തവനും പറയാൻ കഴിയും: "മരണമേ, നിന്റെ വിജയം എവിടെ? മരണമേ, നിന്റെ ദംശനം എവിടെ? മരണത്തിന്റെ ദംശനം പാപവും പാപത്തിന്റെ ശക്തി നിയമവുമാകുന്നു. നമ്മുടെ കർത്താവായ യേശുക്രിസ്തുവഴി നമുക്കു വിജയം നൽകുന്ന ദൈവത്തിനു നന്ദി" (1 കോറി 15:55-57). ■

---

*സീറോമലബാർ സഭ ഡോക്ട്രൈനൽ കമ്മീഷൻ സെക്രട്ടറിയും കെ.സി.ബി.സി. ഡോക്ട്രൈനൽ കമ്മീഷൻ ജോയിന്റ് സെക്രട്ടറിയും 20-ൽപ്പരം ദൈവശാസ്ത്ര ഗ്രന്ഥങ്ങളുടെ രചയിതാവുമാണ് ലേഖകൻ.*

www.malankaralibrary.com

# മാറ്റമില്ലാത്ത മരണവും മാറിക്കൊണ്ടിരിക്കുന്ന ചടങ്ങുകളും

നാടും നഗരവും വികസിക്കുകയും പുരോഗമിക്കുകയും ചെയ്യുന്നതിനൊപ്പം മൃതസംസ്കാര ചടങ്ങുകൾക്കു വരെ മാറ്റം സംഭവിച്ചുകൊണ്ടിരിക്കുകയാണ്. രണ്ടു ദശകത്തിനുമുമ്പുവരെ നടന്നിരുന്ന മൃതസംസ്കാര രീതികളൊന്നുമല്ല ഇന്നുള്ളത്. മൃതരോടുള്ള ആദര സൂചകമായ ജാഗരമിരിപ്പും പ്രാർഥനകളുമൊക്കെ ലോപിച്ച് അതൊക്കെ മോർച്ചറികളും മൊബൈൽ മോർച്ചറികളും ഇവന്റ്മാനേജുമെന്റുമൊക്കെ കൈയടക്കിയപ്പോൾ മൃതസംസ്കാരവും ആർഭാടത്തിന്റെ മിഴിവേകുന്ന തരത്തിലായിക്കൊണ്ടിരിക്കുകയാണ്. ഫോട്ടോഷൂട്ടും ഓൺലൈൻ പ്രക്ഷേപണവുമൊക്കെ ആരംഭിച്ചതോടെ വിദേശത്തുള്ളവർ അന്ത്യോപചാര സമർപ്പണംപോലും ഓൺലൈനിലാക്കിക്കഴിഞ്ഞു. മരണത്തെപ്പോലും കച്ചവടവത്ക്കരിക്കുന്ന ആധുനിക പ്രവണതകളുടെ കാഴ്ചവെട്ടത്തിലേക്കൊരു നോട്ടം.



**വിനായക് നിർമൽ**
*എഴുത്തുകാരൻ*

അടുത്തയിടെ മണിയംകുന്നിലെ കൊളോത്തോമ്മയുടെ ജീവചരിത്രരചനയുമായി ബന്ധപ്പെട്ട് അവിടേയ്ക്ക് ഒരു യാത്ര നടത്തിയിരുന്നു. തങ്കപ്പെട്ട ആ പുണ്യാത്മാവുമായി അടുത്ത് ഇടപഴകി ജീവിച്ച, പ്രായം ചെന്ന ഒരമ്മയെ നേരിൽകണ്ട് സംസാരിക്കാനെത്തിയപ്പോൾ സമയം ഉച്ചകഴിഞ്ഞ് മൂന്ന് മണിയോട് അടുത്തിരുന്നു. നിശ്ശബ്ദമായ കോൺവന്റ് കെട്ടിടത്തിന്റെ നീണ്ട വരാന്തയിലെ ഒരു ചാരുബെഞ്ചിലിരുന്ന് ആ കന്യാസ്ത്രിയമ്മ തന്റെ സ്വകാര്യസമ്പാദ്യവുമായി പ്രാർഥനാപൂർവം ചെലവഴിക്കുകയായിരുന്നു. ആ സ്വകാര്യ സമ്പാദ്യം മറ്റൊന്നുമായിരുന്നില്ല; മരിച്ചുപോയ നൂറിലധികം പേരുടെ ഫോട്ടോയും മരണ അറിയിപ്പുകളുമായിരുന്നു.

നിറമില്ലാത്ത പേപ്പറിൽ അച്ചടിച്ച, അരിക് ദ്രവിച്ചു തുടങ്ങിയ, ഫോട്ടോപോലും മങ്ങിത്തുടങ്ങിയ ചരമകാർഡുകൾ... മരണ അറിയിപ്പുകൾ. ഒരു നാട കൊണ്ട് കെട്ടിവച്ച ആ കാർഡുകൾ ഓരോന്നും കൈയിലെടുത്തു തനിക്ക് പരിചയമുള്ളതും അടുപ്പമുള്ളതുമായ വ്യക്തികളോരോരുത്തരുടെയും ആത്മാക്കളുടെ നിത്യശാന്തിക്കായി പ്രാർഥിക്കുകയായിരുന്നു തേജസ്വിനിയായ ആ വൃദ്ധകന്യക.

'മരിച്ചവിശ്വാസികളുടെ ആത്മാക്കൾക്ക് തമ്പുരാന്റെ മനോഗുണത്താൽ മോക്ഷത്തിൽ എത്തിച്ചേരാൻ കൃപയുണ്ടായിരിക്കണമേ'. എങ്ങോ മൺമറഞ്ഞ, ഒരിക്കൽപോലും കാണുകയോ കേൾക്കുകയോ ചെയ്തിട്ടില്ലാത്ത നിറം കെട്ടുപോയ ആ ചരമഫോട്ടോകളും ചരമഅറിയിപ്പുകളും വെറു

www.malankaralibrary.com



തെ കൈയിലെടുക്കുമ്പോൾ എന്തിനോ എന്റെ കൈവിറച്ചിരുന്നു. ഏതോ ആത്മാവിനെ കൈനീട്ടി സ്പർശിക്കുന്നതുപോലെയായിരുന്നു എനിക്കത് അനുഭവപ്പെട്ടത്. ഈ. മ. യൗ. എന്ന് എഴുതി കുരിശുരൂപത്തിന്റെ ചിത്രമുള്ള ബ്ലാക്ക് ആന്റ് വൈറ്റ് മരണ അറിയിപ്പുകൾ. ഇന്നത്തേതുപോലെ മൾട്ടികളറും മാപ്പിലത്തോയും ഗ്ലോസിയും ആർട് പേപ്പറും ഡിടിപിയും ഓഫ്സെറ്റും ഇല്ലാത്ത കാലത്തെ ചരമഫോട്ടോകൾ. കാലം മാറിക്കൊണ്ടിരിക്കുമ്പോൾ മരണവുമായി ബന്ധപ്പെട്ട രീതികളും അറിയിപ്പുകളും പോലും മാറിക്കൊണ്ടിരിക്കുകയാണല്ലോയെന്ന ചിന്ത പെട്ടെന്നാണ് മനസ്സിലേക്ക് ഓടിയെത്തിയത്.

ഇന്നും ഓർമയിൽ നില്ക്കുന്ന ഒരു ചരമ അറിയിപ്പിന്റെ ചിത്രമാണ് അപ്പോൾ മനസ്സിൽ തെളിഞ്ഞുവന്നത്. കുട്ടിക്കാലമാണ്, സ്കൂൾ അധ്യയനമില്ലാത്ത ശനി, ഞായർ ദിവസങ്ങളിൽ മുറുക്കാൻ കടക്കാരനായ അപ്പന് ഉച്ചയ്ക്ക് വീട്ടിൽ നിന്ന് ചോറു കൊണ്ടുപോയി കൊടുത്തിരുന്നത് ഞാനായിരുന്നു. അന്ന് അത്തരമൊരു മധ്യാഹ്നത്തിൽ ചോറുമായി ചെല്ലുമ്പോൾ അപ്പൻ കടയുടെ പലക താഴ്ത്തുകയായിരുന്നു. ഈ നട്ടുച്ചയ്ക്ക് അപ്പൻ കടയടച്ച് എങ്ങോട്ടുപോകുന്നുവെന്ന് ഉള്ളിൽ ആശങ്കപ്പെട്ട എന്നോട്, എന്തെങ്കിലും ചോദിക്കുന്നതിന് മുമ്പു തന്നെ അപ്പൻ പറഞ്ഞു: 'നീ ചോറു തിരിച്ചു കൊണ്ടുപോയിക്കോ ഒരു ശവമടക്കുണ്ട്. നീയിത് കണ്ടോ..' അപ്പൻ ഷർട്ടിന്റെ പോക്കറ്റിൽ നിന്ന് ഒരു കാർഡെടുത്ത് എനിക്ക് നേരെ നീട്ടിയതിന് ശേഷം കട താഴിട്ടുപൂട്ടുന്ന പ്രക്രിയയിൽ ഏർപ്പെട്ടു. ഞാനാ കാർഡ് കൈയിലെടുത്തു. ഒരു ബ്ലാക്ക് ആന്റ് വൈറ്റ് പേപ്പർ. കറുത്ത ബോർഡർ വരച്ച വെളുത്ത പ്രതലത്തിൽ മൂന്നോ നാലോ വാചകങ്ങളുള്ള ഒരു ചരമ അറിയിപ്പ്. തുടക്കത്തിൽ ഈ. മ. യൗ. ഇത്തരത്തിലുള്ള ചരമ അറിയിപ്പുകളും മരിച്ചവരുടെ കാർഡുകളും കടയിലെ ചില്ലലമാരയുടെ നാലു വശങ്ങളിലായി അപ്പൻ അലങ്കരിച്ചുവച്ചിരുന്നു. അതുകൊണ്ട് ഈ കാർഡ് പ്രത്യേകമായ ഒരു വികാരവും എന്നിൽ ഉണർത്തിയിരുന്നില്ല.

ചോറുണ്ണാൻ നിന്നാൽ മരിച്ചവീട്ടിലോ അതോ പള്ളിയിലോ എത്താൻ വൈകുമെന്ന് ആശങ്കപ്പെട്ട് അപ്പൻ അപ്പോൾതന്നെ അവിടെ നിന്ന് യാത്രയായി. കുറച്ചു ദൂരെയെവിടെയോ ആയിരിക്കണം പരേതന്റെ വീടും പള്ളിയും (ഏതു മരിച്ചവീട്ടിലും ചെന്ന് രാവെളുക്കുവോളം ഉണർന്നിരിക്കുന്നത് അപ്പന്റെ ശീലമായിരുന്നു. ബീഡിവലിച്ചും കാർക്കിച്ചുതുപ്പിയും കട്ടൻകാപ്പി ചോദിച്ചും വീട്ടുകാരെ ബുദ്ധിമുട്ടിക്കരുതെന്ന് മുതിർന്നതിന് ശേഷം ഞങ്ങൾ മക്കൾ ശാസിക്കുമ്പോഴും പ്രായമേറെയായിട്ടും അപ്പൻ തന്റെ പതിവ് പ്രായാധിക്യംമൂലം അവശനായ അടുത്തകാലംവരെ അവസാനിപ്പിച്ചിട്ടുണ്ടായിരുന്നില്ല). ഇന്നത്തെ ന്യൂജെൻ തലമുറയ്ക്ക് ഇത്തരത്തിലുള്ള

www.malankaralibrary.com

ചരമ കാർഡുകളെയും വൈകിയെത്തുന്ന ചരമ അറിയിപ്പുകളെയും കുറിച്ച് ചിന്തിക്കാൻപോലും കഴിയില്ല. ഇന്ത്യൻ പ്രധാനമന്ത്രി ഇന്ദിരാഗാന്ധി കൊല്ലപ്പെട്ടു എന്ന ദാരുണ വാർത്ത പത്രം വായിച്ച് മാത്രം അറിഞ്ഞിരുന്ന ഒരു കാലത്തിൽ നിന്ന് ഇന്ന് ലോകത്തിൽ എവിടെയും നടക്കുന്ന ഏതുവിശേഷവും മരണമുൾപ്പെടെ ഞൊടിയിടെ നമ്മുടെ കാതുകളിലെത്തിക്കാൻ കഴിയുന്ന വിധത്തിൽ ലോകവും കാലവും മാറിക്കഴിഞ്ഞിരിക്കുന്നു. ആധുനിക സാങ്കേതിക വിദ്യകളുടെ അതിവ്യാപനം മറ്റു പല രംഗങ്ങളിലുമെന്നപോലെ മരണരംഗത്തെയും കീഴടക്കിയിരിക്കുന്നു.

നേരിൽ ഒരിക്കൽപോലും കണ്ടിട്ടില്ലാത്ത ഫേസ്ബുക്ക് സുഹൃത്തുക്കളുടെ പ്രൊഫൈൽ പിക്ച്ചറായും സ്റ്റോറിയായും സ്റ്റാറ്റസായും ഡിപിയായുമൊക്കെ ഇതിനകം അവരുടെ പ്രിയപ്പെട്ടവരുടെ പോലും മരണം ഞൊടിയിടെ നാം കണ്ടറിഞ്ഞിരിക്കുന്നു. കഴിഞ്ഞദിവസം ഒരു ചങ്ങാതിയുടെ ഡിപിയിൽ പുതിയൊരു മുഖം. 'ഇതാരുടെയാടാ' എന്ന് വാട്സാപ്പിൽ ചോദിച്ചപ്പോൾ നെഫ്യുവെന്ന് മറുപടി. വണ്ടി ആക്സിഡന്റായിരുന്നു. 25 വയസ്. പത്രക്കട്ടിംഗ്സും ഫോട്ടോയും മറ്റ് വിശദാംശങ്ങളും അവൻ വേഗം വാട്സാപ്പ് ചെയ്യുകയും ചെയ്തു. മകന്റെ സ്കൂൾ പ്രിൻസിപ്പലായിരുന്ന വൈദികന്റെ ഡിപി വർഷങ്ങളായി വേർപിരിഞ്ഞുപോയ അദ്ദേഹത്തിന്റെ അമ്മയുടേതാണ്. ഇടയ്ക്കിടെ ഫോണിൽ ബന്ധപ്പെടാറുള്ള ഒരു കന്യാസ്ത്രി സുഹൃത്ത് വാട്സാപ്പിൽ ഒരു ഫോട്ടോ അയച്ചതിന് ശേഷം വോയ്സ് ഇട്ടു. ചേച്ചിയുടെ ഭർത്താവാണ്, കാൻസറായിരുന്നു. പ്രാർഥിക്കണം.

ഒരു വർഷം മുമ്പായിരുന്നു ഫേസ്ബുക്ക് സ്ക്രോൾ ചെയ്ത് കടന്നുപോകവെ 'ആദരാഞ്ജലികൾ' എന്ന പൂക്കൂടയ്ക്ക് ചുവടെ പരിചിതമായ ഒരുമുഖം കണ്ട് ഞെട്ടിയത്. ഒരു പ്രസിദ്ധീകരണത്തിന്റെ സുവർണജൂബിലി ആഘോഷത്തോട് അനുബന്ധിച്ച് നടന്ന ചടങ്ങിൽ വച്ചാണ് അദ്ദേഹത്തെ ആദ്യമായും അവസാനമായും നേരിൽ കാണുന്നത്. മോട്ടിവേഷനൽ സ്പീക്കറും എഴുത്തുകാരനുമായിരുന്നു. പെട്ടെന്നായിരുന്നുവത്രെ മരണം. പത്രങ്ങളിലെ ചരമകോളങ്ങളിൽ മാത്രം അറിയാനിടയാകുന്ന മരണങ്ങളാണ് വളരെ പെട്ടെന്ന് നേരിട്ട് നമ്മുടെ ഫോണിലേക്കും ലാപ്പിലേക്കുമൊക്കെ ഇപ്പോൾ വന്നുകൊണ്ടിരിക്കുന്നത്. 'കിട്ടി, കിട്ടി കൊണ്ടുവാ, കൊണ്ടുവാ' എന്ന മട്ടിൽ മുഴങ്ങിക്കൊണ്ടിരിക്കുന്ന ഇടവകപ്പള്ളിയിലെ മണി മുഴക്കങ്ങളിൽ നിന്ന് മാത്രം ആരോ മരിച്ചുവെന്ന് അറിഞ്ഞിരുന്ന ഒരു കാലത്തു നിന്ന്, 'ആര് മരിച്ചു' 'എപ്പോൾ സംസ്കാരം നടത്തും' ഇത്യാദി വിവരങ്ങൾ പള്ളിവക വാട്സാപ്പ് ഗ്രൂപ്പിൽ നിന്ന് ഇന്ന് നാം കൃത്യമായി അറിഞ്ഞുതുടങ്ങിയിരിക്കുന്നു. ഇങ്ങനെയൊക്കെയാണ് കാര്യങ്ങൾ...

വിദൂരങ്ങളിലുള്ള ബന്ധുക്കളെ മരിച്ച വിവരം അറിയിക്കുന്നത് പണ്ടുകാലങ്ങളിൽ എത്രയോ ദുഷ്ക്കരമായിരുന്നു. ചെന്നെത്താൻ കഴിയുന്ന ദൂരങ്ങളിൽ ആരെയെങ്കിലും പറഞ്ഞയ്ക്കും. ഇല്ലെങ്കിൽ കത്തെഴുതും. മലബാർ കുടിയേറ്റകാലത്ത് തിരുവിതാംകൂറിൽ നിന്ന് യാത്രയായവർ തങ്ങളുടെ പ്രിയപ്പെട്ടവരുടെ മരണം അറിഞ്ഞിരുന്നത് എത്രയോ നാളുകൾക്കും മാസങ്ങൾക്കും ശേഷമായിരുന്നു! ടെലിഗ്രാം സന്ദേശമൊക്കെ ചില പ്രത്യേക ആളുകൾക്ക് കിട്ടിയിരുന്നത് ഒരുപക്ഷേ, അതിനും ശേഷമായിരിക്കണം. വല്ല വിധേനയും മരണം അറിഞ്ഞുകേട്ട് ഓടിപ്പാഞ്ഞ് വരുമ്പോഴേയ്ക്കും ആള് മണ്ണിനടിയിലായിട്ടുണ്ടാവും. പള്ളിപ്പറമ്പിലേക്കോ വീട്ടുവളപ്പിലേക്കോ പോയി കുഴിമാടത്തിന് മുമ്പിൽ നിന്ന് കരയാൻ വിധിക്കപ്പെടുന്നവർക്ക് തങ്ങളുടെ പ്രിയപ്പെട്ടവരുടെ ജീവനറ്റ ദേഹമാണെങ്കിൽ പോലും അവസാനമായിട്ടൊന്ന് കാണാൻകൂടി സാധിച്ചിരുന്നില്ല.

ഇക്കഴിഞ്ഞ ജൂണിലായിരുന്നു അപ്പനും അമ്മയും ഒരുമിച്ച് ഹോസ്പിറ്റലിൽ കയറിയത്. രണ്ടാഴ്ചയോളം ഇരുവരും അവിടെയായിരുന്നു. അവരുടെ മുറിയുടെ എതിർവശത്തായി പാലിയേറ്റീവ് കെയർ യൂണിറ്റിൽ ഒരു അപ്പാപ്പനുണ്ടായിരുന്നു. പരാശ്രയം കൂടാതെ മറ്റു കാര്യങ്ങൾ ചെയ്യാൻ കഴിയില്ലെങ്കിലും സുബോധമുള്ള ആൾ. ഭാര്യ മരിച്ചുപോയി. മക്കളെല്ലാം വിദേശത്ത്. ആശുപത്രിക്കാരുടെ പരിചരണത്തിലും കൂട്ടിലും മാത്രമായിരുന്നു അദ്ദേഹത്തിന്റെ ദിവസങ്ങൾ കടന്നുപോയിരുന്നത്.

ഇടയ്ക്ക് സന്ദർശനം നടത്തുന്ന ബന്ധുക്കളുടെ ഫോണിലെ വീഡിയോകോളിലൂടെ മക്കളും അപ്പനുമായി സംസാരിക്കുന്നത് കാണാനിടയായിട്ടുണ്ട്. ആഴ്ചകൾക്കുശേഷം അപ്പനും അമ്മയും ഡിസ്ചാർജ് ചെയ്യപ്പെട്ടു. പിന്നീട് റിവ്യൂവിന് വേണ്ടി ആശുപത്രിയിലെത്തിയപ്പോൾ പരിചയത്തിലുള്ള ഒരു നഴ്സ് അപ്പനമ്മമാരുടെ വിശേഷങ്ങൾ തിരക്കിയ കൂട്ടത്തിൽ അറിയിച്ചു, ചേട്ടാ നമ്മുടെ ആ അപ്പാപ്പ

www.malankaralibrary.com

നില്ലേ മരിച്ചുപോയീട്ടോ... ഒരാഴ്ച ബോഡി മോർച്ചറിയിൽ വച്ചു. മക്കളൊക്കെ പലയിടത്തു നിന്ന് വരണമായിരുന്നുവല്ലോ? ജീവിച്ചിരുന്നപ്പോൾ അപ്പനെ അവസാനമായി കാണാൻ സന്നദ്ധത കാട്ടിയില്ലെങ്കിലും മരിച്ചുകഴിഞ്ഞപ്പോൾ മക്കളെല്ലാവരും കൂടി വന്ന് ആഘോഷമായി സംസ്കാരം നടത്തിയല്ലോയെന്ന് ഞാൻ മനസ്സിൽ പറഞ്ഞു. പണ്ടുകാലങ്ങളിൽ ഇങ്ങനെയൊരു സാധ്യത ചിന്തിക്കാൻ പോലും കഴിയുമായിരുന്നോ. മൃതദേഹം ദിവസങ്ങളോളം സൂക്ഷിച്ചുവയ്ക്കുന്ന രീതി?. ഇന്ന് മരിച്ചു. നാളെ സംസ്കരിക്കും. അതായിരുന്നു നേരത്തത്തെ രീതി. എത്ര പ്രിയപ്പെട്ടവരാണെങ്കിലും മരിച്ചുകഴിയുമ്പോൾ വെറും ബോഡിയാണ്. അത് നിശ്ചിതസമയം കഴിയുമ്പോൾ നാറും. അതുകൊണ്ടാണ് 24 മണിക്കൂറിനുള്ളിൽ സംസ്കാരം നടത്തി ബന്ധുക്കൾ സ്വതന്ത്രരായിരുന്നത്, പക്ഷേ, ഇന്ന് അതും മാറി. മോർച്ചറികളും മൊബൈൽ മോർച്ചറികളും അത്തരം പരിമിതികളെ അതിജീവിച്ചിരിക്കുന്നു.

ഒരു മൃതശരീരം കുളിപ്പിക്കാനായി എടുത്തുകൊണ്ടുപോകുന്നത് കുട്ടിക്കാലത്ത് കണ്ടിട്ടുണ്ട്. അയൽക്കാരിയായ ഒരു ഹൈന്ദവസ്ത്രീയുടേതായിരുന്നു. മരിച്ചതറിഞ്ഞപ്പോൾ കാണാൻ പോയ അമ്മയ്ക്കൊപ്പം ഞാനും പോവുകയായിരുന്നു. ഞങ്ങൾ ചെല്ലുമ്പോൾ കട്ടിലിൽ നിന്ന് പിന്നാമ്പുറത്തേക്ക് ജീവനറ്റ ശരീരം കൊണ്ടുപോവുകയാണ് കുളിപ്പിക്കാനാണെന്ന് അമ്മയാണ് പറഞ്ഞുതന്നത്. മരിച്ചവരും കുളിക്കാറുണ്ടെന്ന് അന്നാണ് ആദ്യമായി അറിഞ്ഞത്. അന്ന് ആ വീട്ടിലുണ്ടായിരുന്ന ഗന്ധം വർഷമെത്ര കഴിഞ്ഞിട്ടും ഇന്നും മൂക്കിലുണ്ട്; മരണത്തിന്റെയാണോ രോഗത്തിന്റെയാണോയെന്ന് തിരിച്ചറിയാനാവാതെ... ഇന്ന് വീടുകളിൽ കിടന്നു മരിക്കുന്നവർ വളരെ കുറവല്ലേ? വീടുകളിൽ വച്ചുള്ള മൃതദേഹകുളിപ്പിക്കലുകളും. പലരുടെയും മരണം ആശുപത്രികളിൽവച്ച്. അവിടെ നിന്ന് കുളിപ്പിച്ചുടുപ്പിച്ച് ആംബുലൻസിലാണ് വീട്ടിലേക്കുള്ള മടക്കം. മൃതദേഹം കുളിപ്പിക്കുന്നതും ഒരുക്കുന്നതും വീട്ടുകാർ അറിയുന്നതേയില്ല.

വിദേശത്തുള്ള ബന്ധുക്കൾക്കായി സംസ്കാരച്ചടങ്ങുകൾ ലൈവായി സംപ്രേഷണം ചെയ്യുന്ന രീതിയും വ്യാപകമായി. നാട്ടിലുള്ള അപ്പന്റെയോ അമ്മയുടേയോ മൃതസംസ്കാരം വിദേശത്തിരുന്ന് മക്കൾ കമ്പ്യൂട്ടറിലൂടെ കാണും. ഇന്ന ദിവസം ഇന്ന പള്ളിയിൽ ഇന്ന സമയത്ത് സംസ്കാരശുശ്രൂഷകൾ നടക്കും എന്ന് അറിയിച്ചിരുന്ന കാലത്തിൽ നിന്നും മാറി അത്തരത്തിലുള്ള പ്രാഥമികവിവരങ്ങൾക്ക് പുറമെ അടിക്കുറിപ്പായി സംസ്കാരശുശ്രൂഷകൾ യൂട്യൂബ് ചാനലിൽ ലൈവായി സംപ്രേഷണം ചെയ്യുന്നതായിരിക്കും എന്ന് കൂടി ചേർക്കാൻ നാം തയ്യാറായിരിക്കുന്നു.

ഫ്ളക്സ് ബോർഡുകളാണ് മറ്റൊന്ന്. ഒരാളുടെ മരണം സംഭവിച്ചാൽ അതുമായി ബന്ധപ്പെട്ട നാല്ക്കവലകളിലും പള്ളിയുടെ മുമ്പിലും വീട്ടിലുമെല്ലാം ഫോട്ടോയോടുകൂടി ഫ്ളക്സ്ബോർഡുകൾ... ഫ്ളക്സുകൾ നിരോധിച്ചുവെങ്കിലും ചരമ ഫോട്ടോകളുമായി പ്രത്യക്ഷപ്പെടുന്ന ഫ്ളക്സ് ബോർഡുകൾക്കു നിരോധനമേയില്ല. സംസ്കാരം കഴിഞ്ഞ് എടുത്തുമാറ്റുന്ന ഈ ഫ്ളക്സുകൾ പിന്നീട് കോഴിക്കൂട് മറയ്ക്കാനും വറ്റൽമുളക് കഴുകി ഉണക്കാനും ഉപയോഗിക്കുന്നതാണ് കൂടുതൽ സങ്കടകരം.

മകനെപോലെ എന്നെ സ്നേഹിച്ചിരുന്ന ഒരമ്മയുണ്ടായിരുന്നു എറണാകുളത്ത്. റിട്ടയേർഡ് അധ്യാപികയായിരുന്നു. മക്കളാവട്ടെ ഹൈപ്രൊഫഷണൽസും. എട്ടുവർഷം മുമ്പാണ് വല്ലാത്തൊരു അനാഥത്വത്തിലേക്ക് എന്നെ വലിച്ചെറിഞ്ഞിട്ട് ആ അമ്മ യാത്രയായത്. അമ്മച്ചി മരിച്ചുവെന്ന് കേട്ട് കോഴിക്കോട് നിന്ന് എറണാകുളത്തേക്ക് രാത്രി മുഴുവൻനീണ്ട യാത്രചെയ്ത് ഒടുവിൽ വീട്ടിലെത്തിച്ചേർന്നപ്പോൾ കണ്ടത് എത്രയോ തവണ എനിക്ക് ആതിഥ്യമരുളിയ വിശാലമായ ആ മുറിയിൽ കൂട്ടിന് ആരുമില്ലാതെ അമ്മച്ചി കിടക്കുന്നതാണ്. തൊട്ടടുത്ത മുറികളിലായി ആരൊക്കെയോ കിടന്നുറങ്ങുന്നുണ്ടായിരുന്നു.

മരിച്ചവീടുകളിൽ ഉറക്കമിളച്ച് പ്രാർഥനയോടെ കഴിയണമെന്നുള്ള നാട്ടിൻപുറങ്ങളിലെ ചില കീഴ്വഴക്കങ്ങൾ പരിചയമുണ്ടായിരുന്ന എന്നെ സംബന്ധിച്ചിടത്തോളം അത് അത്ഭുതമായിരുന്നു. അതിന് മുമ്പോ അതിന് ശേഷമോ അങ്ങനെയൊരു മരണവീട് ഞാൻ കണ്ടിട്ടില്ല. മരിച്ചവരോടുള്ള സ്നേഹവും ആദരവും ആ മരണം ഉണ്ടാക്കിയ ശൂന്യതയും വിടവുമല്ലേ ഒരു രാത്രിയിലെങ്കിലും അവർക്കുവേണ്ടി ഉണർന്നിരിക്കാൻ നമ്മെ പ്രേരിപ്പിക്കുന്നത്. ചങ്കുപിടയുന്ന വേദനയുണ്ടെങ്കിൽ സുബോധത്തോടെ കിടന്നുറങ്ങാൻ ആർക്കെങ്കിലും കഴിയുമോ? പാന വായിച്ചും കൊന്തചൊല്ലിയും രാവിനെ പകലാക്കിയിരുന്ന മരണവീടുകൾ ഇപ്പോൾ അസ്തമിച്ചിരിക്കുന്നു, അതിവൈകാരികതയിൽ നിന്ന് മോചിതരായി കുറെക്കൂടി പ്രായോഗിക സംസ്കാരത്തിലേക്ക് നാം

www.malankaralibrary.com

മാറിയിരിക്കുന്നു. സംസ്കാരശുശ്രൂഷകളിൽ പങ്കെടുക്കുന്നവർ ദു:ഖത്തിന്റെ പ്രതീകമായി കറുത്ത വസ്ത്രങ്ങൾ അണിഞ്ഞിരുന്ന ഒരു കാലത്തിൽ നിന്നും നാം മുക്തരായി. കേരളത്തിലെ ഒരു പ്രമുഖ രാഷ്ട്രീയ നേതാവിന്റെ ദിവസങ്ങൾക്ക് ശേഷം നടന്ന സംസ്കാരച്ചടങ്ങിൽ ഭാര്യയും മക്കളും പങ്കെടുത്തത് ഒരേ നിറത്തിലുള്ള വസ്ത്രം ധരിച്ചുകൊണ്ടായിരുന്നു. അന്ന് ആ ചിത്രങ്ങൾക്ക് നേരിടേണ്ടിവന്ന ട്രോൾ, എല്ലാവർക്കും കൂടി ഒരുമിച്ച് ബ്ലൗസ് തയ്ച്ചുകിട്ടാൻ താമസമുണ്ടായിരുന്നതുകൊണ്ടാണ് ശവമടക്ക് നീട്ടിവച്ചത് എന്ന മട്ടിലായിരുന്നു. വിവാഹച്ചടങ്ങുകൾക്കെന്നതുപോലെ മരിച്ചടക്കും കളറായി മാറിക്കൊണ്ടിരിക്കുന്നുവെന്നതാണ് സത്യം.

സമ്പന്നരുടെ സംസ്കാരച്ചടങ്ങുകൾ ഇന്ന് ഏറ്റെടുത്ത് നിർവഹിക്കുന്നത് ഇവന്റ് മാനേജ്മെന്റുകളായികഴിഞ്ഞു. ഒരേ തീമിലുള്ള വേഷവിധാനങ്ങൾ. പൂന്തോട്ടംപോലെ ഒരുക്കിയിരിക്കുന്ന ശവമഞ്ചം. കല്ലറയിൽപോലും തുണിവിരിച്ച് അതിൽ പൂക്കൾ തിരുകുന്നതുപോലെയുള്ള ആഡംബരങ്ങൾ പുതിയ കാഴ്ചയല്ലാതായി മാറിയിരിക്കുന്നു. ഇതിനൊക്കെ പുറമേ വീഡിയോയും ക്യാമറായും. വിവാഹമോ മാമ്മോദീസായോ പോലെ സന്തോഷത്തോടെ ഓർമപുതുക്കാനുള്ള ഒരു അവസരമല്ല മൃതസംസ്കാരച്ചടങ്ങുകൾ എന്നിരിക്കെ എന്തിനാണ് സംസ്കാരച്ചടങ്ങുകൾക്ക് പരിധിയിൽ കവിഞ്ഞുള്ള വീഡിയോയും ഫോട്ടോപിടുത്തവും. പണ്ടുകാലങ്ങളിലും ഫോട്ടോപിടുത്തം ഉണ്ടായിരുന്നുവെന്ന് സമ്മതിക്കുന്നു. അമ്മയുടെ അപ്പൻ മരിച്ചപ്പോൾ അമ്മയും കൂടപ്പിറപ്പുകളും ബന്ധുക്കളും മറ്റും ചേർന്ന് സങ്കടത്തോടെ ശവപ്പെട്ടിക്ക് ചുറ്റുംനില്ക്കുന്ന ഒരൊറ്റ ബ്ലാക്ക് ആന്റ് വൈറ്റ് ചിത്രം ഇന്നും എന്റെ ഓർമയിലുണ്ട്. പക്ഷേ, ഇന്ന് അതാണോ അവസ്ഥ? പരേതന്റെതന്നെ എത്രയെത്ര ക്ലോസപ്പ് ഫോട്ടോകൾ. ബന്ധുക്കളെ ഇനം തിരിച്ചുള്ള ഗ്രൂപ്പ് ഫോട്ടോകൾ. അന്ത്യചുംബനങ്ങളുടെ കണ്ണീർ ചിത്രങ്ങൾ.

ദുരന്തവാർത്ത റിപ്പോർട്ട് ചെയ്യാനെത്തുന്ന പത്രങ്ങളുടെ പ്രൊഫഷനൽ ഫോട്ടോഗ്രാഫർമാരെയും അതിശയിപ്പിക്കുന്ന വിധത്തിലായിരിക്കുന്നു ചില മരണവീടുകളിലെ ഫോട്ടോ സംസ്കാരം. പ്രസ്റ്റീജ് ഇഷ്യുവായാണ് ഇന്ന് അതിനെ പലരും കാണുന്നത്. സമ്പന്നർ ഇത്തരം ചടങ്ങുകൾവേണ്ടെന്ന് വയ്ക്കുമ്പോൾ അതവരുടെ ലാളിത്യമായി കൊട്ടി

> **പാന വായിച്ചും**
> **കൊന്തചൊല്ലിയും രാവിനെ**
> **പകലാക്കിയിരുന്ന മരണവീടുകൾ**
> **ഇപ്പോൾ അസ്തമിച്ചിരിക്കുന്നു,**
> **അതിവൈകാരികത**
> **യിൽ നിന്ന് മോചിതരായി**
> **കുറെക്കൂടി പ്രായോഗിക**
> **സംസ്കാരത്തിലേക്ക് നാം**
> **മാറിയിരിക്കുന്നു. സംസ്കാര**
> **ശുശ്രൂഷകളിൽ പങ്കെടുക്കുന്നവർ**
> **ദു:ഖത്തിന്റെ പ്രതീകമായി**
> **കറുത്ത വസ്ത്രങ്ങൾ**
> **അണിഞ്ഞിരുന്ന**
> **ഒരു കാലത്തിൽ നിന്നും**
> **നാം മുക്തരായി.**

ഘോഷിക്കുകയും ഇടത്തരക്കാരും ദരിദ്രരും തങ്ങളുടെ കാഴ്ചപ്പാടിന്റെയും പുലർത്തുന്ന മനോഭാവത്തിന്റെയും അടിസ്ഥാനത്തിൽ അവയൊന്നും വേണ്ടെന്നുവയ്ക്കുന്നതിനെ സാമ്പത്തികബുദ്ധിമുട്ടായി ചിത്രീകരിക്കുകയും ചെയ്യുന്നത് കഷ്ടമല്ലേ. ഇത്തരമൊരു അപമാനം ഉണ്ടാവണ്ടായെന്ന് കരുതിതന്നെയാവും സാധാരണക്കാർ മനസ്സില്ലാമനസ്സോടെ ഈ ധൂർത്തിന് കൂട്ടുനില്ക്കുന്നത്. സംസ്കാരം കഴിയാതെ ജലപാനംപോലും നടത്താതിരുന്നവരുമുണ്ടായിരുന്നു ഒരു കാലത്ത്. ഇന്ന് ആ അവസ്ഥയ്ക്കും മാറ്റം വന്നു. മരിച്ചവർ പോയി, ജീവിച്ചിരിക്കുന്നവർക്ക് മരണംവരെ ആരോഗ്യത്തോടെ ജീവിച്ചിരുന്നേ മതിയാവൂ എന്ന് മനസ്സിലാക്കി ഭക്ഷണം കഴിക്കുന്നതിനെ തെറ്റായി കാണാനാവില്ല. ചെറുപ്പക്കാരനായ സഹോദരൻ പെട്ടെന്നൊരു ദിവസം മരിച്ചപ്പോഴുണ്ടായ ഷോക്ക് ഒരു സുഹൃത്ത് പങ്കുവച്ചതോർക്കുന്നു. ഉള്ള് നിറയെ സങ്കടം. ശരീരമാകെ തളർച്ച. എണീറ്റുനില്ക്കാൻ കഴിയാത്തത്ര ക്ഷീണം. ഒടുവിൽ അവൻ തന്റെ ആത്മസ്നേഹിതനോട് പറഞ്ഞുവത്രെ 'എടാ എനിക്ക് കഴിക്കാനെന്തെങ്കിലും വേണം'. ഇത് അപലപിക്കേണ്ടതൊന്നുമല്ല.

പക്ഷേ, ഇതിനോട് ബന്ധപ്പെടുത്തി കാലത്തിനനുസരിച്ചുള്ള ഒരു മാറ്റത്തെക്കുറിച്ച് ചിന്തിക്കേണ്ടി

www.malankaralibrary.com

യിരിക്കുന്നു. ഒരു വീട്ടിൽ മരണം സംഭവിച്ചാൽ അടുത്തവീട്ടിലായിരുന്നു അന്ന് ഭക്ഷണം ഒരുക്കാറുണ്ടായിരുന്നത്. തൊട്ടയൽപക്കക്കാരെല്ലാം അതിൽ സഹകരിക്കുകയും ചെയ്യും. കപ്പവാട്ടിനും കല്യാണത്തിനുമൊക്കെ അയൽക്കാർ ഒരുമിച്ചുകൂടിയിരുന്നതുപോലെത്തെ കൂട്ടായ്മയും സഹകരണവും മരിച്ചവീടുകളിലെ ഭക്ഷണമൊരുക്കലിനുമുണ്ടായിരുന്നു. പക്ഷേ, ഇന്ന് അയൽക്കാർ ഒരുമിച്ചുകൂടി ഇത്തരം അവസരങ്ങളിൽ ഭക്ഷണമൊരുക്കുന്നരീതിക്കും അന്ത്യംവന്നു. കാറ്ററിംങ് സർവീസുകാർ ആ ദൗത്യം ഇന്നേറ്റെടുത്തിരിക്കുന്നു. സംസ്കാരച്ചടങ്ങുകളിൽ പങ്കെടുത്തവർക്ക് ചായയും സ്നാക്സും നല്കി മാത്രമേ നാം അവരെ പള്ളിയിൽ നിന്ന് മടക്കി അയക്കാറുള്ളൂ. വിദേശങ്ങളിലുള്ള ചില സുഹൃത്തുക്കൾ പറഞ്ഞത് അവിടെനിന്ന് നാം കടം കൊണ്ട ഒരുരീതിയാണ് അടുത്തകാലത്ത് രൂപം കൊണ്ട ഈ ചായസൽക്കാരമെന്നാണ്. സംസ്കാരം കഴിഞ്ഞ് സെമിത്തേരിയിൽ നിന്ന് എല്ലാവരും തിടുക്കത്തിൽ യാത്ര പറഞ്ഞ് പോകുന്നതിന് പകരം ബന്ധുക്കൾക്ക് സ്നേഹസാമീപ്യം നല്കുന്നതിന്റെയും അവരെ ആശ്വസിപ്പിക്കുന്നതിന്റെയും ഭാഗമാണത്രെ വിദേശങ്ങളിലെ ഇത്തരത്തിലുള്ള ചായസൽക്കാരങ്ങൾ. എന്നാൽ നമ്മുടെ നാട്ടിൽ ഇതെത്രത്തോളമാണ് അല്ലെങ്കിൽ എങ്ങനെയാണ് നിർവഹിക്കപ്പെടുന്നതെന്ന് കൂടി നാം ആത്മശോധന നടത്തേണ്ടതുണ്ട്. മരണമടഞ്ഞവരുടെ ബന്ധുക്കൾ വേദന കടിച്ചമർത്തിയും സങ്കടപ്പെട്ടും കുഴിമാടത്തിന് സമീപത്ത് നില്ക്കുമ്പോൾ സ്വന്തം വീടെത്താനുള്ള ധൃതിയിൽ പള്ളിയിൽ ചെലവഴിച്ചുകൂട്ടിയ സമയത്തിന്റെ ക്ഷീണം തീർക്കാൻ ചായകുടിച്ച് മടങ്ങുന്നവരല്ലേ കൂടുതലും?

ചുരുക്കത്തിൽ, മരണത്തിനേ മാറ്റമില്ലാത്തതായുള്ളൂ, മരണവുമായി ബന്ധപ്പെട്ട മറ്റെല്ലാ കാര്യങ്ങളിലും മാറ്റം വന്നുകൊണ്ടിരിക്കുകയാണ്. ആ മാറ്റങ്ങളെ വളരെ പെസിമിസ്റ്റിക്കായി നോക്കിക്കാണേണ്ടതുമില്ലെന്ന് തോന്നുന്നു. കാലഘട്ടം മാറുന്നതിനനുസരിച്ചുള്ള പൊതുപ്രവണതകൾ മറ്റെല്ലാറ്റിലുമെന്നതുപോലെ മരണചടങ്ങുകളെയും പിടികൂടിയിരിക്കുന്നുവെന്ന് മാത്രം. കോവിഡ്കാലത്ത് നമ്മുടെ സംസ്കാരച്ചടങ്ങുകൾപോലും മാറിപ്പോയില്ലേ. അന്യമതസ്ഥർക്ക് എന്ന മട്ടിൽ മാറ്റിനിർത്തിയിരുന്ന ശവദാഹം സ്വീകരിക്കാൻ നാം നിർബന്ധിതരായി. വീട്ടിലും പള്ളിയിലും പൊതുദർശനം എന്ന ചടങ്ങിന് മാറ്റംവന്നു. എന്തിന്, എത്ര പ്രിയപ്പെട്ടവരാണെങ്കിലും അന്ത്യചുംബനംപോലും ഇല്ലാതെയായി. കാരണം കോവിഡ്.

അതെ, ജീവിച്ചിരിക്കുക എന്നതിനോളം പ്രധാനപ്പെട്ടതല്ല മറ്റൊന്നും. ആചാരങ്ങളും രീതികളും മനുഷ്യരുണ്ടാക്കിയതാണ്. അതിന് മനുഷ്യനെക്കാൾ വലിയ പ്രാധാന്യം കൊടുക്കരുത്. എന്നാൽ ആചാരങ്ങളുടെ പേരിൽ മനുഷ്യത്വത്തിന് വിലയിടിവുണ്ടാക്കുന്നവിധത്തിൽ ഒന്നും ചെയ്യുകയുമരുത്.

അവസാനമായി ഒരു സംശയം. സാധാരണക്കാരനും അർധപ്പട്ടിണിക്കാരനും മരിക്കുമ്പോൾ അപദാനംപാടി അവരെ യാത്രയയ്ക്കാൻ ഇന്നലെ പട്ടം കിട്ടിയ ഒരു കൊച്ചച്ചൻപോലും അധികമില്ലാതെ വരുമ്പോൾ നാട്ടിലെ സമ്പന്നർ മരിക്കുമ്പോൾ മാത്രം പ്രാർഥനകൾക്ക് നേതൃത്വം നല്കാനും ചരമപ്രസംഗം നടത്താനും കിരീടവും അംശവടിയും പിടിച്ച് മെത്രാന്മാർ വരേണ്ടതുണ്ടോ? രൂപതയിലെ എല്ലാ വീടുകളിലും മെത്രാന്മാർക്ക് ഇപ്രകാരം വരാൻ കഴിയില്ലെന്ന് അറിയാമെന്നിരിക്കെ മരിച്ചവീടിനെയും വീട്ടുകാരനെയും കളർ ആക്കി മാറ്റുന്ന ഇത്തരത്തിലുള്ള ഏർപ്പാടുകൾ മറ്റെന്തിന്റെയെങ്കിലും കാരണം കൊണ്ടല്ലെങ്കിൽ അവസാനിപ്പിക്കുന്നതിനെക്കുറിച്ചും ചിന്തിക്കേണ്ടതല്ലേ? അച്ചന്മാരുടെയും മെത്രാന്മാരുടെയും എണ്ണം കൂട്ടി ശവമടക്കിന്റെ പകിട്ട് കൂട്ടാൻ മരിച്ചവരുടെ ബന്ധുക്കൾ തത്രപ്പെടാതിരുന്നെങ്കിൽ! ആരു വന്നാലും വന്നില്ലെങ്കിലും മരിച്ച വ്യക്തിയുടെ മേൽ ദൈവം ഒരു വിധി നടപ്പിലാക്കിയിട്ടുണ്ട്. മെത്രാൻ വന്നതുകൊണ്ടോ വരാത്തതുകൊണ്ടോ ആ ആത്മാവിന്റെ വിധി മറ്റൊന്നാവുകയുമില്ല.

കോവിഡ് കാലത്ത് പതിവുചടങ്ങുകളോ വേണ്ടത്ര പ്രാർഥനകൾ പോലുമോ ഇല്ലാതെയാണല്ലോ പല കത്തോലിക്കാസംസ്കാരങ്ങളും നടന്നിരുന്നത്. അതിലെന്തെങ്കിലും കുറവുള്ളതായി സഭയും പഠിപ്പിച്ചിരുന്നില്ല. അങ്ങനെയെങ്കിൽ ലളിതമായും എന്നാൽ വിശ്വാസോചിതമായും മൃതസംസ്കാരച്ചടങ്ങുകൾ നടത്തണമെന്ന് സഭ നിർദ്ദേശങ്ങൾ നല്കുകയും അതിന് അധികാരികൾതന്നെ മാതൃക കാണിച്ചു കൊടുക്കുകയും ചെയ്യേണ്ടിയിരിക്കുന്നു. പണത്തിന്റെയും പ്രതാപത്തിന്റെയും തറവാട്ടുമഹിമയുടെയും പേരിലുള്ള പൊറാട്ടുനാടകങ്ങളായി മൃതസംസ്കാരച്ചടങ്ങുകൾ മാറാതിരിക്കട്ടെ. മരണം എല്ലാവരെയും തുല്യരാക്കുന്നതുപോലെ മരണാനന്തരച്ചടങ്ങുകളും നമ്മെ സമത്വം പഠിപ്പിക്കട്ടെ. ■

www.malankaralibrary.com

# മരണാനന്തര കർമങ്ങൾ – വിവിധ മതകാഴ്ചപ്പാടുകൾ



**റവ. ഡോ. സ്കറിയ കുന്നേൽ**
*യൂക്കരിസ്റ്റിക് കൗൺസിലർ, എം.സി.ബി.എസ് ജനറലേറ്റ്, ആലുവ*

വിവിധ മതങ്ങളിലെ മരണാനന്തര കർമങ്ങളെയും മരണാനന്തര ജീവിതകാഴ്ചപ്പാടുകളെയും കുറിച്ച് വിശകലനം ചെയ്യുന്ന ലേഖനം.

മരണത്തിന്റെ അർഥത്തെയും മരണാനന്തര ജീവിതത്തെയും കുറിച്ചുള്ള വിശ്വാസങ്ങളെ പ്രതിഫലിപ്പിക്കുന്ന ഉദാത്തമായ അനുസ്മരണങ്ങളാണ് മരണാനന്തരകർമങ്ങൾ. മതപരമായി ചിന്തിക്കുകയാണെങ്കിൽ മൃതസംസ്കാര കർമങ്ങളുടെ ഉദ്ദേശ്യം മരണപ്പെട്ടയാളെ അടുത്ത ജീവിതത്തിലേക്ക് കടക്കാൻ സഹായിക്കുക എന്നതും, മരിച്ചയാളുടെ ബന്ധുമിത്രാദികൾക്കും പ്രിയപ്പെട്ടവർക്കും അതിജീവനത്തിനു കരുത്തുപകരുക എന്നതുമാണ്. മരണം എന്ന യാഥാർഥ്യത്തെ അഭിമുഖീകരിക്കാനും മരിക്കുന്നവരോട് സ്നേഹവും ബഹുമാനവും പ്രകടിപ്പിക്കാനും സുഹൃത്തുക്കളെയും പ്രിയപ്പെട്ടവരെയും അനുവദിക്കുന്ന കർമങ്ങളാണിവ. മതങ്ങളും സാമൂഹിക കീഴ്‌വഴക്കങ്ങളും അനുസരിച്ച് ഇവ മാറി വരുന്നു.

## ബുദ്ധമതം

ജീവിതവും മരണവും സംസാര (samsara) എന്നറിയപ്പെടുന്ന ഒരു ചക്രത്തിന്റെ ഭാഗമാണെന്ന് ബുദ്ധമതക്കാർ വിശ്വസിക്കുന്നു. ജ്ഞാനോദയം പ്രാപിച്ച് നിർവാണാവസ്ഥയിൽ എത്തുന്നതുവരെ ഈ ചക്രം ഒന്നിലധികം തവണ സംഭവിക്കാം. എല്ലാ ആഗ്രഹങ്ങളിൽ നിന്നും ഒരുവനെ സ്വയം മോചിപ്പിക്കുക എന്നതാണ് ഇതിന്റെ ലക്ഷ്യം.

ബുദ്ധമതത്തിൽ സാർവത്രികമായി അംഗീകരിക്കപ്പെട്ടിട്ടുള്ള മരണാനന്തര കർമങ്ങൾ ഒന്നും നിർദ്ദേശിച്ചിട്ടില്ല. ബുദ്ധമതക്കാർ പലപ്പോഴും അവർ താമസിക്കുന്ന രാജ്യത്തെ പൊതുപാരമ്പര്യം പിന്തുടർന്നു വരുന്നവരാണ്.

മരണശേഷം ഭൂമി, തീ, വായു, ജലം എന്നീ നാല് മൂലകങ്ങളിൽ ഏതെങ്കിലും ഒന്ന് ഉപയോഗിച്ച് ശരീരം മറവു ചെയ്യാൻ ബുദ്ധമതം അനുവദിക്കുന്നു. ഭൂമിക്കു ഒരു വഴിപാടായി മൃതശരീരത്തെ തിരികെ നൽകുന്ന ആകാശ സംസ്കാരം അഥവാ (Sky burial) ടിബറ്റൻ ബുദ്ധമതത്തിൽ സർവ സാധാരണമാണ്.

മരണശേഷം ആത്മാവ് ശരീരത്തിൽ നിന്ന് പുറത്തുപോകില്ല എന്ന കാരണത്താൽ മരണം സംഭവിച്ചതിനുശേഷം, മൃതശരീരം മറ്റു സ്ഥലങ്ങളിലേക്കു കൊണ്ടു പോകുന്നതു ബുദ്ധമതത്തിൽ സാധാരണമല്ല.

മരണാനന്തര കർമത്തിൽ മൃതശരീരത്തിനു സമീപം മരിച്ച വ്യക്തിയുടെ ചിത്രം, ബുദ്ധന്റെ ഒരു പ്രതിമ അല്ലെങ്കിൽ ചിത്രം, പൂക്കൾ, പഴങ്ങൾ, മെഴുകുതിരികൾ, ധൂപം എന്നിവ ഉൾക്കൊള്ളുന്ന ഒരു അൾത്താര സ്ഥാപിക്കുന്നു. ബന്ധുമിത്രാദികൾക്കു അൾത്താരയ്ക്കു സമീപം വന്ന് പ്രാർഥിക്കാം. ദുഃഖത്തിന്റെ അടയാളമായി കറുപ്പിനെക്കാൾ വെളുത്ത വസ്ത്രം ധരിക്കാൻ ബുദ്ധമതക്കാർ ഇഷ്ടപ്പെടുന്നു. മരണശേഷം മൂന്ന്, ഏഴ്, നാൽപ്പത്തിയൊമ്പത്, നൂറ് എന്നീ ദിനങ്ങളിൽ അനുസ്മരണ ചടങ്ങുകൾ പരമ്പരാഗതമായി നടത്തപ്പെടുന്നു. Sky burial നടത്തുമ്പോൾ കഴുകന്മാർ പെട്ടെന്ന് വരുകയാണെങ്കിൽ, ആ വ്യക്തി ആത്മീയമായി പുരോഗമിച്ചവനാണെന്നും എളുപ്പത്തിൽ ഈ ഭൂമിയിൽ നിന്നു കടന്നു പോകുന്നതിന്റെ സൂചനയായിട്ടും ഇത് കണക്കാക്കപ്പെടുന്നു.

## ക്രിസ്തുമതം

മരണാനന്തര കർമങ്ങളും അനുഷ്ഠാനങ്ങളും വിവിധ ക്രിസ്ത്യൻ വിഭാഗങ്ങൾക്കിടയിൽ വിവിധ രീതികളിൽ നടത്തപ്പെടുന്നു. മരണമെന്നത് ഭൗതിക ലോകത്തിൽ നിന്ന് മരണാനന്തര ജീവിതത്തിലേക്കുള്ള



ഒരു കടന്നു പോകലാണന്നും മരിച്ചയാളുടെ ആത്മാവ് സ്വർഗത്തിലോ നരകത്തിലോ ശുദ്ധീകരണ സ്ഥലത്തിലോ വസിക്കുമെന്നും അന്ത്യദിനത്തിൽ, ക്രിസ്തുവിന്റെ രണ്ടാം ആഗമനത്തിൽ, മരിച്ചവരുടെ ശരീരം ഉയിർത്തെഴുന്നേൽക്കുമെന്നും കത്തോലിക്കർ വിശ്വസിക്കുന്നു. പരമ്പരാഗതമായി ശരീരത്തിന്റെ ഉയിർപ്പിൽ വിശ്വസിക്കുന്നതിനാൽ കത്തോലിക്കാ സഭകളും ഓർത്തഡോക്സ് സഭകളും ശവദാഹത്തെക്കാൾ മൃതസംസ്കാരത്തെയാണ് പ്രോത്സാഹിപ്പിക്കുന്നത്.

1963 മുതൽ കത്തോലിക്കാ സഭ മൃതശരീരം ദഹിപ്പിക്കുന്നതിനു അനുമതി നൽകിയിട്ടുണ്ട്, അങ്ങനെ ചെയ്യുന്നത് ശരീരത്തിന്റെ ഉയിർപ്പിലുള്ള വിശ്വാസത്തിന്റെ അഭാവം പ്രതിഫലിപ്പിക്കുന്നില്ല എന്നു സഭ പഠിപ്പിക്കുന്നു. ദഹിപ്പിച്ച ശേഷമുള്ള ചാരം വിതറുന്നതോ വിശുദ്ധമല്ലാത്ത സ്ഥലത്ത് സൂക്ഷിക്കുന്നതോ വത്തിക്കാൻ 2016-ൽ നിരോധിച്ചു.

കത്തോലിക്കാ സഭകളിലെയും ഓർത്തഡോക്സ് സഭകളിലെയും മൃതസംസ്കാര കർമങ്ങൾ ആരാധനാക്രമത്തിൽ അധിഷ്ഠിതമാണ്. മരണാനന്തര കർമങ്ങളുടെ പ്രധാന ലക്ഷ്യം സ്വർഗത്തിലേക്കുള്ള മരിച്ച വ്യക്തിയുടെ കടന്നുപോകൽ എളുപ്പമാക്കുന്നതിന് മരിച്ച വ്യക്തിക്കുവേണ്ടിയുള്ള മധ്യസ്ഥതയായി കാണപ്പെടുന്നു.

മരണശേഷം ഒരു വ്യക്തി ന്യായവിധിക്ക് വിധേയനാണെന്ന് എല്ലാ ക്രൈസ്തവ സഭകളും പഠിപ്പിക്കുന്നു, മരണാനന്തരം സംഭവിക്കുന്ന കാര്യങ്ങളെക്കുറിച്ച് വിശ്വാസികളെ ബോധവാന്മാരാക്കുന്നതിനുള്ള അവസരമായി മരണാനന്തര കർമങ്ങൾ എല്ലാ സഭകളും ഉപയോഗിക്കുന്നു.

## ഇസ്ലാം മതം

ഇസ്ലാം മതവിശ്വാസം അനുസരിച്ച് അന്ത്യദിനം വരെ ശരീരം കബറിടത്തിൽ വസിക്കുമെന്നാണ് പഠിപ്പിക്കുന്നത്. ഈ സമയം മാലാഖമാർ മരിച്ച വ്യക്തിയോട് അവരുടെ വിശ്വാസങ്ങളെയും ആചാരങ്ങളെയും കുറിച്ച് ചോദ്യം ചെയ്യുന്ന പരീക്ഷണ കാലഘട്ടമാണ്. ശവപ്പെട്ടി നീതിമാൻമാർക്ക് ഒരു പറുദീസായുടെയും അനീതി ചെയ്തവർക്ക് പീഡാസഹനത്തിന്റെയും അനുഭവം സമ്മാനിക്കും. ന്യായവിധിയുടെ നാളിൽ ഒരു കാഹളം മുഴങ്ങുകയും അന്തിമവിധിയെ അഭിമുഖീകരിക്കാൻ മരിച്ചവർ ഉയിർത്തെഴുന്നേൽക്കുകയും ചെയ്യും. മരണാസന്നനായ ഒരു വ്യക്തി തന്റെ അവസാനത്തെ ഉച്ചാരണമായി ഷഹാദ് കലിമ അല്ലെങ്കിൽ വിശ്വാസ പ്രഖ്യാപനം ആവർത്തിക്കണമെന്നാണ് ഇസ്ലാം പഠിപ്പിക്കുന്നത്. ശരീരത്തിന്റെ ഉയർപ്പിൽ വിശ്വസിക്കുന്നതിനാൽ, ശവദാഹം ഇസ്ലാം മതം പ്രോത്സാഹിപ്പിക്കുന്നില്ല. ഇസ്ലാമിക ശരിയത്ത് നിയമം അനുസരിച്ച് മരണശേഷം 24 മണിക്കൂറിനുള്ളിൽ കഴിയുന്നത്ര വേഗത്തിൽ മൃതസംസ്കാര ശുശ്രൂഷകൾ കഴിഞ്ഞിരിക്കണം.

മരിച്ച വ്യക്തിയെ മരണശേഷം കഴിയുന്നത്ര വേഗത്തിൽ കുളിപ്പിച്ച് ലളിതമായ ഒരു വെളുത്ത വസ്ത്രം കൊണ്ടു ആവരണം ചെയ്യുന്നു. മക്കയെ അഭിമുഖീകരിച്ചാണ് കബറിടം തയ്യാറാക്കുന്നത്. ചില ഇസ്ലാമിക രാജ്യങ്ങളിൽ, സ്ത്രീകൾ മൃതസംസ്കാര ചടങ്ങുകളിൽ പങ്കെടുക്കുന്നതിനെ നിരുത്സാഹപ്പെടുത്തുന്നു.

മൃതസംസ്കാര ശുശ്രൂഷയിൽ, പങ്കെടുക്കുന്നവർ മൂന്ന് പിടി മണ്ണ് കല്ലറയിൽ നിക്ഷേപിക്കുന്നു. കബറിടത്തിനു മുകളിൽ, ഒരു മീസാൻകല്ല് (ചെറിയ കല്ല്) അല്ലെങ്കിൽ ഒരു അടയാളം സ്ഥാപിക്കും. പരമ്പരാഗതമായി, കബറിനു മുകളിൽ വലിയ സ്മാരകം സ്ഥാപിക്കുകയോ വിപുലമായ രീതിയിൽ അലങ്കരിക്കുകയോ ചെയ്യുന്നത് ഇസ്ലാം മതത്തിൽ നിരോധിച്ചിരിക്കുന്നു.

## ഹിന്ദുമതം

മരിച്ച വ്യക്തിയുടെ ആത്മാവ് അല്ലെങ്കിൽ സ്വത്വം പുനർജന്മം പ്രാപിക്കുമെന്നും അല്ലെങ്കിൽ മോക്ഷ



www.malankaralibrary.com

ത്തിൽ എത്തുമെന്നും ഹിന്ദുക്കൾ വിശ്വസിക്കുന്നു. ബ്രഹ്മനുമായി ഒന്നാകുന്നതിനെയാണ് മോക്ഷം എന്നതുകൊണ്ട് അർഥമാക്കുന്നത്. ഹൈന്ദവ മരണാനന്തര കർമങ്ങൾ വേദഗ്രന്ഥങ്ങളിൽ അടിസ്ഥാനമാക്കിയാണ് അനുഷ്ഠിക്കുന്നത്, അവയിലെ ഏറ്റവും പഴയ ഗണത്തിൽപ്പെട്ട സംഹിതകളിൽ ശരിയായ രീതിയിൽ ആചാരാനുഷ്ഠാനങ്ങൾ നിർവഹിക്കുന്നതിനെപ്പറ്റി പ്രതിപാദിക്കുന്നു. ശവദാഹമാണ് ഹൈന്ദവ മതത്തിൽ സാധാരണയായി കാണുന്ന മൃതസംസ്കാരരീതി. മരിച്ചയാളുടെ മൃതസംസ്കാരം പതിമൂന്നു ദിവസം നീണ്ടു നിൽക്കുന്ന ദുഃഖാചരണത്തിന്റെ ആരംഭം കുറിക്കുന്നു. ഈ സമയത്ത് മരിച്ച വ്യക്തിയുടെ വീട്ടുകാർ വീട്ടിൽ താമസിക്കുകയും സന്ദർശകരെ സ്വീകരിക്കുകയും ചെയ്യുന്നു. മരിച്ച വ്യക്തിയുടെ ഛായാചിത്രം വീട്ടിൽ പ്രാധ്യാന്യത്തോടെ പ്രദർശിപ്പിക്കുകയും ചെയ്യുന്നു.

## സിഖുമതം

ഹിന്ദുമത വിശ്വാസികളെപ്പോലെ, സിഖുകാരും പുനർജന്മത്തിൽ വിശ്വസിക്കുന്നു, ആത്മാവ് മുക്തി നേടുന്നതുവരെ വ്യത്യസ്ത ജന്മങ്ങളിലൂടെ കടന്നുപോകുന്നു. മിക്ക സിഖുകാരും മരണശേഷം ദഹിപ്പിക്കുകയാണ് പതിവ്. ഒരു സിഖുമത വിശ്വാസി മരണത്തോട് അടുക്കുമ്പോൾ, കുടുംബം അവനോടൊപ്പം ഒത്തുകൂടി സമാധാന കീർത്തനം (സുഖ്മണി) ചൊല്ലുന്നു. മരിക്കുന്ന വ്യക്തി ദൈവത്തിന്റെ നാമം (വഹേഗുരു) പറഞ്ഞുകൊണ്ട് പ്രതികരിക്കാൻ ശ്രമിക്കും.

മൃതദേഹം ഒരു ശവപ്പെട്ടിയിൽ വയ്ക്കുകയും ഗുരുദ്വാരയിലേക്ക് കൊണ്ടുപോകുകയും അവിടെ ഗുരു ഗ്രന്ഥ് സാഹിബിന് മുന്നിൽ സ്ഥാപിക്കുകയും ചെയ്യുന്നു. സിഖുകാർ പതിനൊന്നാമത്തെ ഗുരുവായി കണക്കാക്കുന്ന വിശുദ്ധ ഗ്രന്ഥമാണിത്. പ്രാർഥനകൾ ചെല്ലുകയും ഗുരു ഗ്രന്ഥ സാഹിബിൽ നിന്നുള്ള വായനകൾ വായിക്കുകയും ചെയ്യുന്നു. തുടർന്ന് മൃതശരീരം സംസ്കാര സ്ഥലത്തേക്ക് കൊണ്ടുപോവുകയും മൃതസംസ്കാരം നടക്കുമ്പോൾ കീർത്തന സോഹില ചൊല്ലുകയോ മറ്റേതെങ്കിലും പ്രാർഥന നടത്തുകയോ ചെയ്യുന്നു.

സിഖുമത വിശ്വാസമനുസരിച്ച് മൃതദേഹം ദഹിപ്പിക്കുന്ന ചടങ്ങ് അന്തം സൻസ്കാർ (Antam Sanskar) എന്നാണ് അറിയപ്പെടുന്നത്. ശവദാഹം പ്രായോഗികമല്ലാത്തിടത്ത് മൃതദേഹം സംസ്കരിക്കാൻ അനുമതിയുണ്ട്.

മൃതസംസ്കാരത്തിന് ശേഷമുള്ള 10 ദിവസങ്ങളിൽ, സിഖുകാർ ജോലിക്ക് പോകാത്ത ഒരു ദുഃഖാചരണം നടത്തുന്നു. ഈ കാലയളവിൽ, വീട്ടിലോ ഗുരുദ്വാരയിലോ സിക്കുമത ഗ്രന്ഥമായ ഗുരു ഗ്രന്ഥ സാഹിബിന്റെ (Guru Granth Sahib) മുഴുവൻപാരായണമോ, ചെറിയ പാരായണമോ (Sadharan Path) ക്രമീകരിക്കുന്നു.

മരണത്തെ ജോഹാൻ വുൾഫ്ഗാങ് വോൺ ഗോഥെ വിശേഷിപ്പിക്കുക കാലവുമായുള്ള നിത്യതയുടെ കൂടിച്ചേരൽ എന്നാണ്. ഒരു നല്ല മനുഷ്യന്റെ മരണത്തിൽ, നിത്യത കാലത്തിലൂടെ നോക്കുന്നതായി കാണുന്നു ഗോഥെ. മരണം എന്താണെന്നറിയാനായാലേ ജീവിതത്തെ മനസ്സിലാക്കാനും ആസ്വദിക്കാനും മനുഷ്യനാകൂ! ജീവിതവും, മരണവും രണ്ടല്ല, ഒന്നാണ് – ഒരു നാണയത്തിന്റെ ഇരുവശങ്ങൾ പോലെ, ഒന്നിൽനിന്നും മറ്റതിനെ മാറ്റി നിർത്താനാവില്ല പിരിച്ചെടുക്കാനാവില്ല. ജനിച്ചുവോ എങ്കിൽ മരണവും സുനിശ്ചിതമാണ്. ജീവിതത്തിന്റെ അടിസ്ഥാന രേഖയാണ് മരണം. ആ മരണത്തിലൂടെ മരണാനന്തര ജീവിതം നൽകുന്ന യഥാർഥ സൗഭാഗ്യം നുകരാൻ മതവിശ്വാസം നമ്മെ ക്ഷണിക്കുന്നു. ■



www.malankaralibrary.com

# മൃതസംസ്കാരം - വിവിധ ഭൂഖണ്ഡങ്ങളിൽ

**മൺമറഞ്ഞുപോയ ആത്മാക്കളെ അനുസ്മരിക്കുന്ന നവംബർ മാസത്തിൽ വിവിധ ഭൂഖണ്ഡങ്ങളിലുള്ള കത്തോലിക്കർ മരണവും മരണാനന്തര കർമങ്ങളും നിർവഹിക്കുന്നത് എങ്ങനെയെന്ന് അറിയാൻ നമുക്ക് ആകാംക്ഷയുണ്ടാകും. ടാൻസാനിയ (ആഫ്രിക്ക), ആസ്ട്രേലിയ, ജർമനി (യൂറോപ്പ്), ന്യൂസിലന്റ് (ഓഷ്യാനിയൻ), നോർത്ത് അമേരിക്ക, ബ്രസീൽ (സൗത്ത് അമേരിക്ക), ഫിലിപ്പീൻസ് (ഈസ്റ്റ് ഏഷ്യൻ) എന്നിവിടങ്ങളിലെ കത്തോലിക്കാ മൃതസംസ്കാര രീതികളെക്കുറിച്ച് അതതു സ്ഥലങ്ങളിൽ ജോലിചെയ്തിട്ടുള്ള, ജോലി ചെയ്യുന്ന കത്തോലിക്കാ വൈദികരും അല്മായരും പങ്കുവയ്ക്കുന്നു.**



## ടാൻസാനിയ (ആഫ്രിക്ക )

**ഫാ. ഷാജു മഠത്തിൽച്ചിറ**
***മുൻ സഹവികാരി, സെന്റ് വിൻസെന്റ് ഡി പോൾ ചർച്ച്, കിബാഹ, ടാൻസാനിയ, ആഫ്രിക്ക***

എല്ലാ സംസ്കാരങ്ങളിലും ഉള്ളതുപോലെ തന്നെ ആഫ്രിക്കൻ സംസ്കാരത്തിലും മരണവും മരണാനന്തര ചടങ്ങുകളും വളരെ നിഗൂഢവും അതോടൊപ്പം മറ്റുള്ളവർക്ക് കൗതുകം ഉണർത്തുന്നതുമാണ്. പല രാജ്യങ്ങളുടെ കൂട്ടമായ ആഫ്രിക്കയെന്ന വലിയ ഭൂഖണ്ഡത്തിന്റെ മൃതസംസ്കാര രീതികളെക്കുറിച്ച് ചുരുക്കി പ്രതിപാദിക്കുക അത്ര എളുപ്പമല്ല. രാജ്യാന്തരമായും വിവിധ ഗോത്രങ്ങൾ തമ്മിലും മൃതസംസ്കാര രീതികൾക്ക് വ്യത്യാസമുണ്ട്. പൊതുവായി പറഞ്ഞാൽ മരിച്ചു പോയ പൂർവികരോട് നല്ല രീതിയിൽ ബന്ധം സ്ഥാപിക്കാൻ സാധിക്കുമെന്നും അവരുമായി സംസാരിക്കാനും അവർ നാം നൽകുന്ന ഭക്ഷണ പദാർഥങ്ങൾ കഴിക്കാൻ വരുമെന്നുമൊക്കെയുള്ള വിശ്വാസം പൊതുവെ മിക്ക ഗോത്ര സംസ്കാരങ്ങളിലും സജീവമാണ്.

ക്രൈസ്തവ വിശ്വാസം സ്വീകരിച്ചവരുടെ മൃതസംസ്കാരം ക്രൈസ്തവ ആരാധനാക്രമ അനുഷ്ഠാനങ്ങൾക്ക് അനുസൃതമാണെങ്കിലും തനതായ രീതികൾ പൂർണമായും ഉപേക്ഷിക്കാത്തതായാണ് എന്റെ നിരീക്ഷണം. ഒന്നുകിൽ ഇടവക ദൈവാലയത്തിലോ അല്ലെങ്കിൽ മരണം നടന്ന ഭവനങ്ങളിലോ ആണ് തിരുകർമങ്ങൾ നടക്കുക. മൃതദേഹം അധിക നാളുകൾ സൂക്ഷിച്ച് വയ്ക്കാതെ തന്നെ സംസ്കാര ശുശ്രൂഷകൾ നടത്തുകയാണ് പതിവ്. വീടുകളോട് ചേർന്ന് മൃതസംസ്കാരം നടത്തേണ്ട സാഹചര്യങ്ങളിൽ മരണം നടന്ന ഭവനങ്ങളിലാണ് മൃതസംസ്കാര കർമങ്ങൾ മുഴുവൻ നടക്കുന്നത്. ചിലയിടങ്ങളിൽ മൃതസംസ്കാര ശുശ്രൂഷയ്ക്കായ് പോകുമ്പോൾ കാണുന്നത് ഒരിടത്തു അൾത്താരയൊരുക്കി ഗായകസംഘം വിശുദ്ധ കുർബാനയ്ക്കു വേണ്ടി ഒരുങ്ങുന്നതും മറ്റൊരു വശത്തു അയൽക്കാരും ബന്ധുജനങ്ങളും കൂട്ടം കൂടിയിരുന്നു തമാശകൾ പറയുകയും ചിരിക്കുകയും ചെയ്യുന്നതുമാണ്. വേർപാടിന്റെ വേദന മറക്കാൻ മരിച്ചു പോയ വ്യക്തിയുടെ ജീവിതത്തിലോ ആളോട് ബന്ധപ്പെട്ടോ നടന്ന അബദ്ധങ്ങളും മറ്റും ഓർമിച്ചെടുത്ത് അത് മറ്റുള്ളവരുമായി പങ്കുവച്ച് ചിരിക്കുന്ന ഒരു രീതി ചില ഗോത്രങ്ങളിൽ നിലനിൽക്കുന്നു. അതിനായി പ്രത്യേകം നിയോഗിക്കപ്പെടുന്ന ആളുകൾ പോലുമുണ്ട്. അല്പം വീര്യമുള്ള തദ്ദേശീയ ലഹരിപാനീയങ്ങളും ഇതിനു അകമ്പടി സേവിക്കാറുണ്ട്. മറ്റൊരു വശത്തു വിഭവ സമൃദ്ധമായ ഭക്ഷണം ഒരുക്കുന്നതിന്റെ തിരക്കിലാവും ഒരു കൂട്ടർ. സംസ്കാര ചടങ്ങിൽ പങ്കെടുക്കുന്നവരെല്ലാം അവിടെ നിന്ന് ഭക്ഷണം കഴിച്ചിട്ട് പോകണമെന്നതും എഴുതപ്പെടാത്ത രീതിയായി നിലനിൽക്കുന്നു. ഒരേ രീതിയിലുള്ള –കറുത്തതോ വയലറ്റോ നിറത്തിലുള്ള– –വസ്ത്ര ധാരണ രീതികളും സംസ്കാര ശുശ്രൂഷകൾക്കെത്തുന്നവർക്കിടയിൽ കാണാറുണ്ട്. വിശുദ്ധ കുർബാനയും തുടർന്ന് പൊതു ശ്മശാനത്തിലോ അല്ലെങ്കിൽ വീടിനോടു ചേർന്നോ ഉള്ള

www.malankaralibrary.com

കല്ലറകളിൽ അടക്കിയ ശേഷം ഞാൻ തിരികെ പോരുമെങ്കിലും രാത്രികളിൽ ശ്മശാനങ്ങളിൽ തങ്ങളുടെ മരിച്ചുപോയ പൂർവികരുമായി സംസാരിക്കാനും ഭക്ഷണം കൊടുക്കാനും അവരുടെ പ്രിയപ്പെട്ടവർ വരാറുണ്ട് എന്നത് പരസ്യമായ ഒരു രഹസ്യമാണ്. ഉത്ഥാനത്തിന്റെ പ്രത്യാശയിലേക്കു ദൈവജനത്തെ നയിക്കാനുള്ള പരിശ്രമങ്ങളും അതോടൊപ്പം നടക്കുന്നു. ■



# ഓസ്ട്രേലിയ

ഫാ. റോണി കളപ്പുരയ്ക്കൽ
*വികാരി, സ്റ്റാർ ഓഫ് ദ് സീ കാത്തലിക് ചർച്ച്, ക്ലിവ്‌ലൻഡ്, ബ്രിസ്ബൺ അതിരൂപത, ഓസ്ട്രേലിയ*

ഓസ്ട്രേലിയയിൽ എത്തിയ നാൾമുതൽ എനിക്ക് വ്യക്തിപരമായി അറിയാവുന്ന എന്റെ ഒരു നല്ല സുഹൃത്തായിരുന്നു ലൊറേറ്റാ. ക്യാൻസർ ബാധിതയായിരുന്ന ലൊറേറ്റാ ദിവസവും രാവിലെ എഴുന്നേറ്റ് ഓൺലൈൻ കുർബാനയിൽ പങ്കെടുക്കും. അതിനുശേഷം 9 മണിയുടെ കുർബാനയ്ക്ക് ഇടവക പള്ളിയിലും വരുമായിരുന്നു. 2021 മാർച്ചിൽ രോഗം മൂർച്ഛിച്ച് അവൾ ആശുപത്രിയിൽ ആയി. മകൻ വിളിച്ചിട്ട് അമ്മയ്ക്ക് കുമ്പസാരവും രോഗീലേപനവും നടത്താൻ എന്നോട് ആവശ്യപ്പെട്ടു. അതനുസരിച്ച് ഞാൻ ആശുപത്രിയിൽപോയി കൂദാശകൾ നടത്തി. ഇത്രമാത്രം സന്തോഷത്തോടെ മരണത്തിനായ് ഒരുങ്ങിയ ഒരു വ്യക്തിയെ ഞാൻ കണ്ടിട്ടില്ല. പുറത്തുവന്നപ്പോൾ മകൻ പറഞ്ഞു: അമ്മ 2 വർഷമായി മരണത്തിനായ് തയ്യാറെടുക്കുന്നു. ഒരു ബുക്കിൽ താൻ മരിച്ചുകഴിഞ്ഞാൽ ചെയ്യേണ്ട കാര്യങ്ങൾ മുഴുവൻ, തന്നെ അടക്കാൻ വാങ്ങിക്കേണ്ട ശവപ്പെട്ടിയുടെ കളർവരെ എഴുതിവച്ചിരുന്നു. അതിലെ അവസാനത്തെ കുറിപ്പ് തന്റെ മരണാനന്തര കർമങ്ങൾ നടത്തേണ്ടത് ഫാ. റോണി ആകണമെന്നതായിരുന്നു.

2022 ഫെബ്രുവരി മാസത്തിലെ ഒരു ദിവസം ഓഫീസിലേക്ക് ഒരു വിളി എത്തി. അവർ സ്വയം പരിചയപ്പെടുത്തി. "എന്റെ പേര് മരിയ. കത്തോലിക്ക ആണ് പക്ഷേ, കഴിഞ്ഞ 30 വർഷമായി പള്ളിയിൽ പോയിട്ടില്ല. ഞാൻ 2 മാസത്തിനുള്ളിൽ മരിക്കും. എനിക്ക് എന്റെ മൃതസംസ്കാരം കത്തോലിക്കാരീതിയിൽ നടത്തണം. എന്നെ ഒന്ന് അതിനായ് ഒരുക്കാമോ." ഞാൻ അവരെ ചെന്നുകണ്ട് സംസാരിച്ചു. പ്രാർഥിച്ചു. പതിയെ അവരെ അലട്ടിയിരുന്ന ഭയം കുറഞ്ഞുവരുന്നതായ് മനസ്സിലായി. ഒരു ദിവസം, മരിച്ചതിനുശേഷം നടത്തുന്ന കർമങ്ങളും അവയിൽ ഉൾപ്പെടുത്തേണ്ട വായനകളും ഗാനങ്ങളും ഒക്കെ ഞങ്ങൾ തയ്യാറാക്കി. ഒന്നരമാസം കഴിഞ്ഞപ്പോൾ മരിയ ഈ ലോകത്തിൽനിന്ന് ദൈവത്താൽ എടുക്കപ്പെട്ടു.

ഈ രണ്ട് സംഭവങ്ങളിൽനിന്നും മനസ്സിലാകുന്നത് ഇവിടുത്തെ ഒട്ടുമിക്ക ആൾക്കാരും നേരത്തെ തന്നെ തന്റെ അന്ത്യകർമങ്ങൾക്കായ് ഒരുങ്ങുകയും അതിനുവേണ്ട കാര്യങ്ങൾ മുൻകൂട്ടി തയ്യാറാക്കുകയും ചെയ്യും എന്നുള്ളതാണ്. ഒരു ക്രൈസ്തവ വ്യക്തി സാധാരണ മരണമടഞ്ഞാൽ കുടുംബക്കാർ ആദ്യം തന്നെ ഫ്യൂണറൽ ഡയറക്ടേഴ്സിനെ ബന്ധപ്പെടും (ഇവിടെ മരിച്ചടക്കുകൾ നടത്തുന്നതിനായി ഇവന്റ് മനേജ്മെന്റ്സുപോലെ ഫ്യൂണറൽ ഡയറക്ടേഴ്സ് ഉണ്ട്). അവർ വീട്ടിൽവന്ന് ആദ്യംതന്നെ മരണപ്പെട്ടയാളുടെ ശരീരം ഫ്യൂണറൽ ഡയറക്ടേഴ്സിന്റെ തന്നെ മോർച്ചറിയിലേക്ക് മാറ്റും. ശേഷം ബന്ധുക്കളുമായി സംസാരിച്ച് അടക്കംചെയ്യേണ്ട സെമിത്തേരിമുതൽ (പള്ളികൾക്ക് സെമിത്തേരി ഇല്ല. മറിച്ച്, പബ്ലിക് സെമിത്തേരികൾ ആണ് ഇവിടെയുള്ളത്) പെട്ടിയുടെ മുകളിൽ വയ്ക്കേണ്ട പൂച്ചെണ്ടുവരെ ഫിക്സ് ചെയ്യും. ഫ്യൂണറൽ ഡയറക്ടേഴ്സ്തന്നെയാണ് എല്ലാ പേപ്പർ വർക്കുകളും ചെയ്യുന്നത്. ശേഷം അവർ ഇടവക ഓഫീസിലേക്ക് വിളിച്ച് ഇന്ന സ്ഥലത്തെ ഇന്നയാള് മരിച്ചു ഈ ദിവസം മൃതസംസ്കാരം നടത്താൻ പള്ളിയും വൈദികരും ഒഴിവ് ഉണ്ടോ എന്ന് അന്വേഷിക്കും. വൈദികൻ തയ്യാറാണെങ്കിൽ അവർ മരിച്ചയാളുടെ ബന്ധപ്പെടേണ്ട വ്യക്തിയുടെ വിശദാംശങ്ങൾ തരും. പിന്നീട് വൈദികൻ അവരെ വിളിച്ചുകൂട്ടി ഒരു മീറ്റിംഗ് നടത്തും. ആ മീറ്റിംഗിൽ പള്ളിയിൽ നടത്തേണ്ട കർമങ്ങൾ ചർച്ച ചെയ്യും. ഉദാഹരണത്തിന് കുർബാനയോടുകൂടി വേണോ, കുർബാന കൂടാതെ സംസ്കാര കർമംവേണോ, കർമങ്ങൾക്ക് വിശുദ്ധഗ്രന്ഥത്തിലെ ഏത് ഭാഗങ്ങളാണ് വായിക്കുന്നത്, കർമങ്ങൾക്കു ശേഷം ഏത് സെമിത്തേരിയിലാണ് അടക്കുന്നത്, അതോ ദഹിപ്പിക്കുകയാണോ (ഈ ദിവസങ്ങളിൽ ഒത്തിരിപ്പേരും ദഹിപ്പിക്കുകയാണ്. കാരണം സെമിത്തേരിയിൽ സ്ഥലം കിട്ടാൻ ഭയങ്കര തുക നൽകണം) എന്നുള്ള കാര്യങ്ങൾ ചർച്ച ചെയ്ത് തീരുമാനമെടുക്കും.

- ക്രൈസ്തവരെങ്കിലും ചിലരൊക്കെ കർമങ്ങൾ ഫ്യൂണറൽ ഡയറ്ടേഴ്സിന്റെയോ അല്ലെങ്കിൽ

www.malankaralibrary.com

സെമിത്തേരിയിലെയോ ചാപ്പലിൽവച്ച് വളരെ ലളിതമായി നടത്താറുണ്ട്.

- ചിലർ തങ്ങളുടെ ചാരം കടലിൽ എറിയാനോ അല്ലെങ്കിൽ വെറുതെ അന്തരീക്ഷത്തിൽ എറിയാനോ ആവശ്യപ്പെടും.
- വിശ്വാസത്തിൽ ജീവിക്കുന്ന കത്തോലിക്കരുടെ ദഹിപ്പിക്കുന്ന ചാരം പള്ളികളുടെ പുറത്ത് സ്ഥാപിക്കുന്ന Columbarium എന്നറിയപ്പെടുന്ന 'Memorial wall' കളിൽ സ്ഥാപിക്കും.
- മരിച്ചതിനെത്തുടർന്ന് മൃതദേഹം മോർച്ചറിയിലേക്ക് മാറ്റിയതിനുശേഷം ആരും പിന്നീട് അവരുടെ മൃതശരീരം സാധാരണ ഗതിയിൽ കാണാറില്ല. കർമങ്ങളിലും ശവപ്പെട്ടി മൂടിത്തന്നെ ഇരിക്കും. ചുരുക്കം ചിലർ കർമങ്ങൾക്ക് മുൻപ് പള്ളിയിലോ, വളരെ ചുരുക്കം സന്ദർഭങ്ങളിൽ ഏതാനും സമയം വീടുകളിലോ കാണാൻവേണ്ടി പെട്ടി തുറന്നുവയ്ക്കും. ■

---



# ജർമനി–യൂറോപ്പ്

ഫാ. ജോജി നെടുംതകിടി
*വികാരി, സെന്റ് മൈക്കിൾസ് ആൻഡ് സെന്റ് ക്യുറിൻ പള്ളികൾ, ഔബിങ് – ലോഹ് ഹൗസൻ, മ്യൂണിക് അതിരൂപത, ബവേറിയ സ്റ്റേറ്റ്, ജർമനി*

ജർമനിയിൽ ടൗണിലെ മൃതസംസ്കാര രീതികളും ഗ്രാമങ്ങളിലെ മൃതസംസ്കാര രീതികളും തമ്മിൽ വ്യത്യാസമുണ്ട്. അതുപോലെ കത്തോലിക്കാ വിശ്വാസം കൂടുതലുള്ള മേഖലകൾ തമ്മിലും അല്ലാത്ത മേഖലകൾ തമ്മിലും (പഴയ പൂർവ–പശ്ചിമ ജർമനികൾ) സംസ്ഥാനങ്ങൾ തമ്മിലും ചെറിയ വ്യത്യാസങ്ങളുണ്ട്.

പൊതുവെ ഒരു മരണം സംഭവിച്ചുകഴിഞ്ഞാൽ ആദ്യം ഒരു ഡോക്ടർ വന്ന് മരണം സ്ഥിരീകരിക്കും (മരിച്ച് ആറു മണിക്കൂർ കഴിഞ്ഞു ഡോക്ടറെത്തി പരിശോധിച്ച് മരണം രേഖപ്പെടുത്തണം). മരണം ആദ്യം രേഖപ്പെടുത്തിയ ശേഷം നിശ്ചിത മണിക്കൂറുകൾക്കു ശേഷം മാത്രമേ ( ഉദാ. 24 മണിക്കൂറുകൾക്കു ശേഷം മാത്രം) മൃതദേഹം അന്ത്യകർമങ്ങൾക്കായി നൽകാനാവൂ എന്നാണു നിയമം. അതിനുശേഷം ബന്ധുക്കൾ മരണ വിവരം മൃതസംസ്കാരം കൈകാര്യം ചെയ്യുന്ന കമ്പനിയെ അറിയിക്കുന്നു. ബന്ധുക്കൾ മരണ വിവരം വിളിച്ചറിയിക്കുന്നതോടൊപ്പം മൃതദേഹം എപ്പോൾ വീട്ടിൽ നിന്ന് കൊണ്ടുപോകാനാവുമെന്നും കൂടുതൽ പേരുടെ സമയ ലഭ്യതയും മറ്റും നോക്കി എപ്പോൾ സംസ്കരിക്കണം എന്നും മറ്റും കൂടിയാലോചിക്കുന്നു. കത്തോലിക്കാ വിശ്വാസികളുടെ മരണവിവരം ബന്ധുക്കളോ മൃതസംസ്കാരം നിർവഹിക്കുന്ന കമ്പനികളോ പള്ളിയുടെ ഓഫീസിലോ വൈദികനെയോ നേരിട്ട് വിളിച്ചറിയിക്കും.

വീട്ടിൽ വച്ചാണ് മരണം സംഭവിക്കുന്നതെങ്കിൽ അധികം താമസിയാതെ ഭൗതികദേഹം മൃതസംസ്കാരം കൈകാര്യം ചെയ്യുന്നവർ എടുത്തുകൊണ്ടുപോകുന്നതാണ് പതിവ്. ഇതൊക്കെ മരണപ്പെട്ട വ്യക്തിയുടെ കുടുംബക്കാരുടെ ആഗ്രഹമനുസരിച്ചാണ് മൃതസംസ്കാര കമ്പനികൾനിർവഹിക്കുന്നത്. ഒരു രാത്രിയോ രണ്ടു രാത്രിയോ വീട്ടിൽ സൂക്ഷിച്ചതിനുശേഷം വീട്ടിൽനിന്നും കൊണ്ടുപോകുന്ന ഒരു പാരമ്പര്യവും നിലവിലുണ്ട്. പക്ഷേ, അത് ഇപ്പോൾ വളരെ അപൂർവമാണ്.

മിക്കവാറും മൃതശരീരം മരണദിനത്തിൽതന്നെ വീട്ടിൽ നിന്നുമെടുത്തു കൊണ്ടുപോകുന്നതാണ് ഇവിടുത്തെ രീതി. ആശുപത്രികളിലോ വൃദ്ധസദനങ്ങളിലോ വച്ച് സംഭവിക്കുന്ന മരണമാണെങ്കിലും അവിടെനിന്ന് മൃതസംസ്കാരം കൈകാര്യം ചെയ്യുന്ന കമ്പനിയാണ് മൃതദേഹം കൊണ്ടുപോകുന്നത്.

ഇതിനിടയിൽത്തന്നെ മരിച്ചയാളുടെ വീട്ടുകാരോ ബന്ധുക്കളോ മരണപ്പെട്ട വ്യക്തി എന്തെങ്കിലും എഴുതിവച്ചിട്ടുണ്ടെങ്കിൽ അതനുസരിച്ച് ഏതു രീതിയിലാണ് സംസ്കാരം നടത്തേണ്ടതെന്ന് തീരുമാനിക്കുകയും അത് ശവമടക്ക് കൈകാര്യം ചെയ്യുന്നവരെ അറിയിച്ച് അവരുമായി ആലോചിച്ചു തീരുമാനിക്കുകയും ചെയ്യുന്നു .

തുടർന്ന് ശവമടക്ക് കമ്പനിയും പള്ളി അധികൃതരും വീട്ടുകാരുംചേർന്ന് മൃതസംസ്കാരത്തിനുള്ള ഏർപ്പാടുകൾ ഒരുക്കുന്നു. മൃതശരീരം പെട്ടിയിലാക്കി സെമിത്തേരിയിൽ അടക്കുകയാണോ അതോ പുറത്തുള്ള ഏതെങ്കിലും ക്രിമറ്റോറിയത്തിൽ മൃതദേഹം ദഹിപ്പിച്ചതിന്റെ ചാരം അടങ്ങിയ കലശം കുടുംബക്കാർ നിശ്ചിത വർഷത്തേക്ക് സെമിത്തേരിയിൽ വാങ്ങിയിട്ടിരിക്കുന്ന കല്ലറയിൽ നിക്ഷേപിക്കുകയാണോ വേണ്ടതെന്ന് അവർ തീരുമാനിച്ച് വൈദികനെ അറിയിക്കുന്നു. സമയവും തീയതിയുമൊക്കെ തീരുമാനിച്ചുകഴിഞ്ഞാൽ പിന്നെ എല്ലാവരെയും അറിയിക്കുകയോ പത്രങ്ങളിൽ പരസ്യപ്പെടുത്തുകയോ ചെയ്യും.

മൃതസംസ്കാരത്തോട് ചേർന്ന് മിക്കവാറും പള്ളി

www.malankaralibrary.com

യിൽ ഒരു ദിവ്യബലി ഉണ്ടാകും. ദിവ്യബലിയോടെയാണെങ്കിലും അല്ലെങ്കിലും പരേതരെപ്പറ്റി വൈദികൻ വീട്ടിലെത്തി ബന്ധുക്കളോട് നല്ലവണ്ണം ചോദിച്ചറിഞ്ഞ് മരിച്ചയാളുടെ ഒരു ചെറു ജീവിത രേഖയടങ്ങിയ നല്ലൊരു ചരമപ്രസംഗം ഉണ്ടാകണമെന്ന് ആളുകൾ പ്രതീക്ഷിക്കാറുണ്ട്. മരിച്ചയാളെ അടുത്ത് പരിചയമുള്ള ചില വ്യക്തികളും സംഘടനകളും മരിച്ചവരെ കുറിച്ച് 'നല്ല വാക്ക്' പറയാൻ സംസ്കാരകർമങ്ങൾക്കുശേഷം അല്പസമയം ചോദിക്കാറുണ്ട്.

കുർബാനയ്ക്ക് മൃതദേഹം പള്ളിയിൽ കൊണ്ടുവരില്ല. മരണ ദിവസം വീട്ടിൽ നിന്ന് മൃതസംസ്കാര നിർവഹണ കമ്പനി എടുത്തുകൊണ്ടുപോയ മൃതശരീരം സെമിത്തേരിയോട് ചേർന്ന് തയ്യാറാക്കിയിട്ടുള്ള ഒരു മുറിയിലായിരിക്കും അതുവരെ സൂക്ഷിക്കുക. മൃതദേഹമാണെങ്കിലും ഭസ്മമാണെങ്കിലും മരിച്ച വ്യക്തിയുടെ ബന്ധുക്കളും വീട്ടുകാരുമൊക്കെ ചേർന്ന് പ്രാർഥനാപൂർവമാണ് മിക്കപ്പോഴും അവിടേയ്ക്ക് കൊണ്ടുവന്നു വയ്ക്കുക. (മരണസർട്ടിഫിക്കറ്റു പോലുള്ള രേഖകൾ കൂടി ഇതേ സമയം പള്ളിയിലോ ഓഫീസിലോ ഏല്പിക്കേണ്ടതുണ്ട്). ബന്ധുക്കൾക്കും സുഹൃത്തുക്കൾക്കുമൊക്കെ അവിടെയെത്തി അന്ത്യോപചാരം അർപ്പിക്കാൻ സാധിക്കും. പക്ഷേ, അത്യാവശ്യം വേണ്ടപ്പെട്ട കുടുംബാംഗങ്ങളെ മാത്രമേ പെട്ടി തുറന്ന് മൃതശരീരം കാണിക്കുകയുള്ളൂ. മറ്റുള്ളവർ അടച്ചുവച്ചിരിക്കുന്ന ശവമഞ്ചത്തിനു പുറത്ത് പുഷ്പങ്ങൾവച്ച് പ്രാർഥിക്കുന്നതാണ് പതിവുരീതി. കേരളത്തിലേതുപോലെയുള്ള ചെറിയ ശവപ്പെട്ടികളല്ല ഇവിടെയുള്ളത്. വ്യത്യസ്തമായ രീതിയിലുള്ള വലിയ പെട്ടികളാണ്. അവയ്ക്കൊക്കെ കൂടിയ വിലയുമാണ്. ശവമടക്കിന് കുറഞ്ഞത് ഏഴായിരം യൂറോയുടെ ചെലവെങ്കിലും വരും.

മൃതശരീരം സെമിത്തേരിയിൽ അടക്കുന്ന രീതിയാണ് അവലംബിക്കുന്നതെങ്കിൽ കുർബാനയ്ക്കുശേഷം സെമിത്തേരിയോട് ചേർന്ന് മൃതദേഹം സൂക്ഷിച്ചു വച്ചിട്ടുള്ള മുറിയിലെത്തി രണ്ടാംഘട്ട പ്രാർഥനകൾ നടത്തി മൃതദേഹം കുഴിമാടത്തിലേക്ക് കൊണ്ടുപോകുകയും കുഴിമാടത്തിൽവച്ചുള്ള പ്രാർഥനയ്ക്കുശേഷം മൃതശരീരം കുഴിയിലേക്കിറക്കുകയുമാണ് ചെയ്യുന്നത്. മൃതശരീരം കുഴിയിലേക്കിറക്കുന്നത് വീട്ടുകാരോ ബന്ധുക്കളോ നാട്ടുകാരോ അല്ല. പ്രത്യേകം പരിശീലനം ലഭിച്ചവരാണ്. അതേത്തുടർന്ന് കുടുംബാംഗങ്ങൾ യാത്ര പറഞ്ഞ് സെമിത്തേരിയിൽ നിന്ന് പിരിയുകയും കുടുംബാംഗങ്ങളും ഏറ്റവും അടുത്ത ബന്ധുക്കളും ഒരുമിച്ചു കൂടി എവിടെയെങ്കിലും ഒന്നിച്ചിരുന്ന് ഭക്ഷണം കഴിക്കുകയും ചെയ്യാറുണ്ട്.

നാട്ടുപ്രദേശങ്ങളിലാണെങ്കിൽ മരണം സംഭവിച്ചാൽ അന്നുമുതൽ സംസ്കാര ദിനംവരെ വൈകിട്ട് ജപമാല ചൊല്ലി പ്രാർഥിക്കുന്ന പതിവുണ്ട് . മറ്റൊരു പ്രത്യേകത ചിലയാളുകൾ മരണഅറിയിപ്പ് നൽകുന്നതോടൊപ്പം മൃതദേഹത്തിൽ പുഷ്പചക്രങ്ങളും പൂക്കളുമൊന്നും വയ്ക്കാൻ കൊണ്ടുവരരുതെന്ന് നിർദ്ദേശിക്കുകയും അതിനായി ചെലവഴിക്കാൻ ഉദ്ദേശിക്കുന്ന തുക മരിച്ചയാളുടെ ബന്ധുക്കളെ ഏല്പിക്കുമ്പോളവർ മറ്റെന്തെങ്കിലുമൊരു നല്ല കാര്യത്തിനായി വകയിരുത്തുകയും ചെയ്യുന്ന രീതിയാണ്.

ചിലവുകുറഞ്ഞ രീതി ഇവിടങ്ങളിൽ ദഹിപ്പിക്കുന്നതുതന്നെയാണ്. അതിനാൽ ജർമനിയിൽ ടൗൺ പ്രദേശങ്ങളിൽ 60 ശതമാനം ആളുകളും തിരഞ്ഞെടുക്കുന്നത് ചിലവുകുറഞ്ഞ ദഹിപ്പിക്കൽ തന്നെ ആണ്. 40 ശതമാനംപേർ മാത്രമേ സെമിത്തേരിയിൽ ശവമഞ്ചത്തിലാക്കി കുഴിച്ചിടുന്ന രീതി അവലംബിക്കുന്നുള്ളൂ. ചാരമാക്കി സംസ്കരിക്കുന്ന രീതി ഗ്രാമപ്രദേശങ്ങളിൽ മുൻപ് കുറവായിരുന്നുവെങ്കിലും ഏതാനും വർഷങ്ങളായി അതിലേക്കു കൂടുതൽ പേർ തിരിയുന്നതായാണ് തോന്നുന്നത്. ഇവിടെ വന്നു താമസിക്കുന്നവരും ജോലി സംബന്ധമായി ജർമനിയിൽ കഴിയുന്നവരും അവധിക്കായി സ്വന്തം നാട്ടിലോ മറ്റെവിടെയെങ്കിലുമോ പോകുന്ന സന്ദർഭത്തിൽ മാതാപിതാക്കളോ ബന്ധുക്കളോ മരണപ്പെട്ടാൽ അവർ വരുന്നതുവരെ മൃതദേഹം മോർച്ചറിയിൽ സൂക്ഷിക്കുകയും അവധി കഴിഞ്ഞ് തിരിച്ചെത്തിയതിനുശേഷം മാത്രം സംസ്കാര ചടങ്ങുകൾ നടത്തുകയുമാണ് ചെയ്യുക. ■

**മരണം പ്രമേയമായുള്ള രണ്ട് ക്രിസ്തീയ ഭക്തിഗാനങ്ങൾ ആത്മീയ ഗായകനായ കെസ്റ്ററിന്റെ ശബ്ദത്തിൽ കേൾക്കാം**

YouTube **https://youtu.be/rZY8shTf7SY**
**https://youtu.be/7G-H6Vbvmjs**

www.malankaralibrary.com



# ന്യൂസിലന്റ്

**ഫാ. മാത്യു വള്ളോപ്പള്ളിൽ**
*വികാരി, സെന്റ് പാട്രിക്സ് ചർച്ച്*
*ഗ്രെമൗത്ത്, ക്രൈസ്റ്റ്ചർച്ച് രൂപത,*
*വെസ്റ്റ് കോസ്റ്റ്, ന്യൂസിലന്റ്*

ഓഷ്യാനിയ രാജ്യങ്ങളിൽപ്പെടുന്ന വളരെ ചെറിയ രാജ്യമായ അഞ്ച് മില്യൻ ജനങ്ങൾ (50 ലക്ഷത്തോളം) മാത്രമുള്ള ന്യൂസിലന്റ് ഒരു മൾട്ടി സംസ്കാര ഭൂമികയാണ്. കാരണം, വിവിധ ഭൂഖണ്ഡങ്ങളിലും രാജ്യങ്ങളിലും നിന്നുള്ള കുടിയേറ്റക്കാർ ഇവിടെയുണ്ട്. കത്തോലിക്കാ മൃതസംസ്കാരത്തിൽ യൂറോപ്പിലെ സമ്പ്രദായ രീതികൾ തന്നെയാണ് ഇവിടെയും പിൻതുടർന്നുവരുന്നത്. ഇതൊരു കാത്തലിക് രാജ്യമല്ല ക്രിസ്ത്യൻ രാജ്യമാണ്. കാരണം, ആംഗ്ലിക്കൻസാണ് ഇവിടെ ഭൂരിഭാഗവും. അതായത് ഐറിഷ് ജനതയ്ക്കുശേഷം ഇവിടെയെത്തിയ ഇംഗ്ലീഷുകാരാണധികവും ഇവിടത്തെ ദേശവാസികൾ. കാത്തലിക്സും പ്രസ്ബിറ്റേറിയൻസും ബാപ്റ്റിസ്റ്റുകാരും മെത്തഡിസ്റ്റുകളും പെന്തക്കോസ്തക്കാരും മതമില്ലാത്തവരും ഈ അമ്പതു ലക്ഷം ജനതയിലുൾപ്പെട്ടതാണ്. ഇവിടെ ഒരു ഇടവകയെ സംബന്ധിച്ച് എത്ര വീടുണ്ട്, ജനങ്ങളുണ്ട് എന്നു പറയാൻ ബുദ്ധിമുട്ടാണ്. കാരണം, ഭർത്താവ് കാത്തലിക്കാണെങ്കിൽ ഭാര്യ ആംഗ്ലിക്കയും മക്കൾ വ്യത്യസ്ത വിശ്വാസത്തിൽപ്പെട്ടവരുമായിരിക്കും. അതിനാൽ വീട് എണ്ണിയിട്ടു കാര്യമില്ല. ഒക്ടോബർ മാസത്തിലെ മാസ് കൗണ്ട് എടുത്താണ് തലയെണ്ണം നടത്തുന്നത്. നാലു ഞായറാഴ്ചകളിൽ പള്ളിയിൽ വരുന്നവരുടെ എണ്ണമെടുത്ത് അതിന്റെ ആവറേജ് കണക്കാക്കിയാണ് കുടുംബത്തിന്റെ എണ്ണമെടുക്കുക. കത്തോലിക്കാ കുടുംബത്തിൽനിന്ന് ആരെങ്കിലും മരിച്ചുകഴിഞ്ഞാൽ രണ്ടു രീതിയിലാണ് ഇവിടുത്തെ സംസ്കാര രീതി.

കേരളത്തിലേതുപോലെ മരിച്ചുകഴിഞ്ഞാലുടൻ സംസ്കരിക്കുന്ന രീതി ഇവിടെയില്ല. ഫ്യൂണറൽ ഡയറക്ടേഴ്സാണ് മൃതസംസ്കാര കർമ്മങ്ങൾ തീരുമാനിക്കുന്നത്. അതിനാൽ ഒരു മരണം സംഭവിച്ചാൽ ബന്ധപ്പെട്ടവർ ആദ്യം ഫ്യൂണറൽ ഡയറക്ടേഴ്സിനെ ബന്ധപ്പെടും. അറിയിപ്പു കിട്ടിക്കഴിഞ്ഞാലുടൻ ഫ്യൂണറൽ ഡയറക്ടേഴ്സ് പ്രസ്തുത ഭവനത്തിലെത്തി തുടർനടപടികളെക്കുറിച്ച് ചർച്ച ചെയ്യും. അസ്വാഭാവിക മരണമാണെങ്കിൽ അവർ ആദ്യം പൊലീസിനെ അറിയിക്കും. പൊലീസെത്തി നിയമനടപടികൾ സ്വീകരിച്ചതിനുശേഷം മാത്രമായിരിക്കും രണ്ടാംഘട്ടമെന്ന നിലയിൽ ഫ്യൂണറൽ ഡയറക്ടേഴ്സ് മൃതസംസ്കാരത്തെക്കുറിച്ച് തീരുമാനമെടുക്കുന്നത്.

സംസ്കാരം കുർബാനയോടുകൂടിയാണോ അതോ സംസ്കാരശുശ്രൂഷ മാത്രമാണോയെന്ന് വീട്ടുകാരുമായി ചർച്ച ചെയ്തതിനുശേഷം ശവമഞ്ചം തുടങ്ങിയ കാര്യങ്ങൾ ഏർപ്പാടാക്കാൻ നടപടികളെടുക്കും. മൃതസംസ്കാരം പൊതുവേ ഇവിടെ ചിലവ് കൂടിയ ചടങ്ങാണ്. ഒടുവിൽ ഫ്യൂണറൽ ഡയറക്ടേഴ്സ് ഇടവക വികാരിയെ കാര്യങ്ങളറിയിക്കും. ഒന്നുകിൽ ബന്ധുക്കൾ വികാരിയുടെ ഓഫീസിലെത്തുകയും തീയതിയും സമയവുമൊക്കെ തീരുമാനിക്കുകയും ചെയ്യും. അല്ലെങ്കിൽ വികാരി മരിച്ചയാളുടെ ബന്ധുക്കളുടെ വീട്ടിൽ പോയി ഇക്കാര്യങ്ങളൊക്കെ തീരുമാനിക്കും. മിക്കവാറും നാലോ അഞ്ചോ ദിവസങ്ങൾക്കു ശേഷമായിരിക്കും മൃതദേഹ സംസ്കാരം നടത്തുക.

ഒരു ഏകീകൃത രീതിയെന്നതിനേക്കാൾ പല രീതികളിലാണ് ഇവിടെയുള്ള മൃതസംസ്കാരം. വികാരിയുമായുള്ള മീറ്റിങ്ങിനിടയിൽ ഇതിൽ ഏതു രീതിയാണ് സ്വീകരിക്കുന്നതെന്ന് ബന്ധുക്കൾ വ്യക്തമാക്കും. കുർബാനയോടു കൂടിയുള്ള മൃതസംസ്കാരമാണെങ്കിൽ പ്രവേശന ഗാനവും ബൈബിൾ വായനകളും സങ്കീർത്തനങ്ങളും കാറോസൂസാ പ്രാർഥനകളുമൊക്കെ മരിച്ച വ്യക്തിയുടെ വീട്ടുകാർ വൈദികന്റെ സഹായത്തോടെ തിരഞ്ഞെടുത്ത് അവരുടെ കൂടി പങ്കാളിത്തത്തോടെയാവും നടത്തപ്പെടുക. അതിന് പ്രത്യേക ബുക്ക്ലെറ്റ് ഉണ്ട്.

മരണപ്പെടുന്ന വ്യക്തിയുടെ വീട്ടിലെ എല്ലാവരും കത്തോലിക്കരല്ലായെങ്കിൽ പ്രസ്തുത വ്യക്തി തന്റെ വിൽപത്രത്തിൽ എഴുതിവച്ചിട്ടുണ്ടാകും; താൻ മരണപ്പെട്ടാൽ ഏതുവിധത്തിൽ സംസ്കാരകർമങ്ങൾ നടത്തണമെന്ന്. കുർബാനയോടുകൂടിയുള്ള സംസ്കാരം വേണോ, സാധാരണ ശുശ്രൂഷകളോടെ അടക്കം നടത്തിയാൽ മതിയോ എന്നൊക്കെ. ഇതനുസരിച്ച് മക്കളോ ബന്ധപ്പെട്ടവരോ ആ രീതിയിൽ സംസ്കാര കർമങ്ങളെ ക്രമീകരിക്കും. കത്തോലിക്കരാണെങ്കിൽ 98% പേരും കുർബാനയോടുകൂടിയുള്ള സംസ്കാര ശുശ്രൂഷയായിരിക്കും അവലംബിക്കുക. വീട്ടുകാർ കത്തോലിക്കരല്ലെങ്കിൽ തിരുകർമങ്ങളെക്കുറിച്ച് അവർക്ക് ഇടവക വികാരി മുൻകൂട്ടി കാര്യങ്ങൾ പറഞ്ഞു മനസ്സിലാക്കേണ്ടിവരും. നാമമാത്ര കത്തോലിക്കരായി

www.malankaralibrary.com

കഴിയുന്ന ചിലരുണ്ട്. അവർക്ക് മരണാനന്തരം ചെറിയ ഒരു പ്രാർഥനാ ശുശ്രൂഷയോടുകൂടിയ സംസ്കാരം മാത്രമേ ഉണ്ടാകൂ.

ഇവിടെ സെമിത്തേരി പൊതുവിടമാണ്. അതിനാൽ അടക്കുന്നതിനുള്ള പ്ലോട്ട് വീട്ടുകാർ മുൻകൂട്ടി സിറ്റി കൗൺസിലിൽനിന്ന് വാങ്ങിക്കണം. മറ്റു കാര്യങ്ങൾ ഫ്യൂണറൽ ഡയറക്ടേഴ്സിന്റെ നേതൃത്വത്തിൽ ഒരുക്കിക്കൊള്ളും. കേരളത്തിലെ ഇവന്റ് മാനേജ്മെന്റ് സിസ്റ്റംപോലെയാണ് ഈ ഫ്യൂണറൽ ഡയറക്ടേഴ്സിന്റെ ഉത്തരവാദിത്വം. അവർക്ക് ഫീസ് കൊടുത്താൽ മതി. സംസ്കാരാനന്തരം ഒരു റിഫ്രഷ്മെന്റുണ്ടായിരിക്കും. അതിന് പാരിഷ് ഹാളോ ഹോട്ടലുകളോ തിരഞ്ഞെടുക്കും. ഈ റിഫ്രഷ്മെന്റിൽ മദ്യസൽക്കാരംവരെ ഉൾപ്പെടുത്തുന്നവരുണ്ട്.

മൾട്ടികൾച്ചറൽ രാജ്യമായതിനാൽ മറ്റു രാജ്യങ്ങളിൽനിന്നുള്ളവർ മരിച്ചാൽ ഒട്ടുമിക്കവരും അവരവരുടെ ദേശത്തേക്കു കൊണ്ടുപോകും. സമോവ, ടോംഗ തുടങ്ങിയ ദ്വീപുസമൂഹങ്ങളിൽ ജനിച്ചു ഇവിടെ താമസമാക്കിയ ആളുകൾ മരിക്കുകയാണെങ്കിൽ അവർ അവരുടെ ആചാരവേഷങ്ങൾ ധരിപ്പിച്ച് പായയിൽ കിടത്തി പൂക്കളും പുഷ്പചക്രങ്ങളുമൊക്കെവച്ച് പൊതുദർശനത്തിനു കിടത്തുകയും രണ്ടു മൂന്നുദിവസങ്ങൾക്കുള്ളിൽ തന്നെ സംസ്കരിക്കുകയും ചെയ്യും. ■



# നോർത്ത് അമേരിക്ക

**അമാൻഡ ഡെക്കർ**
*ഡയറക്ടർ –ഇവാഞ്ചലൈസേഷൻ ആൻഡ് വർഷിപ്പ്, ഡിവൈൻ മേഴ്സി ചർച്ച്, മിൽവോക്കി അതിരൂപത*

അമേരിക്കയിലെ ഭൂരിഭാഗം കത്തോലിക്കരെ സംബന്ധിച്ചിടത്തോളവും മരിച്ച വ്യക്തിയെ ഓർക്കുന്നതിലും അവരുടെ ജീവിതം ആഘോഷിക്കുന്നതിലും കുടുംബക്കാരും ബന്ധുക്കളും മുഴുകുന്ന സങ്കടകാലക്രമത്തിന്റെ പ്രാരംഭമാണ് മൃതസംസ്കാര കുർബാന. വിശ്വാസത്തിൽനിന്നും അകന്നുപോയ അല്ലെങ്കിൽ അതുവരെ ക്രിസ്തുവിനെ കണ്ടുമുട്ടിയിട്ടില്ലാത്ത കുടുംബാംഗങ്ങളോടും സുഹൃത്തുക്കളോടും ഇടവക വികാരിക്ക് സുവിശേഷം അറിയിക്കാനുള്ള ഒരു പ്രധാന അവസരം കൂടിയാണ് ഇത്. മൃതസംസ്കാര ആസൂത്രണത്തിന്റെ ചെലവുകൾ വർധിച്ചുവരുന്ന സാഹചര്യത്തിൽ പല കുടുംബങ്ങളും മൃതസംസ്കാര കമ്പനികൾ മൊത്തത്തിൽ കാര്യങ്ങൾ ആസൂത്രണം ചെയ്യുന്നതിനേക്കാൾ മൃതസംസ്കാരം സ്വയം ആസൂത്രണം ചെയ്യാൻ താത്പര്യപ്പെടുന്നു. മരണാനന്തര ചടങ്ങുകളിൽ മരിച്ചയാളെ അമേരിക്കക്കാർ ഓർക്കുന്ന രീതികൾ ചുവടെ ചേർക്കുന്നു.

**Wake അല്ലെങ്കിൽ Visitation:** പരമ്പരാഗതമായി മൃതസംസ്കാര കർമങ്ങൾക്ക് തലേന്നു വൈകുന്നേരം Funeral Home (മൃതശരീരം സൂക്ഷിക്കുന്ന സ്ഥലം) നോട് ചേർന്ന് മരിച്ചയാൾക്ക് ആദരാഞ്ജലികൾ അർപ്പിക്കാനും മരിച്ചയാളുടെ മറ്റു ബന്ധുക്കൾക്കും സുഹൃത്തുക്കൾക്കും അയൽക്കാർക്കും കുടുംബാംഗങ്ങളെ അനുശോചനം അറിയിക്കാനും അവസരമുണ്ടാകും. Wake അല്ലെങ്കിൽ Visitation എന്നാണ് ഇതറിയപ്പെടുന്നത്.

സാധാരണയായി ഏതാനും മണിക്കൂറുകൾ നീണ്ടുനിൽക്കുന്ന ഈ ഒരുമിച്ചു കൂടൽ ഒരു ജപമാലയോ ചെറിയ പ്രാർഥനാ ശുശ്രൂഷയോ നടത്തിയായിരിക്കും അവസാനിപ്പിക്കുക. ഇതൊരു അധിക ചെലവായതിനാൽ, ഇടവകയിൽ വച്ച് ഇത് നടത്താൻ കുർബാനയ്ക്ക് തൊട്ടുമുമ്പുള്ള മണിക്കൂറുകൾ പല കുടുംബങ്ങളും തിരഞ്ഞെടുക്കുന്നു. മൃതശരീരമടങ്ങിയ പേടകമോ ഭസ്മ കലശമോ പള്ളിയുടെ പ്രത്യേകം നിശ്ചയിക്കപ്പെട്ടിട്ടുള്ള ഏതെങ്കിലും ഹാളിലോ പള്ളിയുടെ മുൻവശത്തുള്ള സ്ഥലത്തോ കൊണ്ടുവന്നു വയ്ക്കും. അവിടേക്ക് വന്ന് അനുശോചനം അർപ്പിക്കാനും മരിച്ചയാളുടെ ആത്മാവിനുവേണ്ടി പ്രാർഥിക്കാനും എല്ലാവർക്കും സൗകര്യമുണ്ടാകും.

**മൃതസംസ്കാര കുർബാന:** മിക്കവാറും കുർബാനയുടെ കാര്യങ്ങൾ ഒക്കെ സംസാരിക്കാനായി വൈദികർ മരിച്ചയാളുടെ വീട്ടുകാരെ നേരത്തെ തന്നെ കണ്ടു സംസാരിക്കാറുണ്ട്. കുടുംബാംഗങ്ങൾക്ക് അവിടെ വച്ച് കുർബാനയിൽ ബൈബിൾ വായനകളും പാട്ടുകളും തിരഞ്ഞെടുക്കാനും തിരുകർമങ്ങളിൽ ആരൊക്കെ പങ്കെടുക്കണമെന്ന് തീരുമാനിക്കാനും അവസരമുണ്ട്. ദുഃഖാർത്തരായവർക്കു ദൈവവചനത്തിലൂടെ ആശ്വാസം നേടാനുള്ള നല്ല ഒരു മാർഗമാണിത്. ഒപ്പം വൈദികന് കുടുംബത്തെ അറിയാനുള്ള അവസരവും കൂടിയാണിത്.

കർമങ്ങളുടെ നേരത്തു ശവപ്പെട്ടി അല്ലെങ്കിൽ ഭസ്മകലശം ഒരു വെളുത്ത തുണികൊണ്ട് മൂടിയിരിക്കും. കാർമികൻ കർമങ്ങൾക്കെത്തിയിരിക്കുന്നവരെ തങ്ങളുടെ ജ്ഞാനസ്നാനവേളയിൽ

www.malankaralibrary.com

ലഭിച്ച വാഗ്ദാനങ്ങളെക്കുറിച്ച് ഓർമിപ്പിക്കും. തുടർന്ന് പാസ്കൽ മെഴുകുതിരി (ഈസ്റ്റർ രാത്രി മുതൽ പന്തക്കുസ്താ വരെ അൾത്താരമുമ്പിൽ കത്തിച്ചു വയ്ക്കുന്ന തിരി) മുൻപിൽ വഹിച്ചുകൊണ്ടു പ്രദക്ഷിണമായി പള്ളിയിലേക്ക് വരുന്നു. ആ തിരി മരിച്ചയാളുടെ മുന്നിൽ കൊണ്ടുവന്നു വച്ച ശേഷം കുർബാന തുടങ്ങുന്നു. മിക്കവാറും മരിച്ചവരുടെ കുടുംബാംഗങ്ങളോ, സുഹൃത്തുക്കളോ ആയിരിക്കും വായനയ്ക്കും കാഴ്ചസമർപ്പണത്തിനും കാറോസൂസാ പ്രാർഥനകൾക്കും നേതൃത്വം നൽകുക.

അമേരിക്കൻ ഐക്യനാടുകളിലെ പല കുടുംബങ്ങളും ചെയ്യാൻ ഇഷ്ടപ്പെടുന്ന മറ്റൊരു പാരമ്പര്യം, തങ്ങളുടെ മരിച്ചു പോയ പ്രിയപ്പെട്ട ആളെക്കുറിച്ച് ഒരു കുടുംബാംഗം പ്രത്യേക കഥയുടെയും ഓർമകളുടെയും രൂപത്തിൽ വിവരിച്ചു സംസാരിക്കുന്ന രീതിയാണ്. ഇത് ദൈവാലയത്തിലെ ചരമപ്രസംഗത്തിന് പുറമെയാണ്. ചിലപ്പോൾ അത് കുർബാനയ്ക്കു മുമ്പായിരിക്കാം, ചിലപ്പോൾ വിശുദ്ധ കുർബാന സ്വീകരണത്തിന് ശേഷമാകാം. മരിച്ചയാൾക്കുവേണ്ടി പ്രാർഥിച്ചും കുടുംബാംഗങ്ങൾക്കു താങ്ങും ആശ്വാസവും നൽകിയും കുടുംബാംഗങ്ങളോടൊപ്പം നിന്ന എല്ലാവർക്കും പരസ്യമായി നന്ദി പറയുന്നതിനുള്ള ഒരു മാർഗം കൂടിയാണിത്.

**Committal :** മരിച്ചവരുടെ സംസ്കാരം മിക്കവാറുമൊക്കെ കുർബാനയ്ക്കുശേഷം ഉടനെ തന്നെ നടത്തും. സംസ്കാരകർമങ്ങളിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്ന എല്ലാവരും പ്രദക്ഷിണമായി സെമിത്തേരിയിലേക്കു നീങ്ങും . സെമിത്തേരിയിലെത്തിയ ശേഷം പുരോഹിതൻ മൃതസംസ്കാരത്തിന്റെ പ്രത്യേക പ്രാർഥനകൾ (prayers of commendation ) അർപ്പിക്കുന്നു. വൈദികന്റെ പ്രാർഥനകൾ കഴിഞ്ഞാൽ വൈദികനും അതിനുശേഷം പങ്കെടുത്തവരെല്ലാം ശവപ്പെട്ടിമേൽ അല്ലെങ്കിൽ ഭസ്മകലശത്തിന്മേൽ ഹന്നാൻ വെള്ളം തളിച്ച് ആശീർവദിച്ചാണ് സെമിത്തേരിയിൽ നിന്ന് മടങ്ങുക.

മുൻകൂട്ടി നിശ്ചയിച്ചിരിക്കുന്ന മൃതസംസ്കാര ക്രമീകരണത്തിനനുസരിച്ച് മരിച്ചവരെ നിലത്തോ അല്ലെങ്കിൽ ഭിത്തിയിലോ തയ്യാറാക്കിയ ശവകുടീരത്തിൽ അടക്കം ചെയ്യും.

യുണൈറ്റഡ് സ്റ്റേറ്റ്സിൽ ശ്രദ്ധിക്കേണ്ട ഒരു കാര്യം, രാജ്യത്തുടനീളം വളരെ വ്യത്യസ്തമായതും ചിലയിടങ്ങളിൽ വളരെ extreme ആയതുമായ കാലാവസ്ഥയാണുള്ളത് എന്നതാണ്. അമേരിക്കയുടെ വടക്കൻ ഭാഗങ്ങളിൽ മഞ്ഞുകാലത്ത് താപനില തീരെ താഴ്ന്നു മഞ്ഞു കട്ടിയാകുന്നയിടങ്ങളിൽ നിലം കുഴിക്കാൻ പ്രയാസമാകുന്ന സാഹചര്യം വരെ ഉണ്ടാകാറുണ്ട്. അത്തരം സന്ദർഭങ്ങളിൽ ശവപ്പെട്ടി മഞ്ഞു മാറുന്ന കാലംവരേയ്ക്കും അവിടെ സൂക്ഷിക്കുകയും മഞ്ഞുകാലം കഴിഞ്ഞ് താപനില ഉയരുന്ന സമയത്തു മൃതസംസ്കാരകർമങ്ങൾ നടത്തി അടക്കം ചെയ്യുകയും ചെയ്യും.

മൃതസംസ്കാര കുർബാന സാധാരണഗതിയിൽ മരിച്ചയാളുടെ ജീവിതം അനുസ്മരിക്കുന്നതിനും ആഘോഷിക്കുന്നതിനുമുള്ള മാർഗമാണെങ്കിലും, കുർബാനയ്ക്കുപകരം Funeral Home ലോ സെമിത്തേരിയിലോ പ്രാർഥനാ ശുശ്രൂഷ നടത്തുന്ന രീതി കൂടി വരികയാണ്. മിക്കവാറും Funeral Home ൽ ഒരു വൈദികനെത്തിയാണ് പ്രാർഥനാശുശ്രൂഷയ്ക്ക് നേതൃത്വം നൽകുന്നത്. ഇതും സഭയിൽനിന്ന് അകന്നിരിക്കുന്നവരോട് സുവിശേഷം അറിയിക്കാനുള്ള നല്ലൊരു മാർഗമാണ്. ■

---



# ബ്രസീൽ – സൗത്ത് അമേരിക്ക

**ഫാ. ജോസഫ് പൊട്ടംപ്ലാക്കൽ**
*വികാരി, സെന്റ് സെബാസ്റ്റ്യൻസ് ചർച്ച്,*
*അവയി സിറ്റി, ബോരു രൂപത,*
*സാവോ പോളോ സ്റ്റേറ്റ്, ബ്രസീൽ*

വൈവിധ്യങ്ങളുടെ കലവറയെന്നു വിശേഷിപ്പിക്കാവുന്ന തെക്കേ–അമേരിക്കൻ ഭൂഖണ്ഡത്തിലെ ഏറ്റവും വലുതും, ജനസംഖ്യയേറിയതുമായ രാജ്യമാണ് ബ്രസീൽ. യുറോപ്യൻ, ആഫ്രിക്കൻ, ഏഷ്യൻ, കൂടാതെ വിവിധ ഗോത്രവർഗക്കാർ എന്നിങ്ങനെ ബഹുവംശജരായ ജനങ്ങളുടെ പിൻതലമുറക്കാർ ഇടകലർന്നു താമസിക്കുന്ന ഇവിടുത്തെ ബഹുഭൂരിപക്ഷം ആളുകളും ഉത്ഥാനം, മരണാനന്തരജീവിതം തുടങ്ങിയവയിൽ വിശ്വസിക്കുന്നു. അതിനാൽതന്നെ മരണാനന്തര ചടങ്ങുകളിൽ ഏറ്റവും ശ്രദ്ധയും താല്പര്യവും കാണിക്കുന്ന ഒരു ജനസമൂഹമാണ് പൊതുവെ ഇവിടെയുള്ളത്. വിവിധ സംസ്കാരങ്ങളുടെയും ഗോത്രങ്ങളുടേയുമൊക്കെ മരണാനന്തര ചടങ്ങുകൾക്ക് തനതായ രീതികളും ആചാരങ്ങളുമൊക്കെ ഉണ്ടെങ്കിലും പൊതുവെ പറഞ്ഞാൽ, പരേതരോടുള്ള ആദരം, പരേതരുടെ കുടുംബത്തിന്

www.malankaralibrary.com

സാമൂഹ്യമായും മാനസികമായും കൊടുക്കുന്ന പിന്തുണ എന്നിവ എടുത്തുപറയേണ്ടതാണ്. മൃത-സംസ്കാരശുശ്രൂഷകൾക്കും അന്തിമോപചാരമർപ്പിക്കുന്നതിനും പൊതുവെ വീടുകൾക്ക് പകരം പൊതുഇടങ്ങളാണുള്ളത്. മരണത്തിന്റെ ഏഴാംദിവസം, ഒരു മാസം, വാർഷികം എന്നിങ്ങനെയുള്ള അവസരങ്ങളിൽ മരണാനന്തരശുശ്രൂഷകളും പ്രാർഥനകളും അവരവരുടെ വിശ്വാസത്തിന്റെ ഭാഗമായി നടത്താറുണ്ട്. സകല മരിച്ചവരുടെയും ഓർമ ദിവസമായ നവംബർ 2 ബ്രസീലിൽ പൊതു അവധിയാണ്. ഈ ദിവസം ആളുകൾ സെമിത്തേരികൾ വിശേഷാൽ അലങ്കരിക്കുകയും കല്ലറകൾ സന്ദർശിച്ച് പൂക്കൾ വച്ചും തിരികൾ തെളിച്ചും പ്രാർഥിക്കുകയും ചെയ്യുന്നത് പതിവാണ്.

പൊതുസമൂഹവുമായി ഇടകലർന്നും, അടുത്തിടപഴകിയുമാണ് ജീവിക്കുന്നതെങ്കിലും തങ്ങളുടേതായ ആചാരങ്ങളും രീതികളും ഇപ്പോഴും പിന്തുടരുന്നവരാണ് ഒട്ടു മിക്ക ഗോത്രവിഭാഗങ്ങളും. അതിനാൽത്തന്നെ വേറിട്ട മരണാനന്തര ചടങ്ങുകൾ ഏറെയുള്ളത് ഇവരുടെയിടയിലാണ്. ഞാൻ ശുശ്രൂഷ ചെയ്യുന്ന ഇടവകയുടെ ഭാഗമായുള്ള നാല് ഗോത്ര വിഭാഗങ്ങളിൽ ഇത്തരത്തിലുള്ള ചില ആചാരങ്ങളുണ്ട്. അവയിൽ ചിലതു ഇപ്രകാരമാണ്. മൃതദേഹം പൊതുദർശനത്തിനു വയ്ക്കുന്ന ഭവനങ്ങളിൽ വിഭവ സമൃദ്ധമായ ഭക്ഷണം ഉണ്ടാകും. കൂടാതെ പരമ്പരാഗതവേഷധാരികൾ പാട്ടും നൃത്തവും അവതരിപ്പിക്കും. ഈ വീട്ടിലെത്തുന്നവർ പരേതന്റെ കുടുംബങ്ങൾക്ക് ചെറിയ ചെറിയ സമ്മാനങ്ങൾ കൈമാറും. പരേതന്റെ വേർപാടിൽ ദുഃഖാർത്തരായിരിക്കുന്ന കുടുംബങ്ങൾക്ക് ആശ്വാസവും സഹായവും നൽകുക എന്നതാണ് ഇതിന്റെയെല്ലാം ലക്ഷ്യം. ഇതിൽ ഒരു ഗോത്ര സമൂഹത്തിൽ ആരെങ്കിലും മരിച്ചാൽ ആ സമൂഹത്തിലെ ആബാലവൃദ്ധം ജനങ്ങളും മൃതദേഹം സന്ദർശിച്ചു അന്തിമോപചാരമർപ്പിക്കും. ആരെങ്കിലും സന്ദർശിക്കാതിരുന്നാൽ മരിച്ചയാൾ അയാളെ തേടി വരുമെന്ന വിശ്വാസമാണത്രെ ഇതിനുപിന്നിൽ! സംസ്കാര സമയത്തു പരേതർ വ്യക്തിപരമായി ഉപയോഗിച്ചിരുന്ന വസ്തുക്കൾ, പരേതന് ഇഷ്ടപ്പെട്ട ഭക്ഷണ പദാർഥങ്ങൾ തുടങ്ങിയവ ശവമഞ്ചത്തോടൊപ്പം വയ്ക്കുന്നത് ഇവരിൽ ചില സമൂഹങ്ങളുടെ രീതിയാണ്.

തങ്ങളുടേതായ വിശ്വാസവും രീതികളും പിന്തുടരുമ്പോഴും, കത്തോലിക്കാ വിശ്വാസികൾ, മൃതസംസ്കാരശുശ്രൂഷകൾക്കും മറ്റു പ്രാർഥനകൾക്കുമൊക്കെ വൈദികനെ സമീപിക്കുമെന്നത് എടുത്തു പറയേണ്ടതാണ്. മരണവും മരണാനന്തര കാര്യങ്ങളുമായി ബന്ധപ്പെട്ടു വിവിധ രീതികളും ആചാരങ്ങളും പിന്തുടരുമ്പോഴും ആത്യന്തികമായി ക്രിസ്തുവിലും ഉത്ഥാനത്തിലും നിത്യജീവനിലുമുള്ള വിശ്വാസവും അതിനുള്ള ആഗ്രഹവുമാണ് ഇതിന്റെയെല്ലാം അടിസ്ഥാനമായി പറയാവുന്നത്. ■



# ഫിലിപ്പീൻസ്

**ഫാ. ജെറി വള്ളോംകുന്നേൽ**
*മുൻ സഹവികാരി, സെന്റ് റോസ് ഓഫ് ലിമ ചർച്ച്, പാസിഗ് രൂപത, മനില, ഫിലിപ്പീൻസ്*

ഫിലിപ്പീൻസിലെ ദ്വീപുസമൂഹങ്ങളിൽ ഇപ്പോഴും ഗോത്രസംസ്കാരത്തിന്റെ ഭാഗമായി കണ്ടെത്താൻ സാധിക്കുന്ന വൈവിധ്യമാർന്ന തദ്ദേശ ഫിലിപ്പിനോ മൃതസംസ്കാര രീതികളും അനുബന്ധ ആചാരങ്ങളും ഉണ്ട്. അവ ഓരോ പ്രദേശത്തെയും സംസ്കാരവുമായി ബന്ധപ്പെട്ടിരിക്കുന്നു. ഇവയിൽ മൃതശരീരങ്ങൾ സുഗന്ധദ്രവ്യങ്ങളിൽ ഇട്ട് സൂക്ഷിക്കുന്ന മമ്മിഫിക്കേഷൻ, തടി കൊണ്ടുള്ള പെട്ടികളിലോ വലിയ മൺകലങ്ങളിലോ മൃതശരീരങ്ങൾ അടക്കം ചെയ്യുക, വീടുകൾക്ക് താഴെയോ അകത്തോ സംസ്കരിക്കുക, പാറകളിൽ തൂങ്ങിക്കിടക്കുന്ന ശവപ്പെട്ടികളിൽ സംസ്കരിക്കുക, മരിച്ചവരെ അവരുടെ പ്രാധാന കവാടത്തിനടുത്ത് കസേരയിൽ ഇരുത്തുകയും പിന്നീട് ഗുഹകളിലോ-മരങ്ങളുടെ പൊത്തുകളിലോ സംസ്കരിക്കുക തുടങ്ങിയ തദ്ദേശീയ ഗോത്ര-മൃതസംസ്കാര ആചാരങ്ങൾ വൈദേശീയ അധിനിവേശങ്ങളുടെ സ്വാധീനത്താൽ ആധുനിക ശ്മശാനങ്ങളുടെ നിർമാണത്തിലേക്കും മൃതസംസ്കാര രീതികളിലേക്കും വഴിമാറി. ബഹുഭൂരിപക്ഷവും ക്രൈസ്തവ വിശ്വാസികളായ ഫിലിപ്പീൻസിലെ മൃതസംസ്കാരരീതികളും ശ്മശാന ആചാരങ്ങളും തദ്ദേശീയ ഗോത്ര സംസ്കാരങ്ങളുടെയും സ്പാനിഷ്- അമേരിക്കൻ-ചൈനീസ് സംസ്കാരങ്ങളുടെയും സ്വാധീനത്താൽ രൂപപ്പെട്ടിട്ടുള്ളതാണ്.

മതപരമായ മരണാനന്തര ചടങ്ങുകൾക്ക് ഫിലിപ്പീൻ ക്രൈസ്തവസമൂഹത്തിൽ വലിയ സ്വാധീന

www.malankaralibrary.com

വും പ്രാധാന്യവും ഉണ്ട്. മൃതദേഹം സംസ്കാരത്തിന് മുൻപ് എംബാം ചെയ്ത് ശവപ്പെട്ടിയിലാക്കി മൂന്നു മുതൽ ഏഴ് വരെയോ അതിലധികമോ രാത്രികൾ സ്വഭവനത്തിലോ മൃതസംസ്കാരശാലകളിലോ (Funeral Homes) ജാഗരണത്തിലും പ്രാർഥനയിലും സൂക്ഷിക്കുന്ന 'പഗ്ലാലാമയി' എന്ന ചടങ്ങ് ശ്രദ്ധേയമാണ്. ആ ദിനങ്ങളിൽ സന്ദർശകർ എത്തി അനുശോചനങ്ങൾ അറിയിക്കുന്നതും പരേതാത്മാവിനുവേണ്ടി വിശുദ്ധ ബലികൾ അർപ്പിക്കുന്നതും പ്രാർഥനകൾ നടത്തുന്നതും കത്തോലിക്കർക്കിടയിൽ പതിവാണ്. ശവപ്പെട്ടിയുടെ ചുറ്റുമായി പരമ്പരാഗതമായി മൃതസംസ്കാര വിളക്കുകൾ, ഒരു അതിഥി രജിസ്ട്രി ബുക്ക്, ഒരു സംഭാവന പെട്ടി, പൂക്കൾ എന്നിവ വച്ചിട്ടുണ്ടാകും. സന്ദർശകർ അനുശോചനങ്ങൾ അറിയിക്കുന്നതിനു പുറമേ പരേതന്റെ കുടുംബം സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർ എങ്കിൽ സന്ദർശകർ മൃതസംസ്കാര ചെലവുകൾക്കായി 'അബുലോയ്' എന്ന പേരിൽ ഒരു സഹായധനം സംഭാവനപെട്ടിയിൽ നിക്ഷേപിക്കാറുണ്ട്. വിലാപ-ജാഗരണദിനങ്ങളിൽ പരേതനെ സന്ദർശികുന്നവർക്കെല്ലാം ഭക്ഷണപാനീയങ്ങൾ വിളമ്പുന്നത് ഒരു പതിവാണ്. വേർപാടിൽ ദുഖിക്കുന്നവരെ ഉണർന്നിരിക്കാൻ സഹായിക്കാനായി ഭവനത്തിൽ ജാഗരണസ്ഥലത്തിന് സമീപത്തോ പുറത്തോ സല്ലാപം, സംഗീതം, ചൂത് അഥവാ ചീട്ട് കളി എന്നിവയ്ക്ക് സൗകര്യം ഒരുക്കിയിട്ടുണ്ടാകും. ചൂത് കളിയുടെ ഭാഗമായി ലഭിക്കുന്ന പണം സംസ്കാരശുശ്രൂഷയുടെ ചെലവുകൾക്കായി നൽകുന്ന പതിവുള്ളതിനാൽ മരണവീടുകളിൽ ചൂതുകളി നിയമപരമായി അനുവദിച്ചിട്ടുള്ള രാജ്യമാണ് ഫിലിപ്പീൻസ്.

മൃതസംസ്കാര ദിനത്തിൽ മൃതദേഹം ഒരു ശവമഞ്ചത്തിൽ ആക്കി കുടുംബാംഗങ്ങളും ബന്ധുക്കളും സുഹൃത്തുക്കളും ചേർന്ന് പള്ളിയിലേക്കും പിന്നീട് സംസ്കരിക്കുകയോ ദഹിപ്പിക്കുകയോ ചെയ്യുന്ന സെമിത്തേരിയിലേക്കും വിലാപയാത്രയായി കൊണ്ടുപോകുന്നു. മൃതശരീരം ദഹിപ്പിക്കുകയും ഭസ്മം മാർബിൾ-ലോഹ കലശങ്ങളിൽ ദൈവാലയത്തോട് ചേർന്ന് പ്രത്യേകം തയ്യാറാക്കിയ സ്ഥലത്തോ ഭവനങ്ങളിലോ പൂജ്യമായി സൂക്ഷിക്കുന്ന പതിവും ഇപ്പോൾ നിലവിലുണ്ട്. മൃതസംസ്കാര ശുശ്രൂഷകളിൽ പരേതന്റെ ചിത്രം ആലേഖനം ചെയ്ത കറുത്തതോ വെളുത്തതോ ആയ വസ്ത്രങ്ങൾ ആണ് പങ്കെടുക്കുന്നവർ ധരിക്കുന്നത്. മരണാനന്തരം ഒമ്പതാമത്തെ ദിവസം പരേതന്റെ ആത്മാവ് പരലോകത്ത് പ്രവേശിക്കും എന്ന പരമ്പരാഗത വിശ്വാസത്തെ അടിസ്ഥാനമാക്കി മൃതസംസ്കാരത്തിനുശേഷം തുടർച്ചയായി ഒൻപത് ദിവസങ്ങൾ കുടുംബാഗങ്ങളും ബന്ധുക്കളും ഒന്നിച്ചു ചേർന്നു പ്രാർഥിക്കാറുണ്ട്.

**സകല വിശുദ്ധരുടെയും മരിച്ചവരുടെയും ഉത്സവം (ഉൻദസ്):** ഒട്ടുമിക്ക സംസ്കാരങ്ങളിലും ഏതാനും നിമിഷങ്ങളുടെ ഒരു സന്ദർശനത്തിലും അധികമായി ശവകുടീരങ്ങളിൽ സമയം ചിലവഴിക്കുന്നത് ആരോചകമായി തോന്നാമെങ്കിലും 'ഉൻദസ്' എന്ന പേരിൽ നവംബർ 01- ന് സകലവിശുദ്ധരുടെയും നവംബർ 02-ന് സകലമരിച്ചവരുടെയും തിരുനാൾ ദിനങ്ങളിൽ ഫിലിപ്പീൻസിലെ കുടുംബങ്ങൾ തങ്ങളുടെ പ്രിയപ്പെട്ടവരുടെ ശവകുടീരങ്ങൾക്ക് ചുറ്റും സംഗീതം, സല്ലാപം, ഭക്ഷണം എന്നിവയുടെ പശ്ചാത്തലത്തിൽ ഒത്തുകൂടുന്നത് അനന്യമായ ഒരു പാരമ്പര്യമാണ്. വളരെ കുടുംബാധിഷ്ഠിതമായ ഫിലിപ്പിനോ സംസ്കാരം ഇപ്പോഴും ജീവിച്ചിരിക്കുന്ന പ്രിയപ്പെട്ടവരുമായി ഒത്തുകൂടാനും കടന്നു പോയവരെ ബഹുമാനിക്കാനും ഓർമിപ്പിക്കാനുമുള്ള ഒരു അവധിക്കാല പാരമ്പര്യമായാണ് 'ഉൻദസ്' ആഘോഷത്തെ കാണുന്നത്. വിശ്വാസങ്ങളും പാരമ്പര്യങ്ങളും ആചാരങ്ങളും അന്ധവിശ്വാസങ്ങളും ഇടകലർന്ന ഒരു ആഘോഷമാണിതെന്ന് പറയാം.

ഈ ദിനങ്ങളിൽ വിദൂരങ്ങളിൽ ആയിരിക്കുന്ന കുടുംബാംഗങ്ങൾ യാത്ര ചെയ്തു തങ്ങളുടെ പ്രിയപ്പെട്ടവരുടെ ശവകുടീരങ്ങളിൽ എത്തുന്നതും ഫിലിപ്പീൻസിലെ ശ്മശാനങ്ങൾ വൈദ്യുത ദീപങ്ങളുടെയും മെഴുകുതിരികളുടെയും ദീപപ്രഭയാലും ശവകുടീരങ്ങൾ പുഷ്പങ്ങളാലും അലംകൃതമായിരിക്കുന്നതും കാണുമ്പോൾ ഒരു ദേശീയ അവധിയുടെ പ്രതീതിയാണ്. കുടുംബാംഗങ്ങൾ എല്ലാവരും അവിടെ തന്നെ ഭക്ഷണം പാചകം ചെയ്തോ കൊണ്ടുവന്നോ ഭക്ഷിക്കും. ചില കുടുംബങ്ങൾ രാത്രി മുഴുവൻ കസേരകളും കിടക്കകളും ഒരുക്കി സെമിത്തേരിയിൽ തന്നെ ചിലവഴിക്കുന്നു.

അന്ധവിശ്വാസമായി കാണാമെങ്കിലും മരണമടഞ്ഞ കുടുംബാംഗങ്ങളുമായി ഭക്ഷണം പങ്കുവയ്ക്കുന്നതിന്റെ പ്രകാശനമായി ശവകുടീരത്തിൽ പാത്രങ്ങളിലും കപ്പുകളിലും വയ്ക്കുന്നതും ഭക്ഷണപദാർഥങ്ങൾ വയ്ക്കുന്നതും ഒരു പതിവാണ്. സെമിത്തേരിയിലെ പ്രാർഥനകൾക്കും കുടുംബകൂട്ടായ്മയ്ക്കുംശേഷം കുടുംബം മുഴുവൻ ഇടവക പള്ളിയിൽ കുർബാനയിൽ പങ്കെടുക്കുകയും ചെയ്യുന്നു. ■

www.malankaralibrary.com

# കാലശേഷമുള്ള തർക്കങ്ങൾ ജീവിച്ചിരിക്കുമ്പോൾ തന്നെ തീർക്കാനാകുമോ ?

**സ്വത്തുതർക്കങ്ങളാൽ കുടുംബ–സഹോദര ബന്ധങ്ങൾ ഉലയുകയും അത് അക്രമങ്ങളിൽ അവസാനിക്കുകയും ചെയ്യുന്ന നിരവധി സംഭവങ്ങൾ ഇന്ന് അരങ്ങേറുന്നുണ്ട്. അത്തരം പ്രതിസന്ധികളെ അതിജീവിക്കാൻ ജീവിച്ചിരിക്കേതന്നെ സ്വത്തിനുടമ വിൽപ്പത്രമെഴുതി അവകാശികളെ നിശ്ചയിക്കേണ്ടതാണ്. അതിന്റെ നിയമവശങ്ങളെക്കുറിച്ച് കേരളാ ഹൈക്കോടതി അഭിഭാഷകൻ കൂടിയായ ലേഖകൻ പരാമർശിക്കുന്നു.**



**അഡ്വ. ഷെറി. ജെ. തോമസ്**
*ജനറൽ സെക്രട്ടറി,*
*കെ.എൽ.സി.എ. സംസ്ഥാന സമിതി*

കേരളത്തിലെ അറിയപ്പെടുന്ന ഒരു പ്രദേശം. വീതിയേറിയ റോഡും വികസനവും ആയപ്പോൾ സ്ഥലത്തിനു നല്ല വില. പത്തിരുപതു വർഷം മുമ്പ് മൂത്ത സഹോദരിയുടെ വിവാഹാവശ്യത്തിന് അന്ന് 25 സെന്റ് ഭൂമി വിറ്റാണ് അപ്പൻ അൽപമെങ്കിലും പണം സ്വരുക്കൂട്ടിയത്. ഇന്ന് അതേ സ്ഥലം രണ്ടു സെന്റ് വിറ്റാൽ ആ കാശ് കിട്ടും. കൈവിട്ടുപോയ ഭൂമിയെക്കുറിച്ചോർത്ത് അയാൾ നെടുവീർപ്പിട്ടു. അപ്പന്റെ കാലത്തു തന്നെ എല്ലാ സഹോദരിമാരുടെയും വിവാഹം നടത്തി. ഭൂമി തന്നെയാണ് അതിനും തുണയായത്. എല്ലാം വിറ്റുകഴിഞ്ഞ് ഇന്നിപ്പോൾ 10 സെന്റ് മാത്രമായി. അപ്പനാകട്ടെ പെട്ടെന്ന് മരണമടയുകയും ചെയ്തു. ശേഷിക്കുന്ന 10 സെന്റ് ഇളയ മകന് നൽകാൻ ഉറച്ചിരുന്നുവെങ്കിലും അത് രേഖയാക്കി വയ്ക്കാൻ സാധിക്കാതെയായിരുന്നു അപ്രതീക്ഷിതമായ മരണം. ശേഷി ച്ച സ്ഥലത്ത് ഉണ്ടായിരുന്ന പഴയവീട് വായ്പയെടുത്ത് പുതുക്കിപ്പണിത് ഉള്ളതുകൊണ്ട് സമാധാനമെന്നു കരുതിയപ്പോഴാണ് കോടതിയിൽ നിന്ന് സമൻസ് വന്നത്. മൂത്ത സഹോദരി തറവാട് വക 10 സെന്റ് സ്ഥലം ഭാഗം വയ്ക്കണമെന്നാവശ്യപ്പെട്ട് നൽകിയ കേസിൽ ഹാജരാകാനുള്ള സമൻസാണ് അത്. ദേഷ്യവും സങ്കടവും കാരണം അയാളുടെ ശ്വാസമിടിപ്പു കൂടി. തന്റെ അപ്പൻ ഒരു തുണ്ടുകടലാസിൽ ഒരു ചെറിയ വിൽപത്രമെഴുതിയിരുന്നെങ്കിൽ... അയാൾ ആശിച്ചുപോയി.

## കാലശേഷം എന്തു വേണം?

ഓരോരുത്തരുടെയും സ്വത്തുവകകൾ കാലശേഷം എങ്ങനെ അവകാശികൾക്ക് വീതിക്കണം എന്നതിനെക്കുറിച്ച് അവകാശികൾ തമ്മിൽ പിന്നീട് തർക്കമുണ്ടാകാതിരിക്കാൻ വിൽപ്പത്രം പ്രയോജനപ്പെടും. വിൽപ്പത്രം എഴുതാതെയാണ് മരിക്കുന്നതെങ്കിൽ സ്വത്തുക്കൾ ഇന്ത്യൻ പിന്തുടർച്ചാവകാശ നിയമപ്രകാരമോ വ്യക്തി നിയമപ്രകാരമോ അവകാശികൾക്ക് ലഭിക്കും. കാലശേഷം സ്വത്തുവകകൾ ആരിലൊക്കെ വന്നു ചേരുമെന്ന നിയമപരമായ പ്രഖ്യാപനമാണ് വിൽപ്പത്രം. അതിൻെറ നടത്തിപ്പും സാക്ഷ്യപ്പെടുത്തലും മററും നിയമപ്രകാരം തന്നെ നടക്കേണ്ടതുണ്ട്. തീറാധാരങ്ങളും സെറ്റിൽമെൻറ് ആധാരങ്ങളും എഴുതി നൽകിയതിനു ശേഷം അവകാശികൾ മുതിർന്നവരെ തിരിഞ്ഞുനോക്കാത്ത സാഹചര്യം വിൽപ്പത്രമാണെങ്കിൽ ഉണ്ടാകില്ല; കാരണം വിൽപ്പത്രം എപ്പോൾ വേണമെങ്കിലും പുതിയത് എഴുതാം. ഏറ്റവും ഒടുവിൽ എഴുതുന്ന വിൽപ്പത്രത്തിനാണ് നിയമസാധുത.

## എങ്ങനെ വിൽപ്പത്രം എഴുതും?

വിൽപ്പത്രം എഴുതുന്നതിന് പ്രത്യേക മാതൃകയൊന്നും നിയമം അനുശാസിക്കുന്നില്ല. മരണപത്രത്തിൽ വിൽപ്പത്രം എന്ന പദം ഉപയോഗിച്ചതുകൊണ്ട് മാത്രമായില്ല. നിയമപരമായി ശാരീരിക–മാന

www.malankaralibrary.com



സിക ബുദ്ധിമുട്ടുകൾ ഒന്നുമില്ലാത്ത ആളായിരിക്കണം വിൽപത്രം എഴുതുന്നയാൾ. വിൽപത്ര പ്രകാരം നൽകാൻ ഉദ്ദേശിക്കുന്ന സ്വത്തുവകകളെക്കുറിച്ചുള്ള വിവരണം വളരെ കൃത്യമായി നൽകിയിരിക്കണം. തന്റെ മരണശേഷം മാത്രമായിരിക്കും വിൽപത്രം നടപ്പിലാക്കേണ്ടത് എന്ന ഉദ്ദേശത്തിൽ ആയിരിക്കണം വിൽപത്രം എഴുതേണ്ടത്. എഴുതുന്നയാളുടെ ജീവിതകാലത്ത് നടപ്പിൽ വരണമെന്ന രീതിയിലുണ്ടാകുന്ന യാതൊന്നും വിൽപത്രമാവുകയില്ല. വിൽപത്രമെഴുതുന്നയാളുടെ ജീവിതകാലത്ത് എപ്പോൾ വേണമെങ്കിലും എഴുതിയത് റദ്ദ് ചെയ്യാവുന്നതാണ്.

ഇന്ത്യൻ പിൻതുടർച്ചാവകാശ നിയമത്തിൽ സൂചിപ്പിക്കുന്നതുപോലെ ശരിയാംവിധം ഒപ്പിട്ടിട്ടുള്ളതും സാക്ഷികളാൽ സാക്ഷ്യപ്പെടുത്തിയതുമായിരിക്കണം (വിൽപത്രപ്രകാരം വസ്തു കിട്ടുന്നയാൾ സാക്ഷിയായി നിൽക്കരുത്). വിൽപത്രം എഴുതുന്നയാളുടെ ഉദ്ദേശമാണ് പ്രധാനം. സാധാരണ കരാറുകളും കത്തുകൾപോലും വിൽപത്രമായി മാറാവുന്നതാണ്. വിൽപത്രം എഴുതുന്നതിന് പ്രത്യേക ശൈലിയോ ഭാഷയോ ഇല്ല എന്നു മാത്രമല്ല സാങ്കേതിക പദങ്ങൾ ഒന്നും തന്നെ പ്രയോഗിക്കണമെന്നില്ല. എന്നിരുന്നാലും ഉപയോഗിച്ചിരിക്കുന്ന വാക്കുകൾ വിൽപത്രമെഴുതുന്നയാളുടെ മനസ്സ് വായിക്കാനുതകുന്ന തരത്തിൽ സുതാര്യവും വ്യക്തവും ആയിരിക്കണം. വിൽപത്രം സ്വന്തം കൈപ്പടയിൽ എഴുതിയതോ, ടൈപ്പ് ചെയ്തതോ, കമ്പ്യൂട്ടർ പ്രിൻേറാ ഏതു രീതിയിൽ വേണമെങ്കിലും ആകാവുന്നതാണ്. നിശ്ചിത സ്റ്റാമ്പ് മൂല്യം ആവശ്യമില്ലാത്തതിനാൽ വിൽപത്രം സ്റ്റാമ്പ് പേപ്പറിൽ എഴുതണമെന്നും നിർബന്ധമില്ല. ഭാവിയിൽ ഉണ്ടായേക്കാവുന്ന തർക്കങ്ങൾ ഒഴിവാക്കാൻ വിൽപത്രം രജിസ്റ്റർ ചെയ്യാവുന്നതാണ്.

## മക്കളായതുകൊണ്ട് ഭൂമി കിട്ടണമെന്നില്ല

തികച്ചും അപരിചിതനായ ഒരാൾക്കായി സ്വത്തുവകകൾ എഴുതിയതുകൊണ്ടു മാത്രം വിൽപത്രം അസാധുവാകുന്നില്ല. നിയമപരമായ എല്ലാ ചട്ടങ്ങളും പാലിച്ചിട്ടുണ്ട് എങ്കിൽ അവകാശികളെ തഴഞ്ഞ് മറെറാരാൾക്ക് സ്വത്ത് നൽകിയതിന്റെ പേരിൽ വിൽപത്രത്തിൻെറ സാധുത നഷ്ടപ്പെടുന്നില്ല. വിൽപത്രം എഴുതുന്നയാൾ അതിൽ രണ്ട് സാക്ഷികൾ കാൺകെ ഒപ്പിട്ടിരിക്കണം. വിൽപത്രം എഴുതുന്നയാൾക്ക് ഒപ്പിടാനായില്ലെങ്കിൽ അദ്ദേഹത്തിൻെറ നിർദ്ദേശത്തിലും സാന്നിദ്ധ്യത്തിലും മറെറാരാൾക്ക് ഒപ്പിടാവുന്നതാണ്. വിൽപത്രം സാക്ഷ്യപ്പെടുത്തുന്ന രണ്ടു സാക്ഷികൾ അതിൻെറ സാരാംശം അറിഞ്ഞിരിക്കണമെന്നില്ല. യുദ്ധമുഖത്തെ പടപൊരുതുന്ന സൈനികനോ, നാവികനോ, വൈമാനികനോ വിൽപത്രം എഴുതുന്നതിന് പല പ്രത്യേക പരിഗണനകളും നിയമം അനുശാസിക്കുന്നുണ്ട്. അപ്രകാരം എഴുതുന്ന വിൽപത്രം സാക്ഷികളാൽ അറ്റസ്റ്റു ചെയ്യാതിരിക്കുകയോ വിൽപത്രം എഴുതുന്നയാൾ ഒപ്പിടാതിരിക്കുകയോ ആണെങ്കിൽ പോലും അത് നിയമപരമായി നിലനിൽക്കുന്നതായിരിക്കും. ■

www.malankaralibrary.com

# ഇന്ത്യ എല്ലാവരും ഉൾപ്പെട്ട ഇടം

**വ്യത്യസ്ത മതവിഭാഗങ്ങളും ഭാഷക്കാരും കുടിയേറ്റക്കാരുമൊക്കെ ഉൾപ്പെട്ട ഒരു സാംസ്കാരിക ചരിത്രമാണ് ഭാരതത്തിന്റേത്. ആരെയെങ്കിലും പുറത്താക്കിക്കൊണ്ടുള്ള ഇന്ത്യയെക്കുറിച്ച് ചരിത്രാവബോധമുള്ളവർക്കാർക്കും ചിന്തിക്കാനാവില്ല. ചരിത്രം തിരുത്തപ്പെടുന്ന പശ്ചാത്തലത്തിൽ പ്രശസ്ത ചരിത്രകാരനും ഡൽഹി JNU ചരിത്രവിഭാഗം പ്രൊഫസറുമായ ഡോ. പയസ് മലേക്കണ്ടത്തിലുമായി കാരുണികൻ നടത്തിയ സംഭാഷണ പരമ്പരയുടെ നാലാംഭാഗം.**



**റവ. ഡോ. പയസ്**
**മലേക്കണ്ടത്തിൽ**
*വികാരി ജനറൽ, കോതമംഗലം രൂപത*

**? ചരിത്രം തിരുത്തുന്നതിൽ സുപ്രധാന തിരുത്ത് വരുത്തുക രാജ്യത്തിന്റെ ഭരണഘടന തിരുത്തുന്നതിലൂടെയാകുമല്ലോ? ഇന്ത്യയുടെ നിലവിലുള്ള ഭരണഘടന തിരുത്തിയാൽ ഏതെല്ലാം വിധത്തിൽ ചരിത്ര നിഷേധമാകും അത്?**

ഭരണഘടന എന്നു പറയുന്നത്, എങ്ങനെയാണ് രാജ്യം ഭരിക്കേണ്ടത്, അത് ഫലപ്രദമായി നിർവഹിക്കുന്നതിന് എന്തെല്ലാം കാര്യങ്ങൾ ഉൾക്കൊള്ളണം, ഏതെല്ലാം കാര്യങ്ങൾ സുരക്ഷിതമാക്കിക്കൊണ്ട് വേണം ഭരിക്കാൻ എന്നെല്ലാം നിശ്ചയിക്കുന്ന മാനദണ്ഡമാണ്. അത് ഏറ്റവും വ്യക്തമായിതന്നെ തയ്യാറാക്കിയിട്ടാണ് നമ്മുടെ സ്വാതന്ത്ര്യ സമര നേതാക്കന്മാർ കാലയവനികയ്ക്കുള്ളിൽ മറഞ്ഞിട്ടുള്ളത്. ചരിത്രം തന്നെയാണ് അവർ അതിന് ഒരടിത്തറയായി ഉപയോഗിച്ചിരിക്കുന്നത്. ഇതു ചരിത്ര വിരുദ്ധമായി വരാതിരിക്കാൻവേണ്ടി എല്ലാ തുറകളിലുമുള്ള ജനവിഭാഗങ്ങളെയും ഉൾപ്പെടുത്തി ചരിത്രത്തിന്റെ അംശം അതിൽ വരത്തക്കരീതിയിലാണ് തയ്യാറാക്കിയിട്ടുള്ളത്. ചരിത്രം തിരുത്തുക എന്നുള്ളത് ഭരിക്കുന്നവരുടെ ഇംഗിതമനുസരിച്ച് ഇന്നലെകളെ മനസ്സിലാക്കാനുള്ള ഒരു ശ്രമമാണ്. ചൈനയിലെ സോങ് രാജാക്കന്മാരുടെ (*Song Dynasty of China 960 AD-1279*) കാലഘട്ടങ്ങളിലെ ചരിത്രം പഠിക്കുമ്പോൾ, ഓരോ രാജാക്കൻമാരും ചക്രവർത്തിമാരും ഭരിക്കാൻ കയറുമ്പോൾ അവർക്ക് ഓരോ ചരിത്രമെഴുത്തുകാരുണ്ടായിരുന്നുവെന്ന് മനസ്സിലാക്കാനാകും. അവർ എഴുതുന്ന രീതിയിൽ മാത്രമേ ആ രാജാവിന്റെ രാജവംശവും ഭരണകാലഘട്ടവുമൊക്കെ മനസ്സിലാക്കാൻ പറ്റൂ. പുതിയ രാജവംശം വരുമ്പോൾ എഴുതി വച്ചിരിക്കുന്ന പഴയവയൊക്കെ കത്തിച്ചു കളയും. അവരുടെ archives മുഴുവൻ നശിപ്പിച്ചു കളയും. കാരണം, വേറൊരു വിധത്തിൽ ഇന്നലെകളെ മനസ്സിലാക്കപ്പെടാൻ പാടില്ല. അതുകൊണ്ട് അവർ പുതിയ രീതിയിലുള്ള ചരിത്രരചന നടത്തും. അതിന്റെ ഇടയിലൂടെ മനസ്സിലാക്കപ്പെടുന്ന ഇന്നലെകളാണ് നമ്മൾ ചൈനയിലെ സോങ് രാജവംശത്തെക്കുറിച്ചും മറ്റും മനസ്സിലാക്കാൻ ശ്രമിക്കുന്നത്. എന്നു പറഞ്ഞാൽ ഭരിക്കുന്നവരുടെ, അധിനിവേശം നടത്തുന്നവരുടെ, അധികാരം കൈയാളുന്നവരുടെ ഭരണവും മേൽക്കോയ്മയും സാധൂകരിക്കാനും അവരുടെ ഭരണനയങ്ങളെ ന്യായീകരിക്കാനും ഉപയോഗിക്കപ്പെടുന്ന ഏറ്റവും അവിർഭാജ്യ ഉപകരണമാണ് ചരിത്രം. അവരുടെ അധികാരം സൂക്ഷിക്കാനും അധികാരത്തിന്റെ ശക്തി ബലപ്പെടുത്തി നിർത്താനും പറ്റിയ ഏറ്റവും വലിയ ആയുധമാണ് ചരിത്രം എന്ന മേഖല. ഇന്നലെകളെക്കുറിച്ചുള്ള ഓർമകൾ മുഴുവൻ മായ്ച്ചുകളയുക, ഇന്നലെകളെയുമായി ബന്ധിപ്പിക്കുന്ന കണ്ണികൾ എല്ലാം മുറിച്ചുകളയുക, ഇന്നലെകളെയുമായി ബന്ധപ്പെടുത്തുന്ന അവശി

www.malankaralibrary.com



ഷങ്ങൾ എല്ലാം ഇടിച്ചു കളയുക എന്നത് 'ഇന്നലകളെ ഒരിക്കലും അത് ആയിരിക്കുന്ന അവസ്ഥയിൽ മനസ്സിലാക്കപ്പെടരുത്', 'ഞങ്ങൾ പറയുന്ന വിധത്തിലാണ് മനസ്സിലാക്കപ്പെടേണ്ടത്', 'ഞങ്ങൾ കൊടുക്കുന്ന വിശദീകരണവും വ്യാഖ്യാനവും അനുസരിച്ചാണ് ഇന്നലെകളെ മനസ്സിലാക്കേണ്ടത്,' എന്ന വിധത്തിലുള്ള പ്രക്രിയ മിക്കവാറും അധികാരക്കൊതിയുള്ള ഭരണാധികാരികൾ എപ്പോഴും ചെയ്യുന്നതാണ്.

ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത് ഹിറ്റ്ലറുടെ കാലത്തും മറ്റു പല സ്വേഛാധിപതികളായ ഭരണാധികാരികളുടെ കാലത്തും നടന്നിട്ടുള്ളത് തന്നെയാണ്. ഒരു ലിബറൽ കാഴ്ചപ്പാടോടെ എല്ലാത്തിനും ഇടം കൊടുത്തുകൊണ്ട് ചരിത്രത്തിന്റെ വിവിധ മാനങ്ങൾക്ക് തുല്യപ്രാധാന്യം നൽകിക്കൊണ്ട് രൂപപ്പെട്ടുവന്ന ഇന്നലെകളെക്കുറിച്ചുള്ള മനസിലാക്കൽ അല്ലെങ്കിൽ ചരിത്രാവബോധം ഒരിക്കലും നഷ്ടപ്പെട്ടു പോകരുത്, പല വിധത്തിലുള്ള വായനകൾ ഇന്നലെകളെക്കുറിച്ചുണ്ടാകണം, യാഥാർഥ്യത്തിലേക്കെത്തത്തക്കവിധമുള്ള ഇന്നലെകളുടെ സ്മാരകങ്ങളും അടയാളങ്ങളും നിലനിൽക്കണം എന്നു ആഗ്രഹിക്കുന്നത് നല്ല മനസ്സുകളുടെയും നല്ല ഭരണാധികാരികളുടെയും പുണ്യങ്ങൾ ആണ്. പക്ഷേ, അധികാരത്തിൽ എത്തിക്കഴിഞ്ഞാൽ തങ്ങളുടെ അധികാരത്തെ ചോദ്യം ചെയ്യുന്ന വിധത്തിൽ ഇന്നലെകളെ കുറിച്ചുള്ള അറിവ് എത്തരുത് എന്നു ചിന്തിക്കുന്ന ഭരണാധികാരികൾ ഉണ്ട്. അത്തരത്തിലുള്ള അധികാരികൾ ഇന്നും ഉണ്ടെന്നുള്ളതാണ് ഈ ചോദ്യം സൂചിപ്പിക്കുന്നത്. ഞാൻ ചില ഘട്ടങ്ങളിൽ എൻ.സി.ഇ.ആർ.ടി. (NCERT ) ടെക്സ്റ്റ് ബുക്കുകളുടെ റിവിഷൻ പ്രോസസിന്റെ ചർച്ചകളുടെ ഭാഗമായിരുന്നിട്ടുണ്ട്. അതിൽ രണ്ടു ഘട്ടങ്ങളിലും 'മാറ്റം വേണ്ട' എന്നും അവയിൽ 'തെറ്റുകൾ (factual errors ) ഉണ്ടെങ്കിൽ മാത്രം അത് തിരുത്തിയാൽ മതി' യെന്നും ഞാൻ പറയുകയുണ്ടായി. എന്നാൽ അതിന്റെ പേരിൽ ഞാൻ വിമർശിക്കപ്പെടുകയാണുണ്ടായത്. അവർ ആശിച്ചത് അവർ ആഗ്രഹിക്കുന്ന വിധത്തിൽ ചരിത്രം വളച്ചൊടിക്കപ്പെടണം എന്നാണ്. കൈയാളിയ അധികാരത്തിനു ആനുപാതികമായി ചരിത്ര പ്രാധാന്യം അവർക്കു കിട്ടത്തക്ക വിധത്തിൽ ചരിത്രത്തെ വളച്ചൊടിക്കുകയും ചരിത്രത്തെ അനാവശ്യമായി tamper ചെയ്യുകയും അവരുടെ മഹിമ ഘോഷിക്കുന്ന വിധത്തിലുള്ള ഇന്നലെകളെകുറിച്ചുള്ള ഒരു അവതരണം ഇതര സമുദായങ്ങളുടെയും സമൂഹങ്ങളുടെയും മധ്യേ കിട്ടണം എന്നുള്ള കാഴ്ചപ്പാടോടുകൂടി ചരിത്രത്തിലേക്കും ചരിത്രസംഭവങ്ങളിലേക്കും ഇടപെടൽ നടത്തുന്നതുമാണ് ഇന്ന് കാണുന്നത്. അത് നടത്താൻ മാത്രമുള്ള വിജയം ഉണ്ടെന്ന് അവർ ഊഹിച്ചാലും ഇപ്പോഴും നടന്നിട്ടില്ല. ഇവിടത്തെ സെക്കുലർ പ്രേക്ഷകരും ശാസ്ത്രീയ ചരിത്ര സംഘവും പഠനരംഗത്തുള്ളവരും ഇപ്പോഴും അതംഗീകരിച്ചു കൊടുത്തിട്ടില്ല. സാധിക്കുന്നിടത്തോളം അവർ തിരുത്തികൊണ്ടും മാറ്റം വരുത്തികൊണ്ടുമിരിക്കുമായിരിക്കും.

ചരിത്രം തിരുത്തിയെടുക്കുക എന്നുള്ളത് ഭരണത്തിന്റെ ഭാഗമാണ്. അവരുടേതായ വിധത്തിൽ, അവർ പറഞ്ഞുകൊടുക്കുന്ന വിധത്തിൽ മാത്രമേ ഇന്നലെകളെ കാണാവൂ എന്നത് ഭരിക്കുന്നവരുടെ ഗൂഢലക്ഷ്യത്തിന്റെ ഭാഗമാണ്. 'കാര്യങ്ങളെ ആയിരിക്കുന്ന വിധത്തിൽ കാണാൻ ഇടവരരുത്', 'ഞങ്ങൾ കൊടുക്കുന്ന കാഴ്ചപ്പാടോടുകൂടി ഇന്നലെകളെ കാണണം', 'ഞങ്ങൾ ശത്രു എന്ന് പറയുന്നത് നിങ്ങളും ശത്രുവായി കണക്കാക്കുകയും ഞങ്ങൾ മിത്രം എന്ന് പറയുന്നത് നിങ്ങളും മിത്രമായി എടുക്കുകയും ഞങ്ങൾ പ്രാധാന്യം കൊടുക്കണം എന്ന് നിശ്ചയിച്ചിട്ടുള്ളത് നിങ്ങളും പ്രധാന്യം കൊടുക്കുകയും ചെയ്യണം' എന്ന മട്ടിൽ ഇന്നലെകളെ അവതരിപ്പിക്കു

www.malankaralibrary.com

ന്നതിൽ ഒരു അപകടം അടങ്ങിയിട്ടുണ്ട് എന്നുള്ളത് നമ്മൾ അംഗീകരിച്ചേ പറ്റൂ.

### ? പാഠ്യപദ്ധതിയാണ് ഭാവിയിലേക്ക് ചരിത്രം പകർന്നു കൊടുക്കുന്ന സ്റ്റേറ്റിന്റെ മീഡിയം. പഠന പുസ്തകങ്ങൾ വഴിയുള്ള ചരിത്രം തിരുത്തലുകളിലൂടെ ലക്ഷ്യമിടുന്നത് എത്ര വിധം അപകടകരമാണ്?

സ്കൂൾ വിദ്യാഭ്യാസം പലപ്പോഴും സ്റ്റേറ്റിന്റെ കൈയിലാണെന്ന ഒരു ധാരണ പൊതുവേയുണ്ട്. വിദ്യാഭ്യാസം എന്നുള്ളത് concurrent ലിസ്റ്റിലുള്ളതാണ്- സ്റ്റേറ്റിന്റെയും സെന്ററിന്റെയും കീഴിലുള്ളതാണ്. സ്കൂൾ വിദ്യാഭ്യാസത്തിന്റെ പാഠ്യ പദ്ധതി ഗവൺമെന്റ് നിശ്ചയിക്കുന്ന കമ്മിറ്റിയാണ് തയ്യാറാക്കുന്നത്. ഭരിക്കാൻ ഗവൺമെന്റ് വരുമ്പോൾ കേന്ദ്രതലത്തിൽ ഒരു എജ്യുക്കേഷൻ പോളിസിയുണ്ടാകും; ആ പോളിസിക്ക് അനുസൃതമായാണ് സിലബസ് ഉണ്ടാക്കേണ്ടത്. അതുകൊണ്ടാണ് 2005-2006 ൽ ഒരു സിലബസ് ഉണ്ടാക്കിയത്. ആ സിലബസിന്റെ അടിസ്ഥാനത്തിൽ, എജ്യുക്കേഷൻ പോളിസിയോട് ചേർന്നുനിന്നുകൊണ്ടുതന്നെയാണ് എൻ.സി.ഇ.ആർ.ടിയുടെ 12-ാം ക്ലാസ്സുവരെയുള്ള പുസ്തകങ്ങൾ എല്ലാംതന്നെ നവീകരിച്ചത്. അതിന്റെയടിസ്ഥാനത്തിൽ സ്റ്റേറ്റ് സിലബസും 12-ാം ക്ലാസ്സുവരെ നവീകരിക്കുകയുണ്ടായി .

ഭരിക്കുന്ന ഗവൺമെന്റിന്റെ പോളിസിക്കനുസൃതമായി ആണോ വിദ്യാഭ്യാസമേഖലയിലെ കാര്യങ്ങൾ പഠിക്കേണ്ടത് എന്നു ചോദിച്ചാൽ ഒരു പരിധിവരെ എന്തെല്ലാം അത്യാവശ്യ കാര്യങ്ങൾ ഒരുകുട്ടി 12-ാം ക്ലാസ്സുവരെയെത്തുമ്പോഴേക്കും പഠിച്ചിരിക്കേണ്ടതാണെന്ന് സ്റ്റേറ്റിന് നിഷ്ക്കർഷിക്കാം. കാരണം സ്റ്റേറ്റാണ് വിദ്യാഭ്യാസത്തിനുവേണ്ടി സാമ്പത്തികം നൽകുന്നത്. അതിനാൽ സ്കൂൾ വിദ്യാഭ്യാസം സ്റ്റേറ്റ് നിർണയിക്കുന്ന ഒരു പതിവാണ് ഇവിടെയുള്ളത്. കാരണം ഒരു Standardization ആവശ്യമാണ്, Homogenization ആവശ്യമാണ്. അതുൾക്കൊള്ളാം. പക്ഷേ, അത് ചെയ്യുമ്പോൾ ഓരോന്നിനും അതിന്റേതായ പ്രാധാന്യം കൊടുക്കേണ്ടതല്ലേ. വിവിധ പ്രദേശങ്ങളുടെയും ജനവിഭാഗങ്ങളുടെയും ചരിത്രപരമായ മനസ്സിലാക്കലിൽ അസന്തുലിതാവസ്ഥ (Imbalance) സൃഷ്ടിക്കുന്നവിധത്തിൽ പാഠങ്ങൾ പഠിപ്പിക്കുന്നത് ശരിയാണോ? അല്ലെങ്കിൽ കമ്മിറ്റിയിലുള്ളവരുടെ ഇംഗിതങ്ങളനുസരിച്ച് അവരുടെ ഇഷ്ടാനിഷ്ടങ്ങൾ അനുസരിച്ച് ചരിത്രം പോലുള്ള ടെക്സ്റ്റുബുക്കുകളിൽ പാഠങ്ങൾ വരുത്തുകയും വരുത്താതിരിക്കുകയും ചെയ്യുന്നത് അഭിലഷണീയമാണോ?

എൻ.സി.ഇ.ആർ.ടി പുസ്തകങ്ങളിൽ പലവിധത്തിലുള്ള Factual Mistakes ഉണ്ടായപ്പോൾ അവയൊക്കെ പരിഹരിക്കപ്പെടുന്നതിനുവേണ്ടി ഒരു കമ്മിറ്റി രൂപീകരിച്ചപ്പോൾ അതിന്റെ ചെയർമാനായി ഞാനുണ്ടായിരുന്നു. അന്ന് 1000-2000 പേരുടെ, ചിലപ്പോഴൊക്കെ 2500, 3000 പേരുടെയൊക്കെ അപേക്ഷകൾ ഉണ്ടായിരുന്നു. ചില ഭാഗങ്ങളൊക്കെ കൂട്ടിച്ചേർക്കണം ചില ഭാഗങ്ങൾ മാറ്റണമെന്ന് പറഞ്ഞുകൊണ്ട്. ചിലഭാഗങ്ങൾക്ക് പ്രാധാന്യം കൂട്ടാനും ചിലഭാഗങ്ങൾക്ക് പ്രാധാന്യം കുറക്കാനും വേണ്ടി ഉദ്ദേശിച്ചിട്ടുള്ളതായിരുന്നു ഈ അപേക്ഷകളെന്ന് ചുരുക്കം. സമ്മർദ്ദതന്ത്രങ്ങളുടെ ഭാഗമായി ചേർക്കേണ്ടതാണോ പാഠപുസ്കങ്ങളിലെ ചില അംശങ്ങൾ? സ്വാഭാവികമായി എൻ.സി.ഇ.ആർ.ടി പുസ്തകങ്ങൾ ഉണ്ടാക്കിയപ്പോൾ ഇന്ത്യയിലെ ഏറ്റവും ഉയർന്ന ചരിത്രകാരന്മാർ തന്നെയാണ് അതിന്റെ സൂക്ഷ്മ പരിശോധനാ കമ്മിറ്റിയിൽ (scrutiny committe ) ഉണ്ടായിരുന്നത്. അതിന്റെ വിവിധതരത്തിലുള്ള വിശകലന കമ്മിറ്റികളിലും ഉണ്ടായിരുന്നത് ഇന്ത്യയിലെ അറിയപ്പെട്ടിരുന്ന ചരിത്രകാരന്മാർതന്നെയായിരുന്നു.

എങ്ങനെയായാലും പുസ്തകങ്ങളിൽ തിരുത്തലുകൾ നടത്തുന്നുണ്ട്, established knowledge ലും acknowledeged knowldege ലും. നിലവിലുള്ള ചരിത്ര അറിവിന് വിരുദ്ധമായി ചരിത്ര അറിവുകൾ വരുന്നു എങ്കിൽ ചില പ്രദേശങ്ങളുടെയും ജനവിഭാഗങ്ങളുടെയും ചരിത്രം മനസ്സിലാക്കലുകളിൽ അസന്തുലിതാവസ്ഥ (imbalance) സൃഷ്ടിക്കുന്നവിധത്തിൽ കാര്യങ്ങൾ നടക്കുന്നുണ്ടെങ്കിൽ ജാഗ്രത വേണമെന്ന് നമ്മൾ ഓർമ്മിപ്പിക്കപ്പെടുകയാണ്. ഇങ്ങനെയൊക്കെ വരുന്നത് സ്കൂൾതലങ്ങളിൽ തൊട്ട് കുട്ടികളെ തെറ്റിദ്ധരിപ്പിക്കുന്നതാണ്. അവരെ ബ്രെയിൻവാഷ് ചെയ്യുകയും തെറ്റായ വഴിക്ക് തിരിക്കുകയും ചെയ്യുന്ന കാര്യങ്ങളാണ്. അപ്പോൾ സത്യം പറഞ്ഞു കൊടുക്കാൻ ബാധ്യതയുള്ള ടെക്സ്റ്റ്ബുക്ക് കമ്മിറ്റിയും സിലബസ്രൂപീകരണ കമ്മിറ്റിയും സർക്കാരും അത് തെറ്റായി പഠിപ്പിക്കുന്നത് കൊച്ചുമനസ്സുകളിൽ തെറ്റു പറഞ്ഞു പഠിപ്പിക്കുന്നതിന് തുല്യമാകും. ഇത് ഇന്നലെകളെക്കുറിച്ചും രാഷ്ട്രത്തിന്റെ സ്വഭാവത്തെക്കുറിച്ചും തെറ്റായി മനസ്സിലാക്കാൻ കാരണമാകും. അത് ശരിയല്ല.

***(തുടരും).***

www.malankaralibrary.com

# സ്വപ്നങ്ങളിൽ തങ്ങിയ യാഥാർഥ്യം

വി.ആർ. സുധീഷിന്റെ 'ഹൃദയതാരകം' എന്ന കഥയുടെ വിശകലനം. (*സമകാലിക മലയാളം വാരിക, 2022 ഒക്ടോബർ 3)*



ഫാ. സുനിൽ OFM Cap.
*ഡയറക്ടർ, അസ്സീസി ആർട്സ് & കമ്മ്യൂണിക്കേഷൻ, കൊല്ലം*

എല്ലാ കഥകൾക്കും ഒരു മറുവശമുണ്ട്. ഉൾക്കാഴ്ചയുടെ തീക്ഷ്ണതയാൽ എഴുതപ്പെടുന്ന കഥകൾക്ക് ഒരുപാട് മാനസിക ലോകങ്ങളെ കാട്ടിത്തരാൻ കഴിയും. മാർക്വേസിന്റെ വളരെ ശ്രദ്ധേയമായ ഒരു കഥയാണ് 'മരണത്തിന്റെ മറുവശം' എന്നത്. ഇരട്ട സഹോദരന്മാരെക്കുറിച്ചാണ് പ്രസ്തുത കഥ വിശദീകരിക്കുന്നത്. ഈ ഇരട്ടകളിൽ ഒരാൾ പെട്ടെന്നൊരു നാൾ മരണപ്പെടുകയാണ്. ശേഷിക്കുന്ന നാളുകളിൽ മരണത്തേക്കാൾ തീവ്രമായ വേദനയോടെ ഭാരമേറിയ ജീവിതവുമായി മല്ലിടുന്ന അപരനായ സഹോദരന്റെ ഭീതിപ്പെടുത്തുന്ന അവസ്ഥകളെയാണ് കഥ ഫോക്കസ് ചെയ്യുന്നത്. ജീവിതത്തെ പുതിയ വെളിച്ചത്തിൽ കാണിക്കാൻ ശ്രമിക്കുന്ന ചില കഥകൾ മലയാളത്തിലും പ്രത്യക്ഷമാകാറുണ്ട്. അത്തരം കഥകളെ വിശദീകരിക്കാൻ തത്വചിന്തയുടെ സഹായംകൂടിയേ തീരൂ. ആത്മാവിന്റെ ദുർബലമായ വാസസ്ഥലമാണ് മനുഷ്യമസ്തിഷ്ക്കം. അവിടെ എവിടെയാണ് സ്വപ്നത്തിന്റെ പ്രവിശ്യയെന്ന് തത്വചിന്തകർ അന്വേഷിക്കുന്നുണ്ട്. മനുഷ്യമനസ്സ് മൂല്യാഭിമുഖമാണ്. നന്മയെയും സൗന്ദര്യത്തെയും ആനന്ദത്തെയും അഭിലഷിക്കാതിരിക്കാൻ അതിന് സാധ്യമല്ല. അവിടെയാണ് ജീവിതത്തിന്റെ ചില ഖണ്ഡങ്ങളെ സ്വപ്നങ്ങളിലൂടെ നാം വീണ്ടെടുക്കുന്നത്. ഫ്രഞ്ച് എഴുത്തുകാരനായ മാഴ്സൽ എമിയുടെ 'The man who walked through walls' വിഭ്രാത്മകമായ ഒരു കഥയാണ്. ഇതിൽ പ്രവർത്തിപ്പിച്ചിരിക്കുന്നത് ബോധപൂർവം കാണുന്ന സ്വപ്നത്തിന്റെ ആവിഷ്കാരതന്ത്രങ്ങളാണ്. ഇത്തരം ഒരു ആമുഖം കുറിക്കുമ്പോൾ മുമ്പിലുള്ളത് വി. ആർ സുധീഷിന്റെ 'ഹൃദയതാരകം' എന്ന കഥയാണ്. ഈ കഥ സ്വപ്നങ്ങളിൽ തങ്ങിയിരിക്കുന്ന ചില യാഥാർഥ്യങ്ങളെയാണ് കടഞ്ഞുവയ്ക്കുന്നത്. മരണമാകുന്ന തിരശ്ശീലയ്ക്കപ്പുറം എന്തു നടക്കുന്നുവെന്നറിയാൻ നമുക്കാഗ്രഹമുണ്ടെങ്കിലും മനുഷ്യചിന്ത അക്കാര്യത്തിൽ നമ്മെ കാര്യമായി സഹായിക്കുന്നില്ല. അവിടെയാണ് സ്വപ്നം ആധിപത്യം ഏറ്റെടുക്കുന്നതും ചില അതീന്ദ്രിയ അടവുകൾ ഉപയോഗിച്ച് യാഥാർഥ്യത്തെ തൊട്ടുകാണിക്കുന്നതും. 'ഹൃദയതാരകം' എന്ന കഥ അത്തരത്തിലുള്ള ഒരു ട്രീറ്റ്മെന്റ്കൊണ്ട് കഴിഞ്ഞുപോയ കാലത്തിന്റെ ഓർമകളെ തിരികെ കൊണ്ടുവരികയാണ്. സ്വപ്നങ്ങൾ മരിച്ചുപോയ ഓർമകളുടെ വീണ്ടെടുപ്പാണെന്ന് കഥ സ്ഥാപിക്കുകയാണ്.

## ഹൃദയതാരകം ഒരു മനഃശാസ്ത്ര വായന

സ്വപ്നം ബോധത്തിന്റെ ഉള്ളിൽ ഒതുങ്ങിക്കഴിയുന്ന ഒരു പദാർഥമാണെന്ന് ലഡിസ്ളാസ് ബോറോസ് വാദിച്ചിട്ടുണ്ട്. അതു ക്രമേണ ഒരു പാൻ കോസ്മിക് റിലേഷൻഷിപ്പ് സ്ഥാപിക്കുകയും യാഥാർഥ്യങ്ങളെ കൂട്ടിക്കൊണ്ടുവരുകയും ചെയ്യും. ഇതൊരുതരത്തിലുള്ള കണ്ടുമുട്ടലും സംവാദവുമാണ്. മരണമെന്നത് പ്രപഞ്ചത്തിന്റെ അഗാധതലങ്ങളിലേക്കുള്ള ഒരവരോഹണവും സ്വപ്നം കാണാൻ ശേഷിയുള്ളവരിലേക്കുള്ള ഓരാരോഹണവുമാണ്.

www.malankaralibrary.com



കമായ ഒന്നല്ലാത്ത കാലത്തും ചിന്തയും ഇച്ഛാശക്തിയുമെല്ലാം അപദാർഥികമായിരിക്കുമ്പോഴും അവിടെ സ്വപ്നം ആധിപത്യം ചെലുത്തുകയും നാം ഓർമയിൽനിന്നും പുറത്താക്കിയവയെല്ലാം മടങ്ങിവരികയും ചെയ്യും.

മരണം ഒരു രൂപാന്തരമാണെന്നു ഗാർഡീനി നിരീക്ഷിച്ചിട്ടുണ്ട്. ഈ രൂപാന്തരം ഓർമകളെ അഴിച്ചെടുക്കും. സ്വപ്നം എന്ന ഒരു പേടകത്തിൽ വച്ച് സംശുദ്ധമാക്കപ്പെടുന്ന ഓർമ എന്ന അർഥത്തിലാണ് ഗാർഡീനി അതിനെ രൂപാന്തരീകരണം എന്നു വിളിക്കുന്നത്. ശരീരമാകുന്ന പാത്രം തകരുമ്പോഴും ചിലപ്പോൾ ഓർമകൾ പാഞ്ഞടുത്തേക്കാം.

സുധീഷിന്റെ 'ഹൃദയതാരകം' എന്ന കഥയുടെ ശരീരം ഇത്തരമൊരു തത്വചിന്തയെയാണ് നമുക്ക് പരിചിതമാക്കുന്നത്. ആത്മാവിന്റെ അറിവും ദൃഷ്ടിയും ചിലപ്പോൾ സ്വപ്നങ്ങളിലൂടെയാണ് പ്രവർത്തിക്കുന്നത്. സുധീഷ് തന്റെ കഥ ആരംഭിക്കുന്നതിങ്ങനെയാണ് – 'മരിച്ചുപോയ ഒരു പെൺകുട്ടി എന്നെ ഓർക്കുന്നതുപോലെ ഈയിടെയായി സ്വപ്നത്തിൽ തോന്നാറുണ്ട്. അവ്യക്തമായി അവൾ എന്തൊക്കെയോ എന്നോട് സംസാരിക്കുന്നുണ്ട്. അവളുടെ ആത്മഗതങ്ങൾ മായികമായി എന്നെ ബാധിക്കുന്നതുപോലെ അവളുടെ വിചാരങ്ങൾ എന്നിൽ കാണപ്പെടുന്നത് പോലെ! അവൾ എന്റെ ആരൊക്കെയോ ആയിരുന്നു.'

തോമസ് അക്വീനാസ് എന്ന തത്വചിന്തകൻ ഇത്തരം വിചാരങ്ങളെ കൊണ്ടുകെട്ടുന്നത് ആത്മാവിന്റെ ഭാഷ്യങ്ങളുമായാണ്. ആത്മാവ് ശരീരത്തിന്റെ ഫോം അഥവാ രൂപമാണെന്നും അത് സ്വത്വത്തിന്റെ പദാർഥത്തിനു രൂപം നൽകുന്ന ദാർശനിക യാഥാർഥ്യമാണെന്നും ഒക്കെയുള്ള വിചിന്തനങ്ങൾ കൈമാറുന്നു. ബുദ്ധിയുടെയും മനസ്സിന്റെയും വ്യാപാരം പാദാർഥി

## ഓർമയും സ്വപ്നവും തമ്മിലെന്ത്?

ഓർമയും സ്വപ്നവും തമ്മിൽ ചില സംഘർഷങ്ങളിൽ ഏർപ്പെടാറുണ്ട്. ഓർമ സ്വതന്ത്രമായൊരു ആഭ്യന്തരനയം സ്വീകരിക്കാത്തപ്പോൾ സ്വപ്നങ്ങൾ ദാർശനിക വൈകാരികതയായി ഉയിരെടുക്കുകയും ചില യാഥാർഥ്യങ്ങളെ ചൂണ്ടിക്കാട്ടുകയും ചെയ്യും. സുധീഷിന്റെ ഹൃദയതാരകത്തിലെ 'ഓർമ' എന്ന കഥാപാത്രം രണ്ടു ഉപകഥാപാത്രങ്ങളെ സൃഷ്ടിക്കുന്നുണ്ട്. ആ രണ്ടു ഉപകഥാപാത്രങ്ങൾ ശരീരങ്ങളല്ല, മറിച്ച് രണ്ടു കത്തുകളാണ്. ആഖ്യാതാവായ കഥാകാരന് പന്ത്രണ്ട് വയസ്സുള്ളപ്പോൾ അമ്മ ഒരു കത്ത് കൊടുത്തിട്ട് വഴിക്ക് പോസ്റ്റു ചെയ്യാൻ പറഞ്ഞു. ഇൻലൻഡിലെഴുതിയ വിലാസം കഥാകാരന്/ ആഖ്യാതാവിന് അപരിചിതമായിരുന്നു. ദൂരെ ഏതോ സ്ഥലത്തുള്ള ഒരു സ്ത്രീക്കായിരുന്നു ആ കത്ത്. ആ സ്ഥ

www.malankaralibrary.com

ലത്താണ് അച്ഛൻ അന്ന് ബാങ്കിൽ ജോലി ചെയ്തിരുന്നത്. സ്വപ്നങ്ങൾ ചിലപ്പോൾ ഓർമകളിലേക്ക് ഒരാളെ മടക്കിക്കൊണ്ടുവരും. പുതഞ്ഞുകിടക്കുന്ന യാഥാർഥ്യങ്ങളെ തൊട്ടുകാണിക്കും. ചിലപ്പോൾ ചില സൂചനകൾ തന്നിട്ട് പമ്മിയിരിക്കും. ആഖ്യാതാവ് ആ രഹസ്യങ്ങളുടെ കുരുക്കഴിക്കാനായി കത്ത് പൊളിച്ചു വായിച്ചുനോക്കി. ആ സ്ത്രീയെ കടുത്ത ഭാഷയിൽ ചീത്ത പറഞ്ഞുകൊണ്ടായിരുന്നു ആ കത്ത്. അച്ഛനുമായി അവർക്ക് രഹസ്യബന്ധമുണ്ടെന്നും അതിലൊരു കുഞ്ഞുണ്ടെന്നുമൊക്കെ പറഞ്ഞ് ആത്മഹത്യാഭീഷണി മുഴക്കിയ കത്തായിരുന്നു അത്. കൂടുതൽ കുഴപ്പങ്ങളിൽചെന്നു ചാടാതിരിക്കാൻ ആ കത്ത് കീറി തോട്ടിലെറിഞ്ഞു. ചില യാഥാർഥ്യങ്ങൾ പിടികിട്ടാപ്പുള്ളികളെപ്പോലെയാണ്. അവ ഓർമയിൽ അമർന്നുകിടക്കും. പക്ഷേ, പുറത്തേക്ക് പോകാൻ ഒരു വാതായനവും ഉണ്ടാവില്ല. അത്തരം ഓർമകളെ പുറത്തുചാടിക്കുന്നത് സ്വപ്നങ്ങളാണ്.

പക്ഷേ, ചില നേരങ്ങളിൽ ഓർമയുടെയും സ്വപ്നത്തിന്റെയും റീടേക്കുകൾ സംഭവിക്കും. അത് കൂടുതൽ അബദ്ധങ്ങളിലേക്ക് ഒരാളെ കൊണ്ടെത്തിക്കും. റിട്ടയർ ചെയ്തശേഷം സ്വസ്ഥമായി നാട്ടിലെത്തി ജീവിതം തുടരുകയാണ് അച്ഛൻ. അങ്ങനെയിരിക്കെയാണ് പോസ്റ്റുമാൻ ഒരു പോസ്റ്റുകാർഡിലെ ഓപ്പൺ കത്ത് ആഖ്യാതാവിന്റെ കൈയിൽ കൊടുക്കുന്നത്. അത് അച്ഛനുള്ളതായിരുന്നു. ഒരു കുട്ടിയുടെ കൈപ്പടയാണ്. അന്നൊരിക്കൽ അമ്മ പോസ്റ്റ് ചെയ്യാൻ തന്ന ഇൻലൻഡിന് തേടി ചെല്ലേണ്ടുന്ന സ്ഥലത്തുനിന്നാണ്. കുട്ടി മാമാ എന്നു സംബോധന ചെയ്തുകൊണ്ട് അയച്ച കാർഡിലെ ചുരുക്കം ഇതാണ് – 'ഞാൻ അഞ്ചാം ക്ലാസ്സിലെത്തി. എനിക്ക് യൂണിഫോമും പുസ്തകവും വാങ്ങാൻ പൈസ വേണം. എത്രയും പെട്ടെന്ന് മാമൻ അയച്ചുതരണം', ഒരു പെൺകുട്ടിയാണ് എഴുതിയിരിക്കുന്നത്.

സ്വപ്നവും ഓർമയും ഇവിടെ ഐക്യരൂപ്യം പ്രാപിക്കുകയാണ്. ധീരമായ ജീവിതവും ധീരമായ കലയും ഓർമകളെ സ്വപ്നങ്ങളിലൂടെ വീണ്ടെടുക്കും. ഒട്ടും അടച്ചുറപ്പില്ലാത്തതും വിഹിതമല്ലാത്തതുമായ ബന്ധങ്ങൾ ഇതിനകം സ്ഥാപിക്കപ്പെട്ടതിനെ സ്വപ്നമാണ് ആഖ്യാതാവിലേക്കെത്തിച്ചു നൽകുന്നത്. സ്വപ്നത്തിന്റെ യാഥാർഥ്യമാകാനുള്ള കഴിവിനെയാണ് സുധീഷ് കഥയിൽ പ്രവർത്തിപ്പിക്കുന്നത്. ഫിക്ഷനെ അതിജീവിക്കാനുള്ള കഥയുടെ വാശിയാണിവിടെ ഓർമയും സ്വപ്നവും.

## തീപിടിക്കാത്ത ബന്ധങ്ങളുടെ മനഃശാസ്ത്രം

കഥയിലെ ഉപകഥാപാത്രങ്ങളായ കത്തുകളുടെ വരവിന്റെയും പോക്കിന്റെയും യഥാർഥ കഥ തിരിച്ചറിയാത്തവർ ആഖ്യാതാവായ കഥാകാരന് വിവാഹാലോചന നടത്തുകയാണ്. ബന്ധങ്ങളുടെ മനഃശാസ്ത്രം മാറിവരികയാണ്. സ്നേഹത്തെ അന്വേഷിക്കുന്ന മനുഷ്യന്റെ ഒടുങ്ങാത്ത കാൽവയ്പ്പുകൾ ചെന്നെത്തുക ചില ഇഷ്ടങ്ങളിലേക്കായിരിക്കും. സ്നേഹം അനുഭവിക്കാത്തവരുടെ അത്യാർത്തിയോടെയാണ് പുതിയ കാലത്തിലെ മനുഷ്യർ ചില നിർമിത സ്നേഹബന്ധങ്ങളിൽ ചെന്നുചാടുന്നത്. ഒരാളുടെ ഹൃദയത്തിന്റെ ഭാഷയുടെ സ്വരത്തെ നിയന്ത്രിക്കുന്ന വികാരമായി ഇനി സ്നേഹത്തിനു തുടരാനാവില്ല. ഹൃദയങ്ങൾ തമ്മിൽ തീപിടിക്കുന്ന ബന്ധങ്ങൾ ഉണ്ടാകുന്നില്ല എന്നു തന്നെയാണ് സുധീഷ് അടിവരയിട്ട് ഓർമിപ്പിക്കുന്നത്. ഇവിടെ സ്നേഹം ഇതിലെ കഥാപാത്രങ്ങളായ കത്തുകൾക്കും അച്ഛനും അമ്മയ്ക്കും കത്തെഴുതിയ പെൺകുട്ടിക്കും ഒക്കെ തൊട്ടുനോക്കി ആശ്ചര്യപ്പെടാനും ലാളിക്കാനുമുള്ള കൗതുകവസ്തു മാത്രമാണ്. അത്തരം ഒരു ബോധധാരയിലേക്ക് ഹൃദയതാരകത്തിന്റെ ഗ്രാഫ് നീങ്ങുന്നത് കാണാം.

## അനുബന്ധം

അവളോട് എല്ലാം തുറന്നു പറയാമായിരുന്നുവെന്ന് ഇപ്പോൾ തോന്നുന്നുണ്ട്. ശരിക്കും പശ്ചാത്തപിക്കുന്നുണ്ട്. തൊണ്ടയിൽ അർബുദം ബാധിച്ച് ദേവനന്ദ മരിച്ചെന്ന് സുഷമയാണ് വിളിച്ചുപറഞ്ഞത്. അവസാനമായി അവളെ, എന്റെ സഹോദരിയെ കാണാൻ ഞാൻ പോയില്ല. മരിച്ചുപോയ ആ പെൺകുട്ടി എന്നെ ഓർക്കുന്നതുപോലെ ഈയിടെയായി സ്വപ്നത്തിൽ തോന്നാറുണ്ട്. – *ഹൃദയതാരകം/വി.ആർ. സുധീഷ്*

ഒരു സ്വപ്നത്തിന്റെ പശ്ചാത്തലഭംഗിയിൽ നിന്നുകൊണ്ട് അവിഹിത ബന്ധങ്ങളെയും അതിന്റെ പരിണിത ഭാരങ്ങളെയുമാണ് സുധീഷ് അനാവരണപ്പെടുത്തുന്നത്. ഇവിടെ സ്നേഹം ധീരതയുടെ കിരീടം തച്ചുടയ്ക്കുന്നതിനെയും ഒളിവു പ്രണയം കാത്തുസൂക്ഷിക്കുന്നതിനെയും അത് പിന്നീട് വിവാഹാലോചനയോളം നീളുമ്പോൾ മാത്രം യാഥാർഥ്യം മൂടി മാറ്റി പുറത്തുവരുന്നതിനെയും എത്ര കൃത്യമായാണ് സുധീഷ് വരച്ചുകാട്ടുന്നത്. കഥാകൃത്ത് ഹൃദയതാരകത്തിലൂടെ സ്വപ്നങ്ങളിൽ തങ്ങിയ യാഥാർഥ്യത്തെയാണ് ചൂണ്ടിക്കാട്ടാൻ ശ്രമിക്കുന്നത്. ■

www.malankaralibrary.com

# കടലിന്റെ കത്ത്

**കുരീപ്പുഴ ശ്രീകുമാറിന്റെ 'കടലിന്റെ കത്ത്' എന്ന കവിതയുടെ ആസ്വാദനം.**
*മാതൃഭൂമി ആഴ്ചപ്പതിപ്പ്, 2022 ഒക്ടോബർ 18*



**റവ. ഡോ. സുനിൽ ജോസ് CMI**
*സെന്റ് ജോസഫ്സ് കോളജ്, ദേവഗിരി, കോഴിക്കോട്*

ആധുനിക മലയാളകവിതയെ ശക്തിപ്പെടുത്തുന്നതിൽ കുരീപ്പുഴ ശ്രീകുമാറിന്റെ കവിതകൾ വലിയ പങ്കുവഹിച്ചിട്ടുണ്ട്. ജീവിതത്തോടും കാലത്തോടും സത്യസന്ധത പുലർത്തി സങ്കടങ്ങളും സന്തോഷങ്ങളും സ്വപ്നങ്ങളും പ്രതീക്ഷകളും നാടിന്റെ നഷ്ടസ്വപ്നങ്ങളും മോചനപ്രതീക്ഷകളും കവിതകളാക്കി കാപട്യമില്ലാത്ത ഒരു വിസ്മയലോകം തുറന്നുവയ്ക്കുകയാണ് കുരീപ്പുഴക്കവിതകൾ.

അമ്മ മലയാളം, ഉപ്പ്, പെണങ്ങുണ്ണി, രാഹുലൻ ഉറങ്ങുന്നില്ല, ശ്രീകുമാറിന്റെ ദുഃഖങ്ങൾ, ചാർവാകൻ, കീഴാളൻ, ഇഷ്ടമുടിക്കായൽ, ജെസി, നടിയുടെ രാത്രി മുതലായവയാണ് പ്രസിദ്ധ രചനകൾ. യക്ഷിയുടെ ചുരിദാർ, നരകത്തിലേക്ക് ഒരു ടിക്കറ്റ് (നഗ്നകവിതകൾ), 'ഇത്തിരി സ്നേഹമുണ്ടോ സിറിഞ്ചിൽ', 'കുരീപ്പുഴ ശ്രീകുമാറിന്റെ ലേഖനങ്ങൾ' എന്നീ ഉപന്യാസ സമാഹാരങ്ങളും പലപ്പോഴായി പ്രസിദ്ധീകരിച്ചിട്ടുണ്ട്.

ലാളിത്യത്തിന്റെ മഹത്ത്വം വിളിച്ചോതുന്ന രചനാരീതിയും പ്രതിപാദ്യവിഷയങ്ങളുടെ പ്രസക്തിയും ആകർഷണീയതയും സംഗീതത്തോടുള്ള ഇഴയടുപ്പവും കവിതാലാപന വേദികളിൽ കുരീപ്പുഴ ശ്രീകുമാറിനെ ജനകീയനാക്കി മാറ്റി. 'ജെസി' കോളജ് കാമ്പസുകളിലെ പ്രിയ കവിതയായി മാറി. 'അമ്മ മലയാളം' ജീവിത ഭാഷയെ വിറ്റുതുലക്കാനിറങ്ങിയ ഒരു തലമുറയോടുള്ള കവിയുടെ ചോദ്യശരങ്ങളുടെ ഒരു കൂമ്പാരമാണ്. അപ്രിയമായവ വിളിച്ചുപറയാനുള്ള ചങ്കൂറ്റത്തിന്റെ പ്രത്യക്ഷ ഉദാഹരണമാണ് ഈ കവിത. മനുഷ്യപുരോഗതിയുടെ ചരിത്രത്തിലെ ഏറ്റവും മഹത്തായ കണ്ടുപിടുത്തമാണ് ഭാഷ. ആശയ സംവേദനമാണ് ഭാഷയുടെ മൗലിക ധർമ്മം. ഭാഷ എന്ന വ്യവസ്ഥയുടെ ലംഘനത്താൽ മൗലികമായ ധർമ്മമാണ് നഷ്ടപ്പെടുന്നത്. അമ്മമൊഴിയായ മലയാളത്തെയോർത്തുള്ള നൈതിക ജാഗ്രതയാണ് 'അമ്മ മലയാളം.' ഒരു സംസ്കാരത്തിന്റെ വസന്തമോ ജീർണിക്കലോ ആദ്യം വെളിപ്പെടുന്നത് ഭാഷയിലാണ്. സമകാലിക ജീവിതത്തിലെ പ്രത്യക്ഷ യാഥാർഥ്യങ്ങളോടുള്ള പ്രതികരണമാണ് കുരീപ്പുഴ കവിതകൾ. ഊർദ്ധ്വൻവലിക്കുന്ന മാതൃഭാഷയുടെയും പാർശ്വവല്കരിക്കപ്പെട്ടവരുടെയും ചൂഷിതരുടെയും പക്ഷത്തുനിന്ന് എല്ലാവിധ ആധിപത്യ ശക്തികളോടും സാമൂഹിക ജീർണതകളോടും അടരാടുകയാണ് ആ കവിതകൾ.

തന്റെ കവിതകളെ നിരന്തരം നവീകരിച്ചുകൊണ്ടിരിക്കുന്ന കവിയാണ് കുരീപ്പുഴ ശ്രീകുമാർ. ഇത്തിരി വരികളിൽ ഒത്തിരി അർഥങ്ങളുമായി ചിരിയുടെയും ചിന്തയുടെയും ലോകമാണ് അദ്ദേഹത്തിന്റെ 'നഗ്നകവിതകൾ' ദൃശ്യമാക്കുന്നത്. ആദ്യകാല കവിതകളിൽനിന്ന് ഭാഷയിലും ആഖ്യാനത്തിലും മാറ്റങ്ങൾ സംഭവിക്കുന്നതിന്റെ ഭാഗമായാണ് 'നഗ്നകവിതകൾ' രൂപപ്പെട്ടത്. 1991-ലാണ് തുടക്കം. തെലുങ്ക് കവിതയിലെ ദിഗംബര കവിതാരീതിയും ഈ പേരിടലിൽ

www.malankaralibrary.com

സ്വാധീനമായിട്ടുണ്ട്. കുഞ്ഞുണ്ണിയോളം ചെറുപ്പംവേണ്ട, കുഞ്ചൻ നമ്പ്യാരോളം വലിപ്പം വേണ്ട; ഹൈക്കുവല്ല. പഴഞ്ചൊല്ലിന്റെ പത്തായമണവും കടങ്കഥയുടെ കുരുക്കുംവേണ്ട. അങ്ങനെയാണ് നഗ്നകവിതകൾ പിറന്നത്. ഓരോന്നും ഓരോ സങ്കട സന്ദർഭങ്ങളാണ്.

കവിത അസ്വസ്ഥതയും സ്വസ്ഥതയുമാകുന്ന കവി കവിതയുടെ പിറവി അധ്വാനിക്കുന്ന ജനങ്ങളിൽ നിന്നാണെന്ന് പ്രഖ്യാപിക്കുന്നു. കവിയരങ്ങുകളിലും സൗഹൃദങ്ങളിലും സാധാരണ മനുഷ്യരോടൊപ്പമാണ് കുരീപ്പുഴ. ആധുനികതയിൽനിന്ന് പുതിയ പാത വെട്ടിത്തുറക്കാൻ കവിക്ക് കഴിഞ്ഞു. ഒപ്പം പുതുകവിതകൾക്കൊപ്പം സഞ്ചരിക്കാനും.

കുരീപ്പുഴയുടെ 'കടലിന്റെ കത്ത്' എന്ന കവിത ആരംഭിക്കുന്നത്:

*'പ്രിയരേ,*
*ഇത് എന്നെയും സൂര്യനെയും കാണാനെത്തുന്ന*
*എല്ലാ കാമുകീകാമുകന്മാർക്കുമുള്ള കത്ത്'*
*എന്ന വിശേഷണത്തോടെയാണ്.*
*കത്തിൽ കടൽ പറഞ്ഞു തുടങ്ങുന്നു;*
*'ഒരു രാവിൽ*
*എല്ലാവരും പിരിഞ്ഞപ്പോൾ*
*തീരവും ഞാനും നിലാവിന്റെ നിശാവസ്ത്രം*
*ധരിച്ചപ്പോൾ*
രണ്ടു കാമുകിമാർ ഇവിടെ വന്നു'...

മലയാള സാഹിത്യത്തിൽ ഏറെ പ്രസിദ്ധമായ രണ്ടു കവിതകളിലെ നായികമാരാണ് അവർ. ചെമ്മീനിലെ കറുത്തമ്മയും രമണനിലെ ചന്ദ്രികയും.

*'കള്ളിമുണ്ടും ബ്ലൗസുമിട്ടവൾ*
*സാരിയുടുത്തവളെ നോക്കി*
*കാർക്കിച്ചു തുപ്പി.'*
*തുപ്പേറ്റു ചൂളിയവൾ പറഞ്ഞു:*
*"ഞാൻ ചന്ദ്രിക തന്നെ*
*എങ്കിലും നിന്നെപ്പോലെ രണ്ടു*
*പുരുഷന്മാരെക്കൊന്ന്*
*സ്വയം മരിച്ചില്ല'.'*

നമ്മുടെ ഓർമയിൽ ഉണരുന്നു പരീക്കുട്ടിയും പളനിയും. "അനാഥരായ ആടുകൾ ആർത്തുകരഞ്ഞപ്പോൾ കാട്ടുമരത്തിൽ കയറിൽ തൂങ്ങിയാടിയ ആ പുല്ലാങ്കുഴൽ" എന്നെഴുതി കവിത കുറുക്കുന്നു കവി. ചരിത്രം ഒറ്റ നിഴൽചിത്രമായി മാറുന്ന വരികൾ.

*'ആ ഒറ്റ കൊലകൊണ്ടുതന്നെ*
*നീ എല്ലാ പ്രണയങ്ങളെയും കൊന്നു*
*ഹാ!*
*കറുത്തമ്മ ആട്ടിയപ്പോൾ ഒരു നക്ഷത്രം*
*തിരയിലേക്ക് വീണു.*
*അപ്പോൾ*
*ഒരു മീൻപിടുത്തക്കാരന്റെയും*
*ആട്ടിടയന്റെയും അവസാന അലർച്ച*
*ഒന്നിച്ചുകേട്ടു...*
*ഞാൻ രണ്ടുപേരെയും കൂട്ടിപ്പിടിച്ചു.*
*എന്റെ പെൺമക്കളേ*
*നിങ്ങൾ രണ്ടുപേരും സ്നേഹം കൊതിച്ചവർ*
*പാവങ്ങൾ*
*ഇനിയാർക്കും ഈ അനുഭവം*
*ഉണ്ടാകാതിരിക്കട്ടെ.*
*സ്വന്തം കടലമ്മ'*

എന്ന് കത്ത് തീരുന്നു– കവിതയും. തകഴിയുടെ കറുത്തമ്മയ്ക്കും ചങ്ങമ്പുഴയുടെ ചന്ദ്രികയ്ക്കും പുതിയ അർഥവും വ്യാപ്തിയും നൽകി വായനക്കാരെ പിടിച്ചിരുത്തുന്നതാണീ കവിത. ■



www.malankaralibrary.com

# 19 (1)(a)

**വി. എസ്. ഇന്ദു രചനയും സംവിധാനവും നിർവഹിച്ചിട്ടുള്ള '19 (1) (a)' എന്ന ചിത്രമാണ് ഈ ലക്കം പരിചയപ്പെടുത്തുന്നത്. വിജയ് സേതുപതി, നിത്യ മേനോൻ, ശ്രീകാന്ത് മുരളി തുടങ്ങിയവർ മുഖ്യവേഷങ്ങളിൽ എത്തുന്നു.**



റവ. ഡോ. ബെന്നി ബനഡിക്റ്റ് CMI
*ഡയറക്ടർ, ചേതന മീഡിയ ഇൻസ്റ്റിറ്റ്യൂട്ട്, തൃശ്ശൂർ*

ഓരോ പൗരനും ആശയാവിഷ്കാര സ്വാതന്ത്ര്യം ഉറപ്പു വരുത്തുന്ന ഇന്ത്യൻ ഭരണഘടനയുടെ വകുപ്പാണ് 19 (1) (a). ഒരു സിനിമയുടെ ശീർഷകമായി രണ്ടുമൂന്ന് അക്കങ്ങളും അക്ഷരങ്ങളും മാത്രം കാണുമ്പോൾ തന്നെ നമ്മുടെ മനസ്സിൽ ഉയരുന്നൊരു ചിന്ത ഈ ചിത്രത്തിന് എന്തെങ്കിലും പ്രത്യേകതകൾ ഉണ്ടാവും എന്നാവും. ശരിയാണ്, കാലികവും രാഷ്ട്രീയ പ്രസക്തിയുമുള്ള പ്രമേയം, അതോടൊപ്പം ഏറെ മേന്മയർഹിക്കുന്നത് ഈ സിനിമയിലെ ട്രീറ്റ്മെന്റും അഭിനയത്തികവും.

ഒട്ടും ബഹളം വയ്ക്കാതെ ആഴങ്ങളിലേക്കിറങ്ങി രാഷ്ട്രീയ-സാമൂഹ്യ യാഥാർഥ്യങ്ങളെ വിശകലനം ചെയ്യുന്ന ശൈലി പരിചയസമ്പന്നരായ സംവിധായകരിൽ നിന്നാണ് പൊതുവെ പ്രതീക്ഷിക്കാൻ കഴിയുക. പക്ഷേ, 19 (1) (a) യുടെ സംവിധായക വി. എസ്. ഇന്ദു ആദ്യചിത്രത്തിൽ തന്നെ ഈ നിലയിലൊരു പ്രാഗല്ഭ്യമാണ് തെളിയിച്ചിരിക്കുന്നത്.

പൊതുസമൂഹം നാവടക്കി അനീതിയും അടിച്ചമർത്തലും എല്ലാം നിശബ്ദമായി സഹിക്കുകയും പൊറുക്കുകയും പൊറുപ്പിക്കുകയും ചെയ്യുന്ന ഈ കാലത്തു നിശ്ശബ്ദയായിരിക്കാൻ കഴിയുകയില്ല എന്ന് ഒരു പെൺകുട്ടി തീരുമാനിക്കുന്നിടത്താണ് സിനിമയുടെ കഥാതന്തു ജന്മമെടുക്കുന്നത്. നിത്യ മേനോൻ അവതരിപ്പിക്കുന്ന ഈ നായികാ കഥാപാത്രത്തിന് പേരിട്ടിട്ടില്ല. അത് സംവിധായികയുടെ മനഃപൂർവമുള്ള തീരുമാനമാണ്. ചിത്രത്തിന്റെ തുടക്കത്തിൽ അവൾ ആരുമല്ല, പഠിപ്പും ബുദ്ധിയുമുള്ള ഒരു സാധാരണ ചെറുപ്പക്കാരി. പക്ഷേ, സാഹചര്യങ്ങൾ കൊണ്ട് വളരെ നിശബ്ദ ജീവിതമാണവൾ നയിച്ച് പോരുന്നത്. എപ്പോഴും മനസ്സ് തുറക്കാൻ ഒരേ ഒരു കൂട്ടുകാരി മാത്രം. എന്നാൽ സമൂഹം പ്രതികരണശേഷി നഷ്ടപ്പെട്ടു നിശബ്ദമായിരിക്കുന്നു എന്ന് ബോധ്യമാവുമ്പോൾ അവൾ 'രാഷ്ട്രീയ' പ്രവർത്തനത്തിലേക്കു കടക്കുന്നു, അവളുടേതായ രീതിയിൽ. അതുണ്ടാക്കുന്ന പ്രത്യാഘാതങ്ങളുടെ ഫലം അവളെ കാത്തിരിക്കുന്നു എന്ന സൂചനയോടെയാണ് സിനിമ അവസാനിക്കുന്നത്.

പലതരം 'രാഷ്ട്രീയ സിനിമകൾ' മലയാളി പ്രേക്ഷകർ കണ്ടു കഴിഞ്ഞു. 'പുരോഗമന' രാഷ്ട്രീയവും വിപ്ലവവും സ്വപ്നം കണ്ട എഴുപതുകളിലെ 'സമാന്തര സിനിമ'കളും മുഖ്യധാരാ സമൂഹം കൊട്ടിഘോഷിക്കാറുള്ള ഏറെ വീറും വാശിയും ഉള്ള സിനിമകളും എല്ലാം രാഷ്ട്രീയം 'പറയുന്ന' സിനിമകളാണ്. എന്നാൽ ഇന്ദുവിന്റെ സിനിമയുടെ രാഷ്ട്രീയം സിനിമക്കുള്ളിലാണ്, അതിന്റെ ഓരോ അണുവിലും.

അച്ഛന് (ശ്രീകാന്ത് മുരളി) പകരം ഫോട്ടോസ്റ്റാറ്റ് കട ഏറ്റെടുത്തു നടത്തുന്ന നായികയുടെ ജീവിതത്തിലേക്ക് ഒരുദിവസം അപ്രതീക്ഷിതമായി കടയിൽ കോപ്പിയെടുക്കാൻ ഗൗരിശങ്കർ (വിജയ് സേതുപതി) എന്ന എഴുത്തുകാരൻ കടന്നു വരികയാണ്. അയാൾ ആരാണെന്നോ കോപ്പിയെടുക്കാൻ അയാൾ ഏൽപ്പിക്കുന്ന കടലാസുകെട്ടു ഏറെ വിവാ


www.malankaralibrary.com

ദമുണ്ടാക്കാനിരിക്കുന്ന 'കറുപ്പ്' എന്ന അയാളുടെ ഏറ്റവും പുതിയ നോവലിന്റെ കൈയെഴുത്തു പ്രതിയാണെന്നോ അവൾക്കറിയില്ല. 'ഫോട്ടോകോപ്പി വാങ്ങാൻ മടങ്ങി വരാം, എല്ലാം നിങ്ങളുടെ ഇഷ്ടം പോലെ ചെയ്യൂ' എന്ന് പറഞ്ഞു അൽപ്പം നീണ്ട യാത്ര പോയ ഗൗരിശങ്കർ പക്ഷേ, തിരിച്ചെത്തുന്നില്ല. അവൾ അയാളെ കാത്തു പാതിരാവരെ കടയിലിരിക്കുന്നു. രണ്ടു ദിവസം കഴിഞ്ഞു ചാനൽ വാർത്തയിലാണ് അയാൾ വലിയൊരു എഴുത്തുകാരൻ ആണെന്നും ബൈക്കിൽ എത്തിയ അജ്ഞാതരുടെ വെടിയേറ്റ് അദ്ദേഹം മരണമടഞ്ഞു എന്നും പെൺകുട്ടി മനസ്സിലാക്കുന്നത്. ആ വാർത്ത ഞെട്ടലോടെയാണ് അവൾ സ്വീകരിക്കുന്നത്, തനിക്കു ഏറ്റവും പ്രിയപ്പെട്ട ആരോ ഒരാൾ പെട്ടെന്ന് വേർപിരിഞ്ഞു പോയതു പോലെ.

ലോകസിനിമകളിൽ മിക്കയിടങ്ങളിലും രാഷ്ട്രീയത്തിനു പ്രാമുഖ്യമുള്ള ചിത്രങ്ങളിൽ വിപ്ലവ നായകന്റെ ഒപ്പം, അയാളുടെ നിഴൽപോലെ കൂടെ നിന്ന് പൊരുതുന്ന നായകന്റെ പ്രണയിനി ആയാണ് നായികയെ അവതരിപ്പിക്കാറ്. എന്നാൽ ഈ ചിത്രത്തിൽ അങ്ങനെയൊരു സങ്കല്പമേയില്ല. ഗൗരിശങ്കർ തന്റെ തൂലികയിലൂടെ കൊണ്ടുവരുന്ന വിപ്ലവം വ്യവസ്ഥാപിത രീതികളിൽ നിന്ന് വളരെ വ്യത്യസ്തമാണുതാനും. സൂക്ഷ്മാംശങ്ങളിലേക്കു കടന്നു കൊണ്ട് എല്ലാ മനുഷ്യരെയും മാനിക്കുന്ന എല്ലാ ജീവജാലങ്ങളോടും കരുതൽ പുലർത്തുന്ന സ്നേഹത്തിന്റെ തത്വശാസ്ത്രമാണ് ഗൗരിശങ്കറിന്റെ വിപ്ലവം. ജാതിയുടെയും നിറത്തിന്റെയും മതത്തിന്റെയും വ്യത്യസ്ത രാഷ്ട്രീയ നിലപാടുകളുടെയും പേരിൽ ഭരണകൂടമോ പൊതുസമൂഹമോ വ്യക്തികളുടെ വായടപ്പിക്കുന്നുണ്ടെങ്കിൽ ഗൗരിശങ്കർ എന്ന എഴുത്തുകാരൻ ആരെയും ഭയക്കാതെ അവിടെ ഇടപെടുക തന്നെ ചെയ്യും. പ്രസിദ്ധീകരിക്കാതെ പോയ 'കറുപ്പ് ' എന്ന തന്റെ അവസാന നോവലിൽ ഗൗരിശങ്കർ വിമർശനത്തിന്റെ കുന്തമുനയിൽ നിർത്തുന്നത് നമ്മുടെ രാജ്യത്തെ ചീഞ്ഞളിഞ്ഞ ജാതിവ്യവസ്ഥയെയും പരിഷ്കൃത സമൂഹങ്ങൾക്കിടയിലും അഭ്യസ്തവിദ്യരായ മാന്യന്മാർ വച്ചുപുലർത്തുന്ന ഉച്ചനീചത്വങ്ങളെയുമാണ്.

ഗൗരിയിലേക്കു ആകർഷിതയാകുന്ന പെൺകുട്ടിയെ അയാളിലേക്ക് അടുപ്പിക്കുന്നത് പ്രധാനമായും അയാൾ നിലകൊണ്ട ആശയങ്ങളാണ്. ധീരമായ ആ നിലപാടുകൾ അവൾക്കു പ്രചോദനമാകുന്നത് അതുവരെ വിരസമായി ഒഴുകിക്കൊണ്ടിരുന്ന അവളുടെ ജീവിതത്തിനു ഗൗരിയുടെ വാക്കും വ്യക്തിത്വവും പുതിയൊരു അർഥവും സ്വത്വബോധവും കൊടുക്കുന്നു എന്നതുകൊണ്ടാണ്. ഗൗരിയെ അവൾ നേരിൽ കണ്ടിട്ടുള്ളത് ഒരേ ഒരു തവണ മാത്രം; പക്ഷേ, അയാളുടെ എഴുത്തുകളിലൂടെ, മറ്റുള്ളവർ പറഞ്ഞുള്ള കേട്ടറിവുകളിലൂടെ, ഭാവനയുടെ ചിറകിലേറി അയാളെക്കുറിച്ചുള്ള ഓർമകളിലൂടെ

www.malankaralibrary.com

അവൾ സഞ്ചാരം തുടങ്ങുന്നു. അവൾക്കു മുന്നിൽ ഭൂത–ഭാവി–വർത്തമാന കാലങ്ങൾ ഇഴചേർന്ന് കൂടിക്കുഴയുന്നു. അതുവരെ ഒരു കാര്യത്തിലും ഇടപെടാതിരുന്ന അവൾ ഇനിയും നിശ്ശബ്ദയായിരിക്കാൻ ആവില്ല എന്ന് മനസ്സിൽ തീരുമാനമെടുക്കുകയാണ്. അവളുടെ അന്തരംഗത്തിൽ മനസ്സാക്ഷിയുടെ സ്വരം അവൾ കേൾക്കുന്നതോടൊപ്പം ദുഃസ്വപ്നങ്ങളിൽ ഗൗരിയുടെ ഘാതകർ തന്നെയും വധിക്കാൻ എത്തുന്നത് കണ്ടു അവൾ ഞെട്ടിയുണരുന്നുണ്ട്, ഇടയ്ക്കിടെ. ഗൗരി വധിക്കപ്പെട്ട ശേഷം സാമൂഹ്യ പ്രവർത്തകരും, കലാ–സാംസ്കാരിക പ്രവർത്തകരും, മാധ്യമങ്ങളും പ്രതിഷേധവുമായി മുന്നോട്ടു വന്ന് അയാളുടെ ഘാതകരെ അറസ്റ്റ് ചെയ്യാൻ മുറവിളികൾ നിരന്തരമുയർത്തുന്നുണ്ട്. ഇതെല്ലാം വീക്ഷിച്ചു കൂടെ നിൽക്കുന്ന പെൺകുട്ടി തനിക്കു മാത്രം കഴിയുന്ന രീതിയിൽ അനീതികൾക്കും അസ്വാതന്ത്ര്യങ്ങൾക്കും എതിരെ പ്രതികരിക്കാൻ ഗൗരിശങ്കർ മുന്നോട്ടുവച്ച വിപ്ലവകരമായ സമൂഹമാറ്റത്തിന്റെ ആശയങ്ങൾക്ക് തുടർച്ച ഉണ്ടാകുവാൻ, അതിൽ തന്റേതായ പങ്കു വഹിക്കാൻ തയ്യാറെടുക്കുകയാണ്. അയാളുടേതിന് തുല്യമായ ഭാഗധേയം അവളും ഏറ്റെടുക്കുന്നു.

അതുവരെ ജീവിച്ച താളം നിലച്ചതുപോലൊരു ജീവിതം ഒരിക്കലും അവളുടെ തിരഞ്ഞെടുപ്പായിരുന്നില്ല. ഉത്തരവാദിത്വങ്ങളിൽ നിന്നൊഴിഞ്ഞു മാറി സമയംകൊല്ലി ജീവിതം നയിച്ചിരുന്ന അവളുടെ അച്ഛനെയാണ് ഇക്കാര്യത്തിൽ ഏറ്റവും ഉത്തരവാദിയായി കാണേണ്ടത്. ഇതിൽ നിന്നും ഒട്ടും വ്യത്യസ്തമല്ല മുസ്ലീം സമുദായത്തിൽപ്പെട്ട അവളുടെ കൂട്ടുകാരിയുടെ ജീവിതത്തിൽ വീട്ടുകാരെടുക്കുന്ന തീരുമാനങ്ങൾ. ആ തീരുമാനങ്ങളിലൊന്നും സ്ത്രീയുടെ വ്യക്തിത്വത്തെയും സ്വതന്ത്ര സ്വത്വത്തെയും മാനിക്കുന്ന നിലപാടുകളൊന്നും ഒരിക്കലുമില്ല. ഒരു വശത്തു ഭരണകൂടം പൗരന്മാരുടെ മൗലികാവകാശങ്ങളെ നിഷേധിച്ചു, പ്രത്യേകിച്ച് ഭരണാധികാരികളെ വിമർശിക്കുന്ന സ്വതന്ത്ര ചിന്തകരെയും കലാ–സാംസ്കാരിക പ്രവർത്തകരേയും വ്യത്യസ്ത രാഷ്ട്രീയ ചേരിയിൽ നിൽക്കുന്നവരെയും നിശ്ശബ്ദരാക്കാൻവേണ്ടി ഭരണഘടനയെത്തന്നെ അട്ടിമറിക്കുമ്പോൾ നാമെന്തു പറയും?

ജോലിയൊന്നും ചെയ്യാതെ വീട്ടിലിരുന്നു ഒരു ദിവസം പോലും മുടങ്ങാതെ പെൺകുട്ടിയുടെ അച്ഛൻ കാണുന്ന ടീവി സീരിയലിന്റെ പേര് അവളും കൂട്ടുകാരിയും കൂടി പരിഹാസത്തോടെ പറഞ്ഞു ചിരിക്കുന്നുണ്ട്; 'പരിതാപകരം' എന്നാണ് ആ സീരിയലിനു പേര്. ആ വാക്ക്, ധ്വനിയോടെ ചിത്രത്തിൽ ആവർത്തിച്ചു വരുമ്പോൾ നമ്മൾ മനസ്സിലാക്കുന്നു ആ വാക്ക് സംവിധായികയുടെ തിരഞ്ഞെടുപ്പാണ്. നിലനിൽക്കുന്ന സാമൂഹ്യ വ്യവസ്ഥിതിയിൽ ഒരു വീടിന്റെയോ കുറെ കുടുംബങ്ങളുടെയോ അവസ്ഥയല്ല, മറിച്ച് ഒരു ജനാധിപത്യ രാജ്യം ചെന്നെത്തിനിൽക്കുന്ന ഗതികേടിനെയാണ് 'പരിതാപകരം' എന്ന് ഈ ചിത്രം വിശേഷിപ്പിക്കുന്നത്. ഇന്ദു ഈ ചിത്രത്തിൽ നടത്തിയിട്ടുള്ള ഓരോ തിരഞ്ഞെടുപ്പും ഓരോ വാക്കും വെറുതെയായില്ല. ഏതെങ്കിലും രാഷ്ട്രീയ നേതാവിനോ പാർട്ടിക്കോ എതിരായല്ല ഈ സിനിമയുടെ രാഷ്ട്രീയം; മറിച്ചു സൂചനകളിലൂടെ, സംവിധായിക പരിസ്ഥിതിയുടെയും ലിംഗനീതിയുടെയും അസമത്വങ്ങളുടെയും രാഷ്ട്രീയം സൂക്ഷ്മ തലത്തിൽ വിശകലനം ചെയ്യുന്നുണ്ട്. നായക കഥാപാത്രത്തിന്റെ പേരും (ഗൗരി ശങ്കർ), അയാൾ മുഖമില്ലാത്ത പ്രതിയോഗികളിൽ നിന്ന് ഏറ്റുവാങ്ങുന്ന ദുർവിധിയും വ്യക്തമായും സമീപകാല ഇന്ത്യയിൽ സമാന ദുര്യോഗങ്ങൾ ഏറ്റുവാങ്ങിയ ഗൗരി ലങ്കേഷ്, കൽബുർഗി, പെരുമാൾ മുരുഗൻ തുടങ്ങിയ സർഗാത്മക പ്രതിഭകളെ ഓർമിപ്പിക്കുന്നുണ്ട്.

രചനയിലും സംവിധാനത്തിലും വി. എസ്. ഇന്ദു പുലർത്തുന്ന മിതത്വത്തിന്റെ ശൈലിയിൽ പക്ഷേ, ഭാരതീയ സൗന്ദര്യ ശാസ്ത്രത്തിലെ കരുത്തേറിയ 'ധ്വനി'യുടെ സങ്കേതം കാര്യമായി പ്രയോഗിക്കുന്നുണ്ട്. സംഭാഷണങ്ങൾക്കുള്ളിൽ ഒളിപ്പിച്ചുവച്ച്, പറയാതെ പറയുന്ന (സജെസ്റ്റീവ്) വാക്കുകളുടെ അർഥതലങ്ങൾ ആഴത്തിലേക്കിറങ്ങുന്ന ആസ്വാദകർ കണ്ടെത്തും എന്നുറപ്പാണ്. ഈ വർത്തമാന കാലത്ത്, നമ്മുടെ രാജ്യത്തു കലാകാരന്മാരും എഴുത്തുകാരും കൂടുതലായി ധ്വനിയെ ആശ്രയിക്കേണ്ടിയിരിക്കുന്നു എന്ന സൂചന ഈ ചിത്രം നൽകുന്നുണ്ട്. പുതിയ കാലത്തെ രാഷ്ട്രീയപ്രവർത്തനം പ്രതികരണത്തിന്റെ രാഷ്ട്രീയമാകണം. അനീതിക്കും അസത്യത്തിനും എതിരെയുള്ള ധീരമായ പ്രതികരണം. അത് നേതാക്കൾക്ക് വേണ്ടി മാറ്റിവയ്ക്കാനുള്ളതല്ല. ഭരണകൂടവും നേതാക്കളും മാധ്യമങ്ങളും സത്യംപറയാതെ, പറയുന്നു എന്ന വെറും തോന്നൽ മാത്രം സൃഷ്ടിക്കുന്ന സത്യാനന്തര (പോസ്റ്റ് ട്രൂത്ത്) കാലത്താണ് നമ്മൾ ജീവിക്കുന്നത്. ഈ കാലത്തു എല്ലാവരും നിശ്ശബ്ദരാകുമ്പോൾ പിന്നെ ശബ്ദിക്കേണ്ടത് നമ്മൾ സാധാരണക്കാരാണ്; ശബ്ദിച്ചേ മതിയാവൂ! ■

www.malankaralibrary.com

## ആലപ്പുഴ രൂപത സുപ്രസിദ്ധ മരിയൻ തീർത്ഥാടനകേന്ദ്രം
## തുമ്പോളി സെന്റ് തോമസ് ദൈവാലയത്തിൽ
## പരിശുദ്ധ അമലോത്ഭവ മാതാവിന്റെ
# ദർശനതിരുനാൾ

**2022 നവംബർ 28 മുതൽ ഡിസംബർ 15 വരെ**



**പ്രധാന തിരുനാൾ ദിനം ഡിസംബർ 8 വ്യാഴം**

**എട്ടാമിടം ഡിസംബർ 15 വ്യാഴം**

പരിശുദ്ധ തുമ്പോളി മാതാവിന്റെ തീർത്ഥാടന സവിധത്തിലേക്ക് ഏവർക്കും സ്വാഗതം.

ഫാ. സിജു പി. ജോബ് പള്ളിപ്പറമ്പിൽ (വികാരി) ഫാ. ജാക്സൺ (സഹവികാരി)

## ST. THOMAS CHURCH (DIOCESE OF ALLEPPEY)

Thumpoly P.O, Alappuzha - 688 008, Phone: 0477 - 2964959

Date of Publication: 13.11.2022 / Karunikan Monthly RNI No. KERMAL/2007/19623 Registered KL/EKM/729/2021-23
Licence No. KL/CR/EKM/WPP-17/2021-23 Licensed to Post Without Prepayment **Total Pages 52**

www.malankaralibrary.com


# പ്രശസ്ത തീർത്ഥാടനകേന്ദ്രമായ തിരുവനന്തപുരം, വെട്ടുകാട്

# മാദ്രെ ദെ ദേവൂസ് ദേവാലയത്തിൽ

# ക്രിസ്തുരാജത്വ തിരുനാൾ മഹോത്സവം



**2022 നവംബർ 11 വെള്ളി മുതൽ 20 ഞായർ വരെ**

2022 നവംബർ 11 വെള്ളി വൈകിട്ട് 4.30 ന്: പൊന്തിഫിക്കൽ ദിവ്യബലി
മുഖ്യകാർമികൻ: **റൈറ്റ് റവ. ഡോ. സ്റ്റാൻലി റോമൻ**
( ബിഷപ് എമരിത്തൂസ്, കൊല്ലം രൂപത )

6.30 ന്: തിരുനാൾ കൊടിയേറ്റ് – റവ. ഡോ. ജോർജ് ഗോമസ് (വികാരി)

2022 നവംബർ 13 ഞായർ രാവിലെ 10.00ന് : പൊന്തിഫിക്കൽ ദിവ്യബലി
മുഖ്യകാർമികൻ: **മോറോൻ മോർ ബസേലിയോസ് കർദിനാൾ ക്ലീമിസ് കാതോലിക്കാ ബാവ**
( മേജർ ആർച്ച്ബിഷപ് തിരു. മലങ്കര അതിരൂപത )

2022 നവംബർ 18 വെള്ളി വൈകിട്ട് 5.30ന് : പൊന്തിഫിക്കൽ ദിവ്യബലി
മുഖ്യകാർമികൻ: **റൈറ്റ് റവ. ഡോ. ക്രിസ്തുദാസ് ആർ.**
( സഹായമെത്രാൻ, തിരു. ലത്തീൻ അതിരൂപത ))

2022 നവംബർ 20 ഞായർ വൈകിട്ട് 5.30ന്: പൊന്തിഫിക്കൽ ദിവ്യബലി
മുഖ്യകാർമികൻ: **മോസ്റ്റ് റവ. ഡോ. തോമസ് ജെ. നെറ്റോ**
( ആർച്ച്ബിഷപ്, തിരു. ലത്തീൻ അതിരൂപത )



**തീർത്ഥാടനകേന്ദ്രത്തിലേക്ക് എവർക്കും സ്വാഗതം**

# MADRE DE DEUS CHURCH

(Archdiocese of Trivandrum)

Vettucaud, Titanium P.O, Trivandrum - 695 021, Ph: 0471-2503067, 2500143


Printed, Edited and Published by Fr. Jacob Naluparayil, MCBS House, Perumanoor P.O., Kochi - 682 015, Ernakulam Dt.
Printed at Viani Printings, Kochi - 682 018, Kerala; Chief Editor : Fr. M. Koottumkal MCBS